# അൽ വജീസ്

## ഇസ്‌ലാമിക പഠനത്തിന് ഒരാമുഖം

പുതു മുസ്ലിം പാഠ്യ പദ്ധതി

Osoul Center
www.osoulcenter.com

# അൽ വജീസ്

## ഇസ്‌ലാമിക പഠനത്തിന് ഒരാമുഖം

പുതു മുസ്ലിം പാഠ്യ പദ്ധതി

مركز أصول
Osoul Center
www.osoulcenter.com

ح جمعية الدعوة والإرشاد وتوعية الجاليات بالربوة ، 1447 هـ

أصول ، مركز

الوجيـز: تعليـم صفـي للمسـلم الجديـد باللغـة الماليالـم. / مركـز أصـول - ط1. .- الريـاض ، 1447 هـ

124 ص ؛ 29.7 x 21 سم

رقم الإيداع: 1447/6181
ردمك: 978-603-8545-14-0

Osoul Center
www.osoulcenter.com

■ ഉസൂൽ സെന്റർ ആണ് ഈ പ്രസിദ്ധീകരണത്തിന്റെ രൂപകൽപന നിർവഹിച്ച് ഇത് തയ്യാറാക്കിയത്.

■ ഉറവിടം സൂചിപ്പിച്ച് കൊണ്ടും ഉള്ളടക്കം മാറ്റാതെയും ഈ പ്രസിദ്ധീകരണം അച്ചടിക്കാനും ഏത് വിധേനെയും പ്രചരിപ്പിക്കാനും ഉസൂൽ സെന്റർ അനുവാദം നൽകുന്നു.

■ അച്ചടിക്കുമ്പോൾ ഉസൂൽ സെന്റർ അംഗീകരിച്ച ഗുണനിലവാര മാനദണ്ഡങ്ങൾ നിർബന്ധമായും പാലിക്കേണ്ടതാണ്.

بسم الله الرحمن الرحيم

# ആമുഖം

നമ്മെ ഇസ്‌ലാമിലേക്ക് വഴി നടത്തുകയും അതുവഴി സമാധാനത്തിന്റെ മാർഗം നമുക്ക് കാണിച്ച് തരികയും മനുഷ്യരിൽ ഏറ്റവും ഉത്തമനായ വ്യക്തിയെ ദൈവ ദൂതനായി നമ്മിലേക്ക് നിയോഗിക്കുകയും ചെയ്ത അല്ലാഹുവിനാകുന്നു സർവ സ്തുതിയും. പരിശുദ്ധ നബി(സ)യിലും അവിടുത്തെ കുടുംബത്തിലും അനുചരന്മാരിലും അല്ലാഹുവിന്റെ ശാന്തിയും സമാധാനവും സദാ വർഷിക്കുമാറാകട്ടെ.

സത്യമതമായ ഇസ്‌ലാമിനെ പരിചയപ്പെടുത്തുകയും അതിന്റെ വൈജ്ഞാനികവും പ്രവർത്തനപരവുമായ ആവശ്യകതകൾ വിശദീകരിക്കുകയും ചെയ്യുന്ന ഈ പാഠ്യപദ്ധതി നിങ്ങൾക്കായി അവതരിപ്പിക്കുന്നതിൽ ഞങ്ങൾ സന്തുഷ്ടരാണ്. നിങ്ങളുടെ മതത്തെ കുറിച്ച് അറിയുന്നതിനും ഇസ്‌ലാമിക ആചാരങ്ങൾ അനുഷ്ഠിക്കുന്നതിനും നിങ്ങളെ സഹായിക്കുന്നതിനുള്ള താക്കോലായി ഇത് മാറട്ടെ എന്ന് ഞങ്ങൾ ആഗ്രഹിക്കുന്നു.

ഈ പാഠ്യപദ്ധതി നിങ്ങൾക്കായി നൽകുന്നത് ;

1. ഇസ്ലാം മതത്തെക്കുറിച്ചും അതിന്റെ ഏറ്റവും പ്രധാനപ്പെട്ട വിഷയങ്ങളെക്കുറിച്ചും ഹ്യസ്വ വിശദീകരണം.

2. വിശുദ്ധ ഖുർആനിനെ കുറിച്ച് പൊതുവായ ഒരു കാഴ്ചപ്പാട് നൽകുന്നതോടൊപ്പം ചില ചെറിയ സൂറത്തുകളുടെ അർത്ഥം വിശദീകരിക്കുകയും ചെയ്യുന്നു.

3. നിർബന്ധമായ ആരാധനകളുടെ വിധി വിലക്കുകളെ കുറിച്ചുള്ള ലഘു വിശദീകരണം.

4. ഇസ്‌ലാമിലെ ഇടപാടുകൾ, ആചാരങ്ങൾ, പെരുമാറ്റ രീതികൾ എന്നിവയുമായി ബന്ധപ്പെട്ടുള്ള ഏറ്റവും പ്രധാനപ്പെട്ട വിധികളുടെ ഹ്യസ്വ വിശദീകരണം.

ഓരോ യുണിറ്റിനും ആറ് ദിവസങ്ങൾ ലഭിക്കുന്ന രൂപത്തിലുള്ള ഒരു പാഠ്യ പദ്ധതി പ്രകാരമാണ് ഇതിലെ യൂണിറ്റുകൾ വിഭജിക്കപ്പെട്ടിട്ടുള്ളത്, അതോടൊപ്പം ഓരോ പാഠത്തിന്റെയും ദൈർഘ്യവും നിശ്ചയിക്കപ്പെട്ടിട്ടുണ്ട് ഓരോ യൂണിറ്റിന്റെയും അവസാനത്തെ മൂല്യനിർണ്ണയ ചോദ്യങ്ങൾക്ക് പുറമേ, പഠിതാവിന് വിവരങ്ങൾ മനഃപാഠമാക്കാനും മനസ്സിലാക്കാനും സഹായിക്കുന്ന നിരവധി പ്രവർത്തനങ്ങളും അഭ്യാസങ്ങളും ഉൾപ്പെടുന്ന ഒരു പഠന രീതിയിലാണ് കോഴ്സ് സംവിധാനിച്ചിട്ടുള്ളത്. ഒരു നവാഗത മുസ്ലിമിന്റെ വിദ്യാഭ്യാസ പ്രക്രിയ മെച്ചപ്പെടുത്തുന്നതിനും കോഴ്സ് മനസ്സിലാക്കാൻ സഹായിക്കുന്നതിനും ഉദ്ദേശിച്ചുള്ള നിരവധി സൂചകങ്ങൾ ഈ കോഴ്സിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അവ താഴെ പറയും വിധമാണ്;

ഈ നിറം ഈ വിവരങ്ങളുടെ പ്രാധാന്യത്തേയും പാഠത്തിന്റെ അവസാനം അനുബന്ധ ചോദ്യത്തിന്റെ സാധ്യതയും സൂചിപ്പിക്കുന്നു.



ഈ കുറിപ്പ് ഉദ്ദരണിയിൽ പ്രത്യക്ഷപ്പെടുന്ന ഒരു പദത്തിന്റെ നിർവചനവും വിശദീകരണവും സൂചിപ്പിക്കുന്നു.

ചർച്ച ചെയ്യുക



ഈ ഖണ്ഡിക അധ്യാപകനും വിദ്യാർത്ഥിയും തമ്മിലുള്ള ചർച്ചാ വിഷയത്തെ സൂചിപ്പിക്കുന്നു, ഈ വിഷയം വിദ്യാർത്ഥിയുടെ ചിന്താശേഷിയും യുക്തിയും വികസിപ്പിക്കാൻ ലക്ഷ്യമിടുന്നു.



വിശദമായ പഠനത്തിന്

പാഠ വിഷയത്തിൽ കൂടുതൽ പഠനത്തിനായി ഉസൂൽ സെന്റർ ഒരുക്കിയ പഠന സാമഗ്രികൾ.

അഭ്യാസം



ചിന്ത, അന്വേഷിച്ച് കണ്ടെത്തൽ, അല്ലെങ്കിൽ മനഃപാഠമാക്കൽ എന്നിവയെ അടിസ്ഥാനമാക്കിയുള്ള ഒരു പരിശീലന പ്രവർത്തനം ഇതിൽ അടങ്ങിയിരിക്കുന്നു.

**ആസ്വാദ്യകരമായ ഈ പഠന പദ്ധതിയിലേക്ക് നിങ്ങൾക്ക് ഹാർദ്ദമായ സ്വാഗതം...**

# പഠന രൂപരേഖ

| സെഷൻ | പഠന ഭാഗങ്ങൾ | സമയം |
|---|---|---|
| | **ഒന്നാം ദിവസം** | |
| **ഒന്നാം സെഷൻ** | ആമുഖങ്ങൾ<br>1. പരിചയപ്പെടുത്തലുകളും ഉണർത്തലുകളും<br>2. അസ്തിത്വപരമായ ചോദ്യങ്ങൾ: (നാം ആരാണ് ? എവിടേക്കാണ് നാം പോകേണ്ടത്)<br>3. ഹിദായത്ത് (സന്മാർഗ ദർശനം) എന്ന അനുഗ്രഹം. | **10** മിനിറ്റ് |
| | ഇസ്‌ലാം:<br>1. എന്താണ് ഇസ്‌ലാം?<br>2. എന്ത് കൊണ്ട് ഇസ്‌ലാം?<br>3. ഇസ്ലാമിന്റെ സാർവലൗകികത<br>4. ഇസ്‌ലാം കഴിഞ്ഞു പോയ പാപങ്ങൾ പൊറുക്കുന്നു.<br>5. ഇസ്ലാമാണ് അന്തിമ മതം<br>6. മുഹമ്മദ് നബി(സ)യുടെ പ്രവാചകത്വം<br>7. ഇസ്ലാമിലെ ശ്രേഷ്ഠതയുടെ മാനദണ്ഡം<br>8. മതം പഠിക്കുക, ഇസ്‌ലാം കാര്യങ്ങൾ | **30** മിനിറ്റ് |
| | എങ്ങനെ ഞാൻ മുസ്‌ലിമാകും? :<br>1. രണ്ട് സാക്ഷ്യ വാക്യങ്ങൾ<br>2. രണ്ട് സാക്ഷ്യ വാക്യങ്ങളുടെ ആശയം<br>3. രണ്ട് സാക്ഷ്യ വാക്യങ്ങളുടെ അനിവാര്യത | **20** മിനിറ്റ് |
| | **വിശ്രമം** | |
| **രണ്ടാം സെഷൻ** | ഞാൻ എങ്ങനെ വുദു ചെയ്യും ? (പ്രാക്ടിക്കൽ) | **20** മിനിറ്റ് |
| | ഞാൻ എങ്ങനെ നമസ്കരിക്കും ? (പ്രാക്ടിക്കൽ) | **20** മിനിറ്റ് |
| | സൂറത്തുൽ ഫാത്തിഹ മനഃപാഠമാക്കുകയും അതിന്റെ ആശയം മനസ്സിലാക്കുകയും ചെയ്യുക. | **20** മിനിറ്റ് |

ഒന്നാം ദിവസത്തെ കുറിപ്പുകൾ

..................................................

..................................................

..................................................

..................................................

..................................................

| സെഷൻ | പഠന ഭാഗങ്ങൾ | സമയം |
|---|---|---|
| | **രണ്ടാം ദിവസം** | |
| **ഒന്നാം സെഷൻ** | എന്താണ് ഈമാൻ (വിശ്വാസം) ?<br>ഈമാൻ കാര്യങ്ങൾ:<br>1. അല്ലാഹുവിലുള്ള വിശ്വാസം.<br>2. മലക്കുകളിലുള്ള വിശ്വാസം.<br>3. വേദ ഗ്രന്ഥങ്ങളിലുള്ള വിശ്വാസം.<br>4. ദൈവ ദൂതന്മാരിലുള്ള വിശ്വാസം.<br>5. അന്ത്യനാളിലുള്ള വിശ്വാസം.<br>6. വിധിയിലുള്ള വിശ്വാസം.<br>ഈമാന്റെ ഗുണ ഫലങ്ങൾ | **20** മിനിറ്റ് |
| | വിശുദ്ധ ഖുർആൻ:<br>1. എന്താണ് ഖുർആൻ?<br>2. ഖുർആൻ ബുദ്ധിയെയും ആത്മാവിനെയും പോഷിപ്പിക്കുന്നു.<br>3. ഖുർആൻ ജീവിത മാർഗരേഖയാണ്.<br>4. നബിമാരുടെ കഥകൾ ഖുർആനിൽ. | **20** മിനിറ്റ് |
| | സൂറത്തുൽ ഇഖ്ലാസ് മനഃപാഠമാക്കുകയും അതിന്റെ ആശയം മനസ്സിലാക്കുകയും ചെയ്യുക. | **20** മിനിറ്റ് |
| | **വിശ്രമം** | |
| **രണ്ടാം സെഷൻ** | ആരാധനകൾ:<br>1. ആരാധനയുടെ ആശയം.<br>2. ആരാധനകൾ സ്വീകരിക്കപ്പെടാനുള്ള നിബന്ധനകൾ.<br>3. ആരാധനയുടെ ഇനങ്ങൾ. | **15** മിനിറ്റ് |
| | ശുദ്ധീകരണം:<br>ശുദ്ധീകരണത്തിന്റെ ഇനങ്ങൾ:<br>1. ഭൗതിക ശുദ്ധീകരണം: ഒരു കാര്യത്തിലുള്ള അടിസ്ഥാന തത്വം ശുദ്ധമാണ് എന്നതാണ്, മലിന വസ്തുക്കൾ, മാലിന്യം നീക്കൽ, പ്രാഥമിക കർമങ്ങൾ.<br>2. ആത്മീയ ശുദ്ധീകണം.<br>അശുദ്ധി നീക്കൽ, അശുദ്ധി നീക്കാൻ ഉപയോഗിക്കുന്ന വെള്ളം | **45** മിനിറ്റ് |

രണ്ടാം ദിവസത്തെ കുറിപ്പുകൾ

..................................................................................................

..................................................................................................

..................................................................................................

..................................................................................................

..................................................................................................

| സെഷൻ | പഠന ഭാഗങ്ങൾ | സമയം |
|---|---|---|
| | **മൂന്നാം ദിവസം** | |
| **ഒന്നാം സെഷൻ** | ഞാൻ എങ്ങനെ വുദു ചെയ്യും ? (തിയറി)<br>1. വുദുവിന്റെ ആശയം<br>2. എങ്ങനെ നാം വുദു ചെയ്യും?<br>3. വുദു ദുർബലമാക്കുന്ന കാര്യങ്ങൾ.<br>4. വുദു നിർബന്ധമായ കാര്യങ്ങൾ.<br>5. കാലുറകളിൽ തടവൽ. | **40** മിനിറ്റ് |
| | സൂറത്തുൽ ഫലഖ് മനഃപാഠമാക്കുകയും അതിന്റെ ആശയം മനസ്സിലാക്കുകയും ചെയ്യുക. | **20** മിനിറ്റ് |
| | **വിശ്രമം** | |
| **രണ്ടാം സെഷൻ** | എങ്ങനെയാണ് ഞാൻ കുളിക്കേണ്ടത് ?<br>1. കുളിയുടെ ആശയം.<br>2. എങ്ങനെയാണ് നമ്മൾ കുളിക്കേണ്ടത്?<br>3. കുളി നിർബന്ധമാക്കുന്നത് എപ്പോഴാണ് ?<br>4. വലിയ അശുദ്ധിയുള്ളവൻ ചെയ്യൽ നിഷിദ്ധമായ കാര്യങ്ങൾ.<br>5. തയമ്മും. | **20** മിനിറ്റ് |
| | ആർത്തവം:<br>1. സ്ത്രീകളുടെ രക്തസ്രാവത്തിന്റെ ഇനങ്ങൾ<br>2. ആർത്തവ - പ്രസവ രക്തങ്ങളുടെ വിധി. | **20** മിനിറ്റ് |
| | സൂറത്തുൽ നാസ് മനഃപാഠമാക്കുകയും അതിന്റെ ആശയം മനസ്സിലാക്കുകയും ചെയ്യുക. | **20** മിനിറ്റ് |

**മൂന്നാം ദിവസത്തെ കുറിപ്പുകൾ**

| സെഷൻ | പഠന ഭാഗങ്ങൾ | സമയം |
|---|---|---|
| **നാലാം ദിവസം** | | |
| ഒന്നാം സെഷൻ | സൂറത്തുൽ കാഫിറൂൻ മനഃപാഠമാക്കുകയും അതിന്റെ ആശയം മനസ്സിലാക്കുകയും ചെയ്യുക. | 20 മിനിറ്റ് |
| | എങ്ങനെയാണ് ഞാൻ നമസ്കരിക്കേണ്ടത്? (തിയറി)<br>1. എന്താണ് നമസ്കാരം.?<br>2. എന്തിനാണ് നമ്മൾ നമസ്കരിക്കേണ്ടത്?<br>3. നമസ്കാരത്തിന്റെ സ്ഥാനം.<br>4. നമസ്കാരത്തിന്റെ നിബന്ധനകൾ.<br>5. അഞ്ച് നേര നമസ്കാരം.<br>6. എങ്ങനെ നമ്മൾ നമസ്കരിക്കണം? | 40 മിനിറ്റ് |
| **വിശ്രമം** | | |
| രണ്ടാം സെഷൻ | നമസ്കാരം:<br>1. നമസ്കാരത്തിന്റെ രൂപം പൂർത്തിയാക്കുക.<br>2. ജുമുഅ നമസ്കാരം. | 60 മിനിറ്റ് |

നാലാം ദിവസത്തെ കുറിപ്പുകൾ

| സെഷൻ | പഠന ഭാഗങ്ങൾ | സമയം |
|---|---|---|
| **അഞ്ചാം ദിവസം** | | |
| **ഒന്നാം സെഷൻ** | സൂറത്തുൽ കൗഥർ മനഃപാഠമാക്കുകയും അതിന്റെ ആശയം മനസ്സിലാക്കുകയും ചെയ്യുക. | **20** മിനിറ്റ് |
| | സകാത്ത്:<br>1. എന്താണ് സകാത്ത്?<br>2. നമ്മൾ സകാത്ത് കൊടുക്കുന്നത് എന്തിന് വേണ്ടി?<br>3. എങ്ങനെയാണ് നമ്മൾ സകാത്ത് കൊടുക്കേണ്ടത്? | **20** മിനിറ്റ് |
| | നോമ്പ്:<br>1. എന്താണ് നോമ്പ്?<br>2. എന്തിനാണ് നമ്മൾ നോമ്പ് അനുഷ്ഠിക്കുന്നത്?<br>3. നോമ്പ് ദുർബലമാക്കുന്ന കാര്യങ്ങൾ.<br>4. റമദാനിലെ നോമ്പ് ഒഴിവാക്കാൻ അനുവാദം ലഭിച്ചവർ. | **20** മിനിറ്റ് |
| | ഹജ്ജ്:<br>1. എന്താണ് ഹജ്ജ്?<br>2. നാം ഹജ്ജ് ചെയ്യുന്നത് എന്തിന് വേണ്ടി?<br>3. ആർകൊക്കെയാണ് ഹജ്ജ് നിർബന്ധമാകുന്നത്? | **10** മിനിറ്റ് |
| **വിശ്രമം** | | |
| **രണ്ടാം സെഷൻ** | സൂറത്തുൽ അസ്ർ മനഃപാഠമാക്കുകയും അതിന്റെ ആശയം മനസ്സിലാക്കുകയും ചെയ്യുക. | **20** മിനിറ്റ് |
| | വസ്ത്രം:<br>1. വസ്ത്രങ്ങളുടെ അടിസ്ഥാന വിധി.<br>2. നിഷിദ്ധമായ വസ്ത്രങ്ങൾ. | **30** മിനിറ്റ് |
| | ഭക്ഷണ പാനീയങ്ങൾ:<br>1. ഭക്ഷണ പാനീയങ്ങളുടെ അടിസ്ഥാന വിധി.<br>2. നിഷിദ്ധമായ ഭക്ഷണ പാനീയങ്ങൾ.<br>3. മതപരമായ അറവിന്റെ നിബന്ധനകൾ എന്തൊക്കെ ?<br>4. കടകളിലും ഭക്ഷണ ശാലകളിലും ലഭിക്കുന്ന മാംസത്തിന്റെ വിധി വിലക്കുകൾ. | **30** മിനിറ്റ് |

അഞ്ചാം ദിവസത്തെ കുറിപ്പുകൾ

| സെഷൻ | പഠന ഭാഗങ്ങൾ | സമയം |
|---|---|---|
| | **ആറാം ദിവസം** | |
| **ഒന്നാം സെഷൻ** | സാമ്പത്തിക ഇടപാടുകൾ:<br>1. എന്താണ് സാമ്പത്തിക ഇടപാടുകൾ ?<br>2. സാമ്പത്തിക ഇടപാടുകളുടെ അടിസ്ഥാന വിധി.<br>3. നിഷിദ്ധമായ സാമ്പത്തിക ഇടപാടുകൾ. | **30** മിനിറ്റ് |
| | സൽസ്വഭാവം :<br>1. സൽസ്വഭാവം ഇസ്‌ലാമിൽ.<br>2. സൽസ്വഭാവത്തിന്റെ ശ്രേഷ്ഠത.<br>3. ഇസ്‌ലാമിൽ നൈതികത സാധ്യമാകേണ്ട മേഖലകൾ. | **30** മിനിറ്റ് |
| | **വിശ്രമം** | |
| **രണ്ടാം സെഷൻ** | മനഃപാഠമാക്കിയ സൂറത്തുകൾ പുനഃപരിശോധിക്കുക. | **30** മിനിറ്റ് |
| | വുദുവിന്റേയും നമസ്കാരത്തിന്റേയും രൂപം പുനഃപരിശോധിക്കുക. | **30** മിനിറ്റ് |

ആറാം ദിവസത്തെ കുറിപ്പുകൾ

# പാഠ്യപദ്ധതി വിഷയങ്ങൾ

**യൂണിറ്റ് ഒന്ന്**

## ഇസ്ലാം മതം


1. ഇസ്‌ലാമും പ്രധാന ചോദ്യങ്ങളും 16
2. എന്താണ് ഇസ്‌ലാം ? 20
3. ഞാൻ എങ്ങനെ മുസ്‌ലിമാകും 26
4. വിശ്വാസം 30




**യൂണിറ്റ് 2**

## വിശുദ്ധ ഖുർആൻ


1. വിശുദ്ധ ഖുർആനിനെ പരിചയപ്പെടൽ 38
2. ചെറു സൂറത്തുകളുടെ വ്യാഖ്യാനം 44




## യൂണിറ്റ് 3

# ആരാധനകൾ


1 ആരാധന 54

2 ശുദ്ധീകരണം 58

3 വുദൂഅ് 62

4 കുളി 68

5 സ്ത്രീകളുമായി ബന്ധപ്പെട്ട മത വിധികൾ 72

6 നമസ്കാരം 76

7 സകാത്ത് 84

8 നോമ്പ് 88

9 ഹജ്ജ് 92




## യൂണിറ്റ് 4

# ഇസ്‌ലാമിക വിധി വിലക്കുകൾ


1 വസ്ത്രം 100

2 ഭക്ഷണ പാനീയങ്ങൾ 104

3 സാമ്പത്തിക ഇടപാടുകൾ 108

4 സൽസ്വഭാവം 112






## പാഠം ഒന്ന്

# ഇസ്‌ലാമും പ്രധാന ചോദ്യങ്ങളും







## യൂണിറ്റിലെ പാഠങ്ങൾ:

1. ഇസ്‌ലാമും പ്രധാന ചോദ്യങ്ങളും
2. എന്താണ് ഇസ്‌ലാം ?
3. ഞാൻ എങ്ങനെ മുസ്‌ലിമാകും
4. വിശ്വാസം







## പാഠം ഒന്ന്

# ഇസ്‌ലാമും പ്രധാന ചോദ്യങ്ങളും

### ആമുഖം

മനുഷ്യാസ്തിത്വവുമായി ബന്ധപ്പെട്ട ഒരുപാട് ചോദ്യങ്ങൾ മനുഷ്യർ ചോദിക്കാറുണ്ട്. എന്താണ് നമ്മുടെ അസ്തിത്വം? എവിടെ നിന്നാണ് നമ്മൾ വന്നത്? എന്തിന്? കാര്യങ്ങളുടെ അവസാനം എങ്ങനെയായിരിക്കും? എന്നൊക്കെ അവർ പരസ്പരം ചോദിക്കാറുണ്ട്. ഇസ്‌ലാം ഈ ചോദ്യങ്ങൾക്ക് തൃപ്തികരമായ ഉത്തരങ്ങൾ നൽകിയിട്ടുമുണ്ട്.

### ഒന്നാമത്തെ ചോദ്യം :

## ആരാണ് നമ്മൾ ?

ഇസ്‌ലാം പരിചയപ്പെടുത്തുന്നത് അല്ലാഹുവിന്റെ അനേകം സൃഷ്ടികളിൽ ഒരു സൃഷ്ടിയാണ് മനുഷ്യർ എന്നാണ്. മനുഷ്യനെ അവൻ മറ്റ് സൃഷ്ടികളേക്കാൾ ശ്രേഷ്ഠമാക്കുകയും ചെയ്തു. മനുഷ്യന് വേണ്ടി അവന്റെ ജീവിതകാലത്ത് ചെയ്ത് തീർക്കേണ്ട ഉത്തരവാദിത്തങ്ങളിൽ അവന് സഹായകരമാകുന്ന നിലക്ക് മറ്റനേകം സൃഷ്ടികളെയും അല്ലാഹു സംവിധാനിച്ചു എന്നും ഇസ്‌ലാം പരിചയപ്പെടുത്തുന്നു. അല്ലാഹു പറയുന്നു: 'തീർച്ചയായും ആദം സന്തതികളെ നാം ആദരിക്കുകയും, കടലിലും കരയിലും അവരെ നാം വാഹനത്തിൽ കയറ്റുകയും, വിശിഷ്ടമായ വസ്തുക്കളിൽ നിന്ന് നാം അവർക്ക് ഉപജീവനം നൽകുകയും, നാം സൃഷ്ടിച്ചിട്ടുള്ളവരിൽ മിക്കവരെക്കാളും അവർക്ക് നാം സവിശേഷമായ ശ്രേഷ്ഠത നൽകുകയും ചെയ്തിരിക്കുന്നു.' (സൂ. ഇസ്റാഅ്: 70).

മനുഷ്യനിൽ അല്ലാഹു ചില സാദൃശ്യങ്ങൾ ഉണ്ടാക്കിയിരിക്കുന്നു:

- ശുദ്ധിയിലും ആരാധനയിലും മലക്കുകളോട്.
- നിഷേധത്തിലും അനുസരണക്കേടിലും പിശാചുക്കളോട്.
- വിശപ്പിലും ആഗ്രഹങ്ങളിലും ഇച്ഛകളിലും മൃഗങ്ങളോട്.

> മലക്കുകൾ : പ്രകാശത്താൽ സൃഷ്ടിക്കപ്പെട്ട അല്ലാഹുവിന്റെ സൃഷ്ടി. അല്ലാഹുവിന് കീഴൊതുങ്ങിയവരും ആരാധനയിൽ കഴിച്ച് കൂട്ടുന്നവരുമാണവർ, മാന്യന്മാരായ ദൈവ ദാസന്മാർ, അല്ലാഹുവിന് യാതൊരു അനുസരണക്കേടും കാണിക്കാതെ അവൻ കൽപിച്ചതനുസരിച്ച് പ്രവർത്തിക്കുന്നു. അവരുടെ എണ്ണം അല്ലാഹുവിനല്ലാതെ അറിയുകയില്ല.

നന്മക്കുള്ള തയ്യാറെടുപ്പും തിന്മക്കുള്ള തയ്യറെടുപ്പും അവൻ അവരിൽ ഉണ്ടാക്കി. തിന്മയിൽ നിന്ന് നന്മ വേർതിരിച്ചെടുക്കാനുതകുന്ന ശുദ്ധ പ്രകൃതി, ബുദ്ധി, പഞ്ചേന്ദ്രിയങ്ങൾ തുടങ്ങിയ കാര്യങ്ങളും അവർക്കവൻ നൽകി.

കാര്യങ്ങൾ തിരഞ്ഞെടുക്കുന്നതിനുള്ള സ്വാതന്ത്ര്യവും സ്വയം തിരഞ്ഞെടുത്ത കാര്യങ്ങളിലും പ്രവത്തനങ്ങളിലും ഉത്തരവാദിത്തവും അല്ലാഹു മനുഷ്യർക്ക് നൽകി.

## രണ്ടാമത്തെ ചോദ്യം:

### നാം എവിടെ നിന്നാണ് വന്നത് , എന്തിന് വേണ്ടി?

മനുഷ്യ സൃഷ്ടിപ്പിന്റെ ഉത്ഭവം കളിമണ്ണിൽ നിന്നാണെന്നാണ് ഇസ്‌ലാം വ്യക്തമാക്കുന്നത്. മനുഷ്യ പിതാവ് ആദം(അ)യെ അല്ലാഹു അതിൽ നിന്നും സൃഷ്ടിച്ചു. അല്ലാഹു പറയുന്നു: "തീർച്ചയായും മനുഷ്യനെ കളിമണ്ണിന്റെ സത്തിൽ നിന്ന് നാം സൃഷ്ടിച്ചിരിക്കുന്നു." (സൂ. അൽ മുഅ്മിനൂൻ : 12).

മനുഷ്യ സൃഷ്ടിപ്പിന്റെ ഏറ്റവും പ്രധാന ലക്ഷ്യം അല്ലാഹുവിനെ ആരാധിക്കുക എന്നതാണ്. എന്നാൽ അല്ലാഹു തന്റെ സൃഷ്ടികളെ തൊട്ട് പരാശ്രയ മുക്തനാണ് താനും. അല്ലാഹു പറയുന്നു: "ജിന്നുകളെയും മനുഷ്യരെയും എന്നെ ആരാധിക്കുവാൻ വേണ്ടി യല്ലാതെ ഞാൻ സൃഷ്ടിച്ചിട്ടില്ല." (സൂ. അദ്ദാരിയാത് : 56).

ആദം (മനുഷ്യ സൃഷ്ടിപ്പിന്റെയും പിശാചിന് മനുഷ്യനോട് ശത്രുത തുടങ്ങിയതിന്റെയും കഥ അല്ലാഹു ഖുർആനിൽ വിവരിക്കുന്നുണ്ട്. (സൂറത്തുൽ ബഖറ 30 മുതൽ 39 വരെയുള്ള ആയത്തുകളുടെ വിശദീകരണം) നോക്കുക).

### ചർച്ച ചെയ്യുക



താങ്കളുടെ അസ്ഥിത്വത്തെ കുറിച്ച് ഇസ്‌ലാമിലേക്ക് വരുന്നതിന് മുമ്പും ശേഷവുമുള്ള താങ്കളുടെ കാഴ്ചപ്പാട് താരതമ്യം ചെയ്യുക.

.......................................................................................................

.......................................................................................................

.......................................................................................................

## മൂന്നാമത്തെ ചോദ്യം:

### എവിടേക്കാണ് നമ്മൾ പോകുന്നത്?

മനുഷ്യർ ഈ ലോകത്ത് നിന്നും ഒരു നാൾ മരണപ്പെട്ട് പോകുമെന്ന് ഖുർആൻ വ്യക്തമാക്കുന്നു, മരണത്തോടെ പ്രവർത്തന ഘട്ടം അവസാനിക്കുകയും വിചാരണയുടെയും പ്രതിഫലത്തിന്റെയും ഘട്ടം ആരംഭിക്കുകയും ചെയ്യും. അല്ലാഹു പറയുന്നു: "തീർച്ചയായും നീ മരിക്കുന്നവനാകുന്നു. അവരും മരിക്കുന്നവരാകുന്നു.* പിന്നീട് നിങ്ങൾ ഉയിർത്തെഴുന്നേൽപിന്റെ നാളിൽ നിങ്ങളുടെ രക്ഷിതാവിന്റെ അടുക്കൽ വെച്ച് വഴക്ക് കൂടുന്നതാണ്." (സൂ. സുമർ 30-31).

ഒരു മനുഷ്യൻ മരണപ്പെട്ട് കഴിഞ്ഞാൽ അവന്റെ മതത്തെ കുറിച്ചു ചോദിക്കുന്ന അവന്റെ പ്രവർത്തനങ്ങൾക്ക് പ്രതിഫലം നൽകപ്പെടുന്ന ഘട്ടത്തിലേക്ക് അവൻ പ്രവേശിക്കും, അല്ലാഹു പറയുന്നു: "ഏതൊരു ദേഹവും മരണം ആസ്വദിക്കുന്നതാണ്. നിങ്ങളുടെ പ്രതിഫലങ്ങൾ ഉയിർത്തെഴുന്നേൽപിന്റെ നാളിൽ മാത്രമേ നിങ്ങൾക്ക് പൂർണ്ണമായി നൽകപ്പെടുകയുള്ളൂ. അപ്പോൾ ആർ നരകത്തിൽ നിന്ന് അകറ്റിനിർത്തപ്പെടുകയും സ്വർഗത്തിൽ പ്രവേശിപ്പിക്കപ്പെടുകയും ചെയ്യുന്നുവോ അവനാണ് വിജയം നേടുന്നത്. ഐഹികജീവിതം കബളിപ്പിക്കുന്ന ഒരു വിഭവമല്ലാതെ മറ്റൊന്നുമല്ല." (സൂ. ആലു ഇംറാൻ: 185).

അന്ത്യ നാൾ ആഗതമായാൽ മരണപ്പെട്ടു പോയവരെയെല്ലാം വിചാരണക്കും പ്രതിഫലത്തിനുമായി അല്ലാഹു അവരുടെ ഖബ്റുകളിൽ നിന്നും പുനർജീവിപ്പിച്ച് കൊണ്ട് വരും. അങ്ങനെ വിശ്വാസികൾക്ക് സ്വർഗവും അവിശ്വാസികൾക്ക് നരകവും പ്രതിഫലം നൽകുകയും ചെയ്യും. അല്ലാഹു പറയുന്നു: "അപ്രകാരം നിനക്ക് നാം അറബി ഭാഷയിലുള്ള ഖുർആൻ ബോധനം നൽകിയിരിക്കുന്നു. ഉമ്മുൽഖുറാ (മക്ക) യിലുള്ളവർക്കും അതിനു ചുറ്റുമുള്ളവർക്കും നീ താക്കീത് നൽകുവാൻ വേണ്ടിയും, സംശയരഹിതമായ സമ്മേളന ദിവസത്തെപ്പറ്റി നീ താക്കീത് നൽകുവാൻ വേണ്ടിയും. അന്ന് ഒരു വിഭാഗക്കാർ സ്വർഗത്തിലായിരിക്കും. മറ്റൊരു വിഭാഗക്കാർ കത്തിജ്വലിക്കുന്ന നരകത്തിലും." (സൂ. ശൂറാ : 7).



## സന്മാർഗദർശനം എന്ന മഹാ അനുഗ്രഹം:

തന്റെ സൃഷ്ടിപ്പിലെ യുക്തി, ജനങ്ങൾ കാത്തിരിക്കുന്ന അന്ത്യനാളിലെ പര്യവസാനം എന്നിവ മനസ്സിലാക്കുന്ന ഒരാളെ സംബന്ധിച്ചിടത്തോളം തനിക്ക് അല്ലാഹു നൽകിയ ഏറ്റവും മഹത്തായ അനുഗ്രഹം തന്നെ അവൻ സന്മാർഗത്തിലേക്കും സൽപ്രവർത്തനങ്ങളിലേക്കും വഴിനടത്തിയതാണെന്ന് അവൻ ഉറച്ച് വിശ്വസിക്കും. അതിനാലാണ് തങ്ങളുടെ നമസ്കാരത്തിൽ അല്ലാഹുവോട് നേരായ പാതയിൽ വഴി നടത്താൻ വേണ്ടി തേടൽ അല്ലാഹു തന്റെ ദാസന്മാരുടെ മേൽ നിർബന്ധമാക്കിയത്. അതാണ് ഇസ്‌ലാം മതം. അതിലൂടെയാണ് അല്ലാഹുവിന്റെ പ്രീതി കരസ്ഥമാക്കാൻ സാധിക്കുക.

## ചർച്ച ചെയ്യുക

ഭൂമിയെ നല്ല നിലയിൽ കെട്ടിപ്പടുക്കുക എന്നത് മനുഷ്യൻ തന്റെ ജീവിതത്തിൽ നിർവഹിക്കേണ്ട ഒരു ചുമതലയാണ്. ഈ ഉത്തരവാദിത്ത നിർവഹണം സാക്ഷാത്കരിക്കുന്നതിന് വേണ്ടി അല്ലാഹു മനുഷ്യന്റെ പ്രകൃതിയെ ആ ചുമതല നിർവഹിക്കാൻ കഴിയുന്ന രൂപത്തിൽ ആക്കി. വിശദീകരിക്കുക: മറ്റു സൃഷ്ടികളില്ലാതെ എങ്ങനെ മനുഷ്യന് ഈ ഭൂമിയെ നല്ലനിലയിൽ കെട്ടിപ്പടുക്കാൻ സാധിക്കും?

................................................................................

................................................................................

................................................................................

മരണാനന്തര ജീവിതവുമായി ബന്ധപ്പെട്ട അറിവ് താങ്കളുടെ പ്രവർത്തനങ്ങളിൽ ചെലുത്തിയ സ്വാധീനങ്ങളിൽ ചിലത് സ്മരിക്കുക?

................................................................................

................................................................................

................................................................................

................................................................................

## മൂല്യ നിർണയ ചോദ്യങ്ങൾ

**1** എങ്ങനെയാണ് മനുഷ്യരെ മറ്റു സൃഷ്ടികളേക്കാൾ ശ്രേഷ്ഠനാക്കിയത് ?

..............................................................................................................

..............................................................................................................

**2** മനുഷ്യ സൃഷ്ടിപ്പിന്റെ ലക്ഷ്യമെന്ത് ?

..............................................................................................................

..............................................................................................................

**3** സൃഷ്ടിപ്പിന്റെ ആരംഭത്തിന്റെ കഥ ഖുർആൻ എന്തിനാണ് വിശദമായി പ്രതിപാദിച്ചത് ?

..............................................................................................................

..............................................................................................................

**4** മനുഷ്യൻ മരണപ്പെട്ട് കഴിഞ്ഞാൽ അവന്റെ മതമേതാണെന്ന് ചോദിക്കപ്പെടുകയും കർമങ്ങൾക്ക് പ്രതിഫലം നൽകപ്പെടും ചെയ്യുന്ന ഘട്ടത്തിലേക്ക് അവൻ പ്രവേശിക്കും.

◯ ശരി ◯ തെറ്റ്

മനുഷ്യ സൃഷ്ടിപ്പിന്റെ ലക്ഷ്യം ജീവിക്കാനനുയോജ്യമായ നിലക്ക് ഭൂമിയെ കെട്ടിപ്പടുക്കലും അതിനെ നല്ല നിലയിൽ നിലനിർത്തലുമാണ്.

◯ ശരി ◯ തെറ്റ്

**5** മനുഷ്യാസ്തിത്വത്തെ കുറിച്ചുള്ള ഇസ്‌ലാമിക നിലപാട് താങ്കൾ പഠിച്ചതിന് ശേഷം;

അത് നിങ്ങളുടെ ആന്തരിക പ്രകൃതിയോടും ഹൃദയ ചിന്തകളോടും എത്രത്തോളം യോജിക്കുന്നുവെന്ന് വിശദമാക്കുക:

..............................................................................................................

..............................................................................................................

..............................................................................................................

..............................................................................................................

..............................................................................................................

..............................................................................................................

..............................................................................................................

..............................................................................................................



# പാഠം രണ്ട്

# എന്താണ് ഇസ്‌ലാം ?

### ആമുഖം

ഇസ്‌ലാം: പൂർവ പ്രവാചകന്മാർ കൊണ്ട് വന്ന മതത്തിന്റെ തുടർച്ചയായി അല്ലാഹു മുഹമ്മദ് നബി(സ)യെ നിയോഗിച്ച മതം.

ആരാധനക്കർഹനായവൻ ഏകനായ അല്ലാഹു മാത്രമാണ്, അവന് യാതൊരു പങ്കാളിയുമില്ല എന്ന അടിസ്ഥാന തത്വത്തിലാണ് ഇസ്‌ലാം നിലകൊള്ളുന്നത്. അല്ലാഹുവിന്റെ ആധിപത്യത്തിൽ അവന് യാതൊരു സഹായിയുമില്ല. അവനും അവന്റെ അടിയാന്മാർക്കുമിടയിൽ ഒരു മധ്യവർത്തിയുമില്ല. എന്നാൽ എന്തിനാണ് ഞാൻ ഇസ്‌ലാം സ്വീകരിക്കുന്നത്? അത് മുഴുവൻ ജനങ്ങൾക്കുമുള്ള മതമാണോ അതല്ല അറബികൾക്ക് മാത്രമുള്ളതോ? ആരാണ് അതിന്റെ പ്രവാചകൻ? അദ്ദേഹത്തിന് ശേഷം വല്ല പ്രവാചകനും വരാനുണ്ടോ?

## ഞാൻ എന്തിനാണ് മുസ്‌ലിമാകുന്നത് ?

'എന്ത് കൊണ്ടാണ് ഇസ്‌ലാം സ്വീകരിക്കുന്നത് എനിക്ക് അനിവാര്യമാകുന്നത്?' എന്ന് ചില ആളുകൾ ചോദിച്ചേക്കാം.

മറുപടി: താഴെ പറയുന്ന കാരണങ്ങളാൽ മുസ്‌ലിമാവുക എന്നത് എനിക്ക് അനിവാര്യമാണ്;

ഒന്ന്: അല്ലാഹു തന്റെ അടിയാന്മാർക്ക് തൃപ്തിപ്പെട്ടേകിയ മതം ഇസ്‌ലാമാണ്, അതല്ലാത്ത ഒരു മതവും ഒരാളിൽ നിന്നും അല്ലാഹു സ്വീകരിക്കില്ല. അല്ലാഹു പറഞ്ഞു: 'ഇസ്ലാം (ദൈവത്തിനുള്ള ആത്മാർപ്പണം) അല്ലാത്തതിനെ ആരെങ്കിലും മതമായി ആഗ്രഹിക്കുന്ന പക്ഷം അത് അവനിൽ നിന്ന് ഒരിക്കലും സ്വീകരിക്കപ്പെടുന്നതല്ല. പരലോകത്തിൽ അവൻ നഷ്ടക്കാരിൽ പെട്ടവനുമായിരിക്കും.' (സൂ. ആലു ഇമ്രാൻ 85).

രണ്ട്: ഇസ്‌ലാം മുഴുവൻ പ്രവാചകന്മാരുടെയും മതമാണ്. അതിനാലാണ് അവർക്കിടയിൽ യാതൊരു വേർതിരിവും കാണിക്കാതെ മുഴുവൻ പ്രവാചകന്മാരിലും വിശ്വസിക്കാൻ ഇസ്‌ലാം കല്പിക്കുന്നത്. അല്ലാഹു പറയുന്നു: 'നിങ്ങൾ പറയുക: അല്ലാഹുവിലും, അവങ്കൽ നിന്ന് ഞങ്ങൾക്ക് അവതരിപ്പിച്ചു കിട്ടിയതിലും, ഇബ്രാഹീമിനും ഇസ്മാഈലിനും ഇസ്ഹാഖിനും യഅ്ഖൂബിനും യഅ്ഖൂബ് സന്തതികൾക്കും അവതരിപ്പിച്ച് കൊടുത്തതിലും, മൂസാ, ഈസാ എന്നിവർക്ക് നൽകപ്പെട്ടതിലും, സർവ്വ പ്രവാചകൻമാർക്കും അവരുടെ രക്ഷിതാവിങ്കൽ നിന്ന് നൽകപ്പെട്ടതി (സന്ദേശങ്ങളി) ലും ഞങ്ങൾ വിശ്വസിച്ചിരിക്കുന്നു. അവരിൽ ആർക്കിടയിലും ഞങ്ങൾ വിവേചനം കൽപിക്കുന്നില്ല. ഞങ്ങൾ അവന്ന് (അല്ലാഹുവിന്ന്) കീഴ്പെട്ട് ജീവിക്കുന്നവരുമാകുന്നു.' (സൂ. ബഖറ 136).

എന്നാൽ പ്രവാചകന്മാർ കൊണ്ട് വന്നതിൽ കാണുന്ന വേർതിരിവ് അവരിലൂടെ അവതരിപ്പിക്കപ്പെട്ട മത നിയമങ്ങളിൽ മാത്രമാണ്. അല്ലാഹു പറയുന്നു: 'നിങ്ങളിൽ ഓരോ വിഭാഗത്തിനും ഓരോ നിയമക്രമവും കർമമാർഗവും നാം നിശ്ചയിച്ച് തന്നിരിക്കുന്നു.' (സൂ. മാഇദ 48). അഥവാ ഓരോ സമുദായത്തിനും അവർക്ക് അനുയോജ്യമായ പ്രത്യേകം മതനിയമങ്ങളും സവിശേഷമായ ആരാധനാരീതികളും അല്ലാഹു നിശ്ചയിച്ച് കൊടുത്തിട്ടുണ്ട്.

ശേഷം അല്ലാഹു അന്ത്യ പ്രാചകനും അവസാനത്തെ ദൂതനുമായ മുഹമ്മദ് നബി(സ)യെ നിയോഗിച്ച് കൊണ്ട് പ്രവാചക പരമ്പരക്കും അവിടുത്തെ മത വിധികളാൽ ദൈവിക നിയമങ്ങൾക്കും പരിസമാപ്തി കുറിച്ചു. അതിന് ശേഷം ഒരാളിൽ നിന്നും ഇസ്‌ലാമല്ലാത്ത ഒരു മതവും സ്വീകരിക്കപ്പെടില്ല.

മൂന്ന്: ഇഹപര വിജയത്തിനുള്ള മാർഗം ഇസ്‌ലാം സ്വീകരിക്കലാണ്. ഇസ്‌ലാം വിശ്വസിക്കുകയും അത് പിന്തുടരുകയും ചെയ്യാത്ത ഒരാളും തന്നെ പരലോകത്ത് വിജയിക്കുകയില്ല.അല്ലാഹു പറയുന്നു: 'ഇസ്ലാം (ദൈവത്തിനുള്ള ആത്മാർപ്പണം) അല്ലാത്തതിനെ ആരെങ്കിലും മതമായി ആഗ്രഹിക്കുന്ന പക്ഷം അത് അവനിൽ നിന്ന് ഒരിക്കലും സ്വീകരിക്കപ്പെടുന്നതല്ല. പരലോകത്തിൽ അവൻ നഷ്ടക്കാരിൽ പെട്ടവനുമായിരിക്കും.' (സൂ. ആലു ഇമ്രാൻ 85). നബി(സ) പറഞ്ഞു: 'മുഹമ്മദിന്റെ ആത്മാവ് ആരുടെ കയ്യിലാണോ അവൻ തന്നെയാണ് സത്യം, ഈ സമുദായത്തിൽ പെട്ട ജൂതനോ കൃസ്ത്യാനിയോ ആരുമായിക്കൊള്ളട്ടെ, എന്നെ കുറിച്ച് കേട്ടിട്ട് ഞാൻ അയക്കപ്പെട്ടതിൽ വിശ്വസിക്കാതെയാണ് മരണപ്പെടുന്നതെങ്കിൽ അവൻ നരകാവകാശിയായിരിക്കും'.

നാല്: 'നിങ്ങൾ എന്തിനാണ് ഈ ലോകത്തേക്ക് വന്നത്? നീ എവിടെ നിന്ന് വരുന്നു? മരണശേഷം ഞാൻ എവിടെ പോകും?' എന്നിങ്ങനെയുള്ള എന്റെ വലിയ വലിയ ചോദ്യങ്ങൾക്ക് ഇസ്ലാം തൃപ്തികരമായ ഉത്തരം നൽകുന്നു.

അഞ്ച്: പ്രകൃതിയോട് ഇണങ്ങുന്ന മതമാണ് ഇസ്‌ലാം. ഏറ്റവും മൂല്യവത്തായ തൗഹീദിൽ നിന്നും ആരംഭിച്ച് സൽ സ്വഭാവത്തിലേക്കും ധാർമികതയിലേക്കും നയിക്കുന്ന കാര്യങ്ങളിൽ അവസാനിക്കുന്ന നിലക്ക് സംവിധാനിക്കപ്പെട്ടതാണത്.

**ചർച്ച ചെയ്യുക**

എങ്ങനെയാണ് ഇസ്‌ലാം മുഴുവൻ നബിമാരുടെയും മതമാകുന്നത് ?

.................................................................................................

.................................................................................................

## ഇസ്‌ലാമിന്റെ സവിശേഷതകൾ

മറ്റു മതങ്ങളിൽ നിന്നും ഇസ്‌ലാമെന്ന സത്യമതത്തെ വ്യതിരിക്തമാക്കുന്ന ചില സവിശേഷതകൾ അതിനുണ്ട്. അതിൽ പ്രധാനപ്പെട്ടവയാണ്;

### 1 സാർവ ലൗകിക മതമാണ് ഇസ്‌ലാം

ഇസ്‌ലാം അറബികൾക്ക് മാത്രമുള്ള മതമല്ല. മറിച്ച് മനുഷ്യകുലത്തിനാകമാനമായി അല്ലാഹു തൃപ്തിപ്പെട്ട് നൽകിയ മതമാണത്. അത് കൊണ്ടാണ് അല്ലാഹു മുഹമ്മദ് നബി(സ) യോട് ഇപ്രകാരം പറഞ്ഞത് 'ലോകർക്ക് കാരുണ്യമായിക്കൊണ്ടല്ലാതെ നിന്നെ നാം അയച്ചിട്ടില്ല.' (അൻബിയാഅ് 107). നബി(സ) യെ മുഴുവൻ ജനങ്ങളെയും വിശ്വാസത്തിലേക്ക് വഴിനടത്തുന്ന അവർക്കു മുഴുവനായുള്ള കാരുണ്യമായാണ് അല്ലാഹു നിയോഗിച്ചത്. അതോടൊപ്പം ജനങ്ങൾക്കാകമാനം കാരുണ്യമായിക്കൊണ്ടാണ് അദ്ദേഹത്തിലൂടെ അവതരിപ്പിക്കപ്പെട്ട മത നിയമങ്ങൾ എല്ലാവരെയും ഉൾകൊള്ളുന്ന നിലക്ക് വിശാലമാക്കപ്പെട്ടതും.

**നേട്ടം**

ഇസ്‌ലാം വിവിധ സംസ്കാരങ്ങളെയും ശീലങ്ങളെയും ആദരിക്കുന്നു, ഇസ്‌ലാമിക ചിഹ്നങ്ങൾക്കോ അധ്യാപനങ്ങൾക്കോ എതിരായാലല്ലാതെ അത്തരം ആചാരങ്ങൾ മാറ്റാൻ ഇസ്‌ലാം നിർബന്ധിക്കുന്നില്ല.

## 2 ഇസ്‌ലാം മുൻകഴിഞ്ഞ പാപങ്ങൾക്ക് പ്രായശ്ചിത്തമാണ്

ഒരു വ്യക്തി സത്യസന്ധമായി ഇസ്ലാം സ്വീകരിച്ചാൽ, പരമകാരുണികനും കരുണാനിധിയുമായ അല്ലാഹു അവന്റെ മുൻകാല പാപങ്ങളെല്ലാം പൊറുത്തു കൊടുക്കും, ഇത് ഇസ്ലാമിന്റെ നന്മകളിൽ ഒന്നാണ്. അല്ലാഹു തന്റെ പ്രവാചകനോട് പറഞ്ഞു: "സത്യനിഷേധികളോട്, അവർ വിരമിക്കുകയാണെങ്കിൽ അവർ മുമ്പ് ചെയ്തുപോയിട്ടുള്ളത് അവർക്കു പൊറുത്തുകൊടുക്കപ്പെടുന്നതാണ് എന്ന് നീ പറയുക." (സൂ. അൻഫാൽ 38). ഒരാൾ ഇസ്‌ലാം സ്വീകരിക്കാൻ ഉദ്ദേശിച്ച് കൊണ്ട് നബി(സ)യുടെ അടുക്കലേക്ക് വന്നു, എന്നാൽ അയാൾ താൻ മുമ്പ് ചെയ്ത തെറ്റുകൾ പൊറുക്കണമെന്ന നിബന്ധന വെച്ചു. അപ്പോൾ അവിടുന്ന് അയാളെ സന്തോഷ വാർത്ത അറിയിച്ചുകൊണ്ട് പറഞ്ഞു: "ഇസ്ലാം അതിന് മുമ്പ് സംഭവിച്ചതിനെ ഇല്ലാതാക്കുമെന്ന് നിങ്ങൾക്കറിയില്ലേ?" (മുസ്‌ലിം 121).

## 3 അവസാനത്തെ മതമാണ് ഇസ്‌ലാം

പൂർവകാല ദൈവിക മതങ്ങളുടെ തുടർച്ചയായിട്ടാണ് അല്ലാഹു ഇസ്‌ലാമിനെ അവതരിപ്പിച്ചത്. അന്ത്യനാൾ വരെയുള്ള മുഴുവൻ സൃഷ്ടികൾക്കുമായി അവൻ തൃപ്തിപ്പെട്ട് നൽകിയ മതവുമാണ് ഇസ്‌ലാം. ഇസ്‌ലാമല്ലാതെ വേറൊരു സത്യമതവും ഭൂമിയിൽ നിലവിലില്ല. അല്ലാഹു പറയുന്നു: "ഇസ്ലാം (ദൈവത്തിനുള്ള ആത്മാർപ്പണം) അല്ലാത്തതിനെ ആരെങ്കിലും മതമായി ആഗ്രഹിക്കുന്ന പക്ഷം അത് അവനിൽ നിന്ന് ഒരിക്കലും സ്വീകരിക്കപ്പെടുന്നതല്ല. പരലോകത്തിൽ അവൻ നഷ്ടക്കാരിൽ പെട്ടവനുമായിരിക്കും." (സൂ. ആലു ഇമ്രാൻ 85).

### ചർച്ച ചെയ്യുക

ഇസ്‌ലാം അറബികൾക്ക് മാത്രമായുള്ള മതമാണെന്ന് വാദിക്കുന്നവർക്ക് നിങ്ങൾ എങ്ങനെ മറുപടി കൊടുക്കും?

..............................................................................................

..............................................................................................

..............................................................................................

..............................................................................................

..............................................................................................

..............................................................................................

..............................................................................................

..............................................................................................

..............................................................................................

..............................................................................................

..............................................................................................

..............................................................................................

## ആരാണ് ഇസ്‌ലാമിന്റെ പ്രവാചകൻ ?

മുഹമ്മദ് നബി(സ)യാണ് അന്ത്യ പ്രവാചകനെന്ന് മുസ്‌ലിംകൾ വിശ്വസിക്കുന്നു. അല്ലാഹുവിനുള്ള ആരാധനയിൽ മറ്റാരെയും പങ്ക് ചേർക്കാതെ അവനെ മാത്രം ആരാധിക്കാൻ വേണ്ടിയാണ് അല്ലാഹു അദേഹത്തെ നിയോഗിച്ചിട്ടുള്ളത്. അദ്ദേഹത്തിന് ശേഷം വേറെ ഒരു പ്രവാചകനും വരാനില്ല. അല്ലാഹു പറയുന്നു: "മുഹമ്മദ് നിങ്ങളുടെ പുരുഷൻമാരിൽ ഒരാളുടെയും പിതാവായിട്ടില്ല. പക്ഷെ, അദ്ദേഹം അല്ലാഹുവിന്റെ ദൂതനും പ്രവാചകൻമാരിൽ അവസാനത്തെ ആളുമാകുന്നു. അല്ലാഹു ഏത് കാര്യത്തെപ്പറ്റിയും അറിവുള്ളവനാകുന്നു." (സൂ. അഹ്സാബ് 40).

## മതം പഠിക്കുക:

- തന്റെ മതത്തിൽ നിന്ന് തനിക്ക് ആവശ്യമുള്ളത് പഠിക്കൽ ഒരു മുസ്‌ലിമിന് അനിവാര്യമാണ്, അതിലൂടെ അവന് തന്റെ നാഥനെ അറിഞ്ഞു കൊണ്ട് ആരാധിക്കാനാകും.
- മതം പഠിക്കുന്നതിനെ നബി(സ) പ്രോത്സാഹിപ്പിച്ചിട്ടുണ്ട്. അവിടുന്ന് പറഞ്ഞു: "ആർക്കെങ്കിലും അല്ലാഹു നന്മ ഉദ്ദേശിച്ചാൽ അവനെ മതത്തിൽ അവഗാഹമുള്ളവനാക്കും" (ബുഖാരി 71).
- ഇസ്‌ലാമിക വിജ്ഞാനം തേടുന്നത് സ്വർഗ പ്രവേശനത്തിനുള്ള മാർഗമാണെന്ന് പ്രവാചകൻ(സ) പഠിപ്പിച്ചിട്ടുണ്ട്. അവിടുന്ന് പറഞ്ഞു: "ആരെങ്കിലും അറിവ് തേടിയുള്ള പാതയിൽ പ്രവേശിച്ചാൽ, അല്ലാഹു അവനു സ്വർഗത്തിലേക്കുള്ള വഴി എളുപ്പമാക്കും." (മുസ്‌ലിം 2699).

**വിശദമായ പഠനത്തിന്**

**മുഹമ്മദ് നബി(സ)യുടെ ജീവ ചരിത്രത്തെ കുറിച്ച് കൂടുതൽ അറിയാൻ ഉസൂൽ സ്റ്റോറിൽ വിവിധ ലോക ഭാഷകളിൽ ലഭ്യമായ "മുഹമ്മദ് നബി" എന്ന പുസ്തകം വായിക്കുക.**

പുസ്തകം ഡൗൺലോഡ് ചെയ്യാൻ QR കോഡ് സ്കാൻ ചെയ്യുക.



തങ്ങളുടെ രക്ഷിതാവായ അല്ലാഹുവിനെ ഉൾക്കാഴ്ചയോട് കൂടി ആരാധിക്കാനുള്ള മതവിധികളെ കുറിച്ചുള്ള അറിവ് നേടാൻ ഒരു മുസ്‌ലിമിനെ പ്രാപ്തനാക്കുന്ന ഒരുപാട് പുസ്തകങ്ങൾ ലഭ്യമാണ്. ഏറ്റവും നല്ല പുസ്തകങ്ങൾ ഏതാണെന്ന് മനസ്സിലാക്കാൻ ഇതുമായി ബന്ധപ്പെട്ട വിദഗ്ദ്ധരുടെ സഹായം തേടേണ്ടതാണ്.

## ഇസ്‌ലാമിലെ ശ്രേഷ്ഠതയുടെ മാനദണ്ഡം

അല്ലാഹു തന്റെ ദാസന്മാർക്കിടയിലെ ശ്രേഷഠതയുടെ മാനദണ്ഡമായി വിശ്വാസത്തെയും ഭക്തിയെയും നിശ്ചയിച്ചിരിക്കുന്നു. മുസ്‌ലിംകൾക്കിടയിലെ ശ്രേഷ്ഠർ ആരെന്ന് നിശ്ചയിക്കുന്നത് രൂപ ഭംഗിയോ കുടുംബ പരമ്പരയോ നിറമോ സമ്പത്തോ അല്ല, മറിച്ച് വിശ്വാസത്തിന്റെ ശക്തിയനുസരിച്ചാണ് അത് നിശ്ചയിക്കപ്പെടുക. അല്ലാഹു പറഞ്ഞിരിക്കുന്നു: "ഹേ; മനുഷ്യരേ, തീർച്ചയായും നിങ്ങളെ നാം ഒരു ആണിൽ നിന്നും ഒരു പെണ്ണിൽ നിന്നുമായി സൃഷ്ടിച്ചിരിക്കുന്നു. നിങ്ങൾ അന്യോന്യം അറിയേണ്ടതിന് നിങ്ങളെ നാം വിവിധ സമുദായങ്ങളും ഗോത്രങ്ങളും ആക്കുകയും ചെയ്തിരിക്കുന്നു. തീർച്ചയായും അല്ലാഹുവിന്റെ അടുത്ത് നിങ്ങളിൽ ഏറ്റവും ആദരണീയൻ നിങ്ങളിൽ ഏറ്റവും ധർമ്മനിഷ്ഠ പാലിക്കുന്നവനാകുന്നു. തീർച്ചയായും അല്ലാഹു സർവ്വജ്ഞനും സൂക്ഷ്മജ്ഞാനിയുമാകുന്നു." (സൂ. ഹുജുറാത്ത് 13).

നബി(സ) പറഞ്ഞു: "അല്ലയോ ജനങ്ങളേ! അറിയുക നിങ്ങളുടെ രക്ഷിതാവ് ഒരൊറ്റ ദൈവമാണ്, നിങ്ങളുടെയൊക്കെ പിതാവും ഒന്ന് തന്നെ, അറബിക്ക് അനറബിയെക്കാളോ അനറബിക്ക് അറബിയെക്കാളോ ചുവന്നവന് കറുത്തവനെക്കാളോ കറുത്തവന് ചുവന്നവനെക്കാളോ യാതൊരു സവിശേഷതയുമില്ല, ഭക്തിയുടെ അടിസ്ഥാനത്തിലല്ലാതെ" (ബൈഹഖി 4774).

## ഇസ്‌ലാം കാര്യങ്ങൾ:

അഞ്ച് കാര്യങ്ങളിലാണ് ഇസ്‌ലാം പടുത്തുയർത്തപ്പെട്ടത്;

തന്റെ ദീനി ജീവിതം നേരെയാക്കാൻ ഈ അഞ്ച് കാര്യങ്ങൾ മുറുകെ പിടിക്കേണ്ടത് ഒരു മുസ്‌ലിമിന് അനിവാര്യമാണ്. ഇതിൽ ഏതെങ്കിലും ഒന്ന് ഒഴിവാക്കുന്നത് അവന്റെ ഇസ്‌ലാം ശരിയാക്കി നിർത്തുന്നതിനെ ദോഷകരമായി ബാധിക്കും.



## മൂല്യ നിർണയ ചോദ്യങ്ങൾ

**1** **Muslim's new life** (ഒരു മുസ്‌ലിമിന്റെ പുതു ജീവിതം) എന്ന ഈ വീഡിയോ കണ്ട ശേഷം ഇസ്‌ലാമിൽ താങ്കൾക്ക് ഏറ്റവും ബുദ്ധിമുട്ട് ഉണ്ടാക്കിയ കാര്യങ്ങൾ കുറിക്കുക:

വീഡിയോ കാണാൻ QR കോഡ് സ്കാൻ ചെയ്യുക.

**2** അല്ലാഹു കൽപിച്ചത് പോലെ അവനെ ആരാധിക്കാൻ ഒരു മുസ്‌ലിമിനെ പ്രാപ്തനാക്കുന്ന അവൻ നേടിയിരിക്കൽ അനിവാര്യമായ അടിസ്ഥാന പരമായ മത വിജ്ഞാനങ്ങൾ എന്തൊക്കെ ?

**3** ഇസ്‌ലാം മതത്തിന്റെ അധ്യാപനങ്ങളിൽ അടങ്ങിയിരിക്കുന്ന കാര്യങ്ങളാണ്:

- ◯ സ്വഭാവപരം
- ◯ വൈജ്ഞാനികം
- ◯ കർമപരം
- ◯ മേൽ പരാമർശിച്ചവയെല്ലാം

ഇസ്‌ലാം കാര്യങ്ങൾ എത്ര ?

- ◯ 6
- ◯ 5
- ◯ 4
- ◯ 3

**4** ഒരു അടിമ അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഇസ്‌ലാമിൽ പ്രവേശിച്ച ശേഷം അല്ലാഹുവിനെ ആരാധിക്കാൻ അവനെ പ്രാപ്തനാക്കുന്ന മതത്തിന്റെ അടിസ്ഥാന തത്വങ്ങൾ പഠിക്കൽ അവന് നിർബന്ധമാണ്.

◯ ശരി ◯ തെറ്റ്



പാഠം 3

# ഞാൻ എങ്ങനെ മുസ്‌ലിമാകും

**ആമുഖം**

ഒരു പുതു മുസ്‌ലിമിന് അവന്റെ ജീവിതത്തിൽ ഒരിക്കലും മറക്കാനാകാത്ത നിമിഷമാണ് ഇരു സാക്ഷ്യ വാക്യങ്ങൾ ഉച്ചരിച്ച് കൊണ്ട് അവൻ ഇസ്‌ലാമിലേക്ക് കടന്ന് വന്ന നിമിഷം. അതിലൂടെ താൻ മുമ്പ് ആയിരുന്നതല്ലാത്ത ഒന്നിലേക്ക് ഇപ്പോൾ പരിവർത്തനം ചെയ്യപ്പെട്ടിരിക്കുന്നുവെന്ന് ആരുടെ മുന്നിലും അവൻ സ്വയം പ്രഖ്യാപിക്കുന്നു. ആ ഒരു നിമിഷം മുതൽ യഥാർത്ഥ അറിവ് നേടാനും അത് മുറുകെ പിടിക്കാനുമുള്ള പാതയിലേക്കുള്ള ആദ്യ ചുവടുവെപ്പ് അവൻ ആരംഭിച്ചു. രണ്ട് സാക്ഷ്യ വാക്യങ്ങളെ കുറിച്ചും അവയുടെ ആശയങ്ങളെ കുറിച്ചും ഒരു മുസ്‌ലിമിന് അവയിലൂടെ അനിവാര്യമാകുന്ന കാര്യങ്ങളെ കുറിച്ചും ഈ പാഠഭാഗത്തിൽ നമുക്ക് പഠിക്കാം.

## രണ്ട് സാക്ഷ്യ വാക്യങ്ങൾ:

രണ്ട് സാക്ഷ്യ വാക്യങ്ങൾ ഉച്ചരിക്കൽ അല്ലാഹു സ്വർഗ പ്രവേശനത്തിനുള്ള താക്കോൽ ആക്കിയിരിക്കുന്നു, അവ;

- അല്ലാഹു അല്ലാതെ ആരാധനക്കർഹനില്ലെന്ന് ഞാൻ സാക്ഷ്യം വഹിക്കുന്നു.
- മുഹമ്മദ് നബി(സ) അല്ലാഹുവിന്റെ ദൂതനാണെന്നും ഞാൻ സാക്ഷ്യം വഹിക്കുന്നു.

## രണ്ട് സാക്ഷ്യ വാക്യങ്ങളുടെ ആശയമെന്ത്?.

ഒന്ന്: അല്ലാഹു അല്ലാതെ ആരാധനക്കർഹനില്ലെന്ന് ഞാൻ സാക്ഷ്യം വഹിക്കുന്നു എന്നതിന്റെ ആശയം

അഥവാ അല്ലാഹുവിന് പുറമെ ആരാധനക്കർഹനായ ഒരു ആരാധ്യനും ഇല്ലെന്ന് ഞാൻ ദൃഢമായി ഉറച്ച് വിശ്വസിക്കുന്നു.

**ഈ സാക്ഷ്യ വാക്യത്തിൽ രണ്ട് കാര്യങ്ങൾ ഉൾകൊള്ളുന്നു:**

**ഒന്ന്:**
അല്ലാഹുവിന് പുറമെയുള്ള ആരാധ്യന്മാരെയൊക്കെ നിഷേധിക്കൽ.

**രണ്ട്:**
അല്ലാഹു എന്ന ഏകനായ ആരാധ്യനെ സ്ഥിരപ്പെടുത്തൽ.

എല്ലാ പ്രവാചകന്മാരുടെയും മതമായ ഇസ്‌ലാമിന്റെ ആകെത്തുക തന്നെ ഏകനായ അല്ലാഹുവിനെ ആരാധിക്കലും അവന് പുറമെ ആരാധിക്കപ്പെടുന്നതിനെയെല്ലാം നിഷേധിക്കലുമാണ്. അല്ലാഹു പറഞ്ഞു: "ഞാനല്ലാതെ യാതൊരു ദൈവവുമില്ല. അതിനാൽ എന്നെ നിങ്ങൾ ആരാധിക്കൂ എന്ന് ബോധനം നൽകിക്കൊണ്ടല്ലാതെ നിനക്ക് മുമ്പ് ഒരു ദൂതനെയും നാം അയച്ചിട്ടില്ല." (സൂ. അൻബിയാഅ് 25).

അല്ലാഹുവിനെ കൂടാതെ വേറെ ആരാധ്യന്മാരുണ്ടെന്ന് വിശ്വസിക്കൽ ഏത് സാഹചര്യത്തിലും അനുവദനീയമല്ല. അത് പോലെ തന്നെ അല്ലാഹു അല്ലാത്തവരിലേക്ക് ആരാധനകൾ അർപിക്കലും അനുവദനീയമല്ല.

രണ്ട്: മുഹമ്മദ് നബി(സ) അല്ലാഹുവിന്റെ ദൂതനാണെന്ന് ഞാൻ സാക്ഷ്യം വഹിക്കുന്നു എന്നതിന്റെ ആശയം.

മുഹമ്മദ് നബി(സ) അല്ലാഹുവിന്റെ ദൂതനാണെന്ന് ഞാൻ സാക്ഷ്യം വഹിക്കുന്നു, അഥവാ മുഹമ്മദ് നബി(സ) അല്ലാഹുവിന്റെ ദൂതനാണെന്നും അവസാനത്തെ പ്രവാചകനാണെന്നും അവിടുത്തേക്ക് ശേഷം വേറൊരു പ്രവാചകനുമില്ലെന്നും അവിടുത്തെ സന്ദേശം മുഴുവൻ ജനങ്ങൾക്കുമുള്ളതാണെന്നും ഞാൻ ദൃഢമായി ഉറച്ച് വിശ്വസിക്കുന്നു. അല്ലാഹു പറഞ്ഞു: "തന്റെ ദാസന്റെ മേൽ സത്യാസത്യവിവേചനത്തിനുള്ള പ്രമാണം (ഖുർആൻ) അവതരിപ്പിച്ചവൻ അനുഗ്രഹപൂർണ്ണനാകുന്നു. അദ്ദേഹം (റസൂൽ) ലോകർക്ക് ഒരു താക്കീതുകാരൻ ആയിരിക്കുന്നതിനു വേണ്ടിയത്രെ അത്." (സൂ. ഫുർഖാൻ 1).

## അഭ്യാസം

**മുഹമ്മദ് റസൂലുല്ലാഹ് എന്ന പുസ്തകം വായിച്ച ശേഷം അദ്ദേഹത്തെ കുറിച്ചുള്ള വിവരങ്ങൾ താഴെ രേഖപ്പെടുത്തുക.**

പുസ്തകം ഡൗൺലോഡ് ചെയ്യാൻ QR കോഡ് സ്കാൻ ചെയ്യുക.



അദ്ദേഹത്തിന്റെ പേര്:

വംശ പരമ്പര:

ജനനം:

വളർച്ച:

പ്രവാചകത്വം:

ഹിജ്റ:

വിയോഗം:

## ഇരു സാക്ഷ്യ വാക്യങ്ങളിൽ അനിവാര്യമായവ:

ഇരു സാക്ഷ്യ വാക്യങ്ങൾ ഉച്ചരിച്ചാൽ മാത്രം പോര. മറിച്ച് അവ രണ്ടും നിഷ്കർഷിക്കുന്ന കർമങ്ങൾ അനുഷ്ഠിക്കുക കൂടി വേണം. ഒന്നാമത്തെ സാക്ഷ്യ വാക്യത്തിലൂടെ അല്ലാഹുവിന് പുറമെ ആരാധിക്കപ്പെടുന്നതിനെ മുഴുവൻ നിഷേധിക്കലും ആരാധനക്കർഹനും രക്ഷ കർത്താവും ആരാധ്യനുമായ ഏകനായ അല്ലാഹുവിൽ വിശ്വസിക്കലും നിർബന്ധമാക്കുന്നു. അല്ലാഹു പറഞ്ഞു: "ആകയാൽ ഏതൊരാൾ ദുർമൂർത്തികളെ അവിശ്വസിക്കുകയും അല്ലാഹുവിൽ വിശ്വസിക്കുകയും ചെയ്യുന്നുവോ അവൻ പിടിച്ചിട്ടുള്ളത് ബലമുള്ള ഒരു കയറിലാകുന്നു. അത് പൊട്ടി പോകുകയേ ഇല്ല." (സൂ. ബഖറ 256). രണ്ടാം സാക്ഷ്യ വാക്യത്തിലൂടെ മുഹമ്മദ് നബി(സ) അറിയിച്ച് തന്ന കാര്യങ്ങൾ സത്യപ്പെടുത്തലും അവിടുന്ന് കൽപിക്കുകയും വിരോധിക്കുകയും ചെയ്ത കാര്യങ്ങളിൽ അവിടുത്തെ അനുസരിക്കലും അവിടുന്ന് പഠിപ്പിച്ച പ്രകാരം മാത്രം അല്ലാഹുവിനെ ആരാധിക്കലും അനിവാര്യമായിത്തീരുന്നു.

### ചർച്ച ചെയ്യുക

എന്ത് കൊണ്ടാണ് 'ലാ ഇലാഹ ഇല്ലല്ലാഹ്' എന്ന സാക്ഷ്യ വാക്യം അല്ലാഹുവിന് പുറമെ ആരാധിക്കപ്പെടുന്നതിനെ നിഷേധിക്കൽ അനിവാര്യമാക്കുന്നത്?

.......................................................................................................

.......................................................................................................

.......................................................................................................

.......................................................................................................

.......................................................................................................

.......................................................................................................

.......................................................................................................

ചില ആളുകൾ വിവിധ തരം ദൈവങ്ങളെ കണ്ടു പിടിക്കാനും അവരെ ആരാധിക്കാൻ ആളുകളെ ക്ഷണിക്കാനും താൽപര്യപ്പെടുന്നതിന്റെ കാരണങ്ങൾ നിങ്ങളുടെ കൂട്ടുകാരോടൊപ്പം ചേർന്ന് എണ്ണിപ്പറയുക.



**അല്ലാഹുവിന്റെ പ്രവാചകൻ ഇബ്റാഹീം നബി(അ) തന്റെ സമൂഹവുമായി തർക്കിച്ചപ്പോൾ അവരിലേക്ക് ഇട്ട് കൊടുത്ത യുക്തിസഹമായ വാദങ്ങളുടെ കൂട്ടത്തിൽ അവരോടുള്ള അദ്ദേഹത്തിന്റെ ചോദ്യം നമുക്ക് കാണാം:**

**"നിങ്ങൾ തന്നെ കൊത്തിയുണ്ടാക്കുന്നവയെയാണോ നിങ്ങൾ ആരാധിക്കുന്നത്?"**

**(സൂ. സ്വാഫാത്ത് 95)**

## മൂല്യ നിർണയ ചോദ്യങ്ങൾ

**1** അല്ലാഹുവാണ് പ്രപഞ്ചത്തിന്റെ ദൈവം എന്ന് താങ്കൾ മനസ്സിലാക്കിയാൽ മാത്രം മതി ഇസ്‌ലാമിലേക്ക് പ്രവേശിക്കാൻ:

○ ശരി ○ തെറ്റ്

രണ്ടാം സാക്ഷ്യ വാക്യത്തിൽ മുഹമ്മദ് നബി(സ)യെ സത്യപ്പെടുത്തിയാൽ മതി അനുസരിക്കണമെന്നില്ല:

○ ശരി ○ തെറ്റ്

**2** **"who is muhammed"** (ആരാണ് മുഹമ്മദ് (സ)) എന്ന പുസ്തകം വായിച്ച ശേഷം അവിടുത്തെ ഉന്നതമായ വ്യക്തിത്വത്തെ കുറിച്ച് പറയുക, അവിടുത്തെ മാന്യമായ പ്രതിച്ഛായ കളങ്കപ്പെടുത്താൻ ഇസ്‌ലാമിന്റെ ശത്രുക്കൾ സ്വീകരിക്കുന്ന മാർഗങ്ങൾ വിശകലനം നടത്തുകയും ചെയ്യുക.

വീഡിയോ കാണാൻ QR കോഡ് സ്കാൻ ചെയ്യുക.

..................................................

..................................................

..................................................

..................................................

..................................................

**3** **"jesusandquran.com"** എന്ന പേജ് സന്ദർശിച്ച് ഈസാ നബി(അ)യും മുഹമ്മദ് നബി(സ)യും തമ്മിലുള്ള ബന്ധം ചർച്ച ചെയ്യുക:

സൈറ്റ് സന്ദർശിക്കാൻ QR കോഡ് സ്കാൻ ചെയ്യുക.

..................................................

..................................................

..................................................

..................................................

..................................................

..................................................



# പാഠം നാല്

# വിശ്വാസം

## ആമുഖം

ഖുർആൻ പാരായണം ചെയ്യുമ്പോഴോ പ്രാർത്ഥനയിലൂടെയോ മറ്റ് ആരാധനകളിലൂടെയോ സർവ്വശക്തനായ അല്ലാഹുവിനെ ആരാധിക്കുമ്പോഴോ ഒരു മുസ്ലീം പലപ്പോഴും ശാന്തിയും സമാധാനവും അനുഭവിക്കുന്നു. ഈ ഒരു അനുഭവം വളർന്ന് ഒരാളെ സന്തോഷത്തിന്റെയും സമാധാനത്തിന്റെയും ഉന്നതമായ അവസ്ഥയിലേക്ക് എത്തിക്കുന്ന ഈ അവസ്ഥയാണ് അല്ലാഹുവിന്റെ കൽപനകൾ ആഗ്രഹത്തോടും ഇഷ്ടത്തോടും സ്വീകരിക്കുകയും അവന് പൂർണമായും കീഴൊതുങ്ങി നിരുപാധികമായ അനുസരണത്തിലൂടെ അവന്റെ വിലക്കുകളിൽ നിന്ന് അകന്ന് നിൽക്കുകയും ചെയ്ത് കൊണ്ട് തന്റെ ജീവിതം മുഴുക്കെ അല്ലാഹുവിന് വേണ്ടിയാക്കാൻ ഒരു മുസ്‌ലിമിനെ പ്രേരിപ്പിക്കുന്ന വിശ്വാസത്തിന്റെ കാതൽ. ഈ ഒരു പാഠത്തിൽ വിശ്വാസത്തെ (ഈമാൻ) കുറിച്ചും അതിന്റെ ഘടകങ്ങളെ കുറിച്ചും ഗുണഫലങ്ങളെ കുറിച്ചും നമുക്ക് പഠിക്കാം.

## എന്താണ് ഈമാൻ ?

വിശ്വാസം: അല്ലാഹുവിൽ നിന്നും അവതരിപ്പിക്കപ്പെട്ടതിനെ ഹൃദയം കൊണ്ടും നാവ് കൊണ്ടും സത്യപ്പെടുത്തുകയും സ്നേഹം, പ്രത്യാശ, ഭയം എന്നിവയാൽ ഹൃദയം അവനു സമർപ്പിച്ചു കൊണ്ട് അതനുസരിച്ച് പ്രവർത്തിക്കലുമാണ് ഈമാൻ കൊണ്ട് അർത്ഥമാക്കുന്നത്. അല്ലാഹു പറയുന്നു: "സത്യവിശ്വാസികളേ, അല്ലാഹുവിലും, അവന്റെ ദൂതനിലും, അവന്റെ ദൂതന്ന് അവൻ അവതരിപ്പിച്ച ഗ്രന്ഥത്തിലും മുമ്പ് അവൻ അവതരിപ്പിച്ച ഗ്രന്ഥത്തിലും നിങ്ങൾ വിശ്വസിക്കുവിൻ. അല്ലാഹുവിലും, അവന്റെ മലക്കുകളിലും, അവന്റെ ഗ്രന്ഥങ്ങളിലും അവന്റെ ദൂതൻമാരിലും, അന്ത്യദിനത്തിലും വല്ലവനും അവിശ്വസിക്കുന്ന പക്ഷം തീർച്ചയായും അവൻ ബഹുദൂരം പിഴച്ചു പോയിരിക്കുന്നു." (സൂ.നിസാഅ് 136).

## ചർച്ച ചെയ്യുക

ഭയവും പ്രതീക്ഷയും തമ്മിലുള്ള വ്യത്യാസം എന്ത്?

.................................................................................................................

.................................................................................................................

.................................................................................................................

.................................................................................................................

## ഈമാൻ കാര്യങ്ങൾ :

ഈമാൻ കാര്യങ്ങൾ ആറെണ്ണമാണ്, അവ;

1. അല്ലാഹുവിലുള്ള വിശ്വാസം: അല്ലാഹുവിന്റെ അസ്തിത്വത്തിലും അവന്റെ നാമഗുണ വിശേഷണങ്ങളിലും ഒരു ദാസൻ വിശ്വസിക്കണം. കാരണം അവനാണ് ഈ വിശാലമായ പ്രപഞ്ചത്തിന്റെ രക്ഷ കർത്താവും സ്രഷ്ടാവും. അതിലുള്ളതിന്റെ മുഴുവൻ ഉടമസ്ഥനും അതിലെ കാര്യങ്ങൾ നിയന്ത്രിക്കുന്നവനും സൃഷ്ടികൾക്ക് ഉപജീവനം നൽകുന്നവനുമെല്ലാം അവൻ തന്നെ. ആരാധിക്കപ്പെടാൻ അർഹനായി അല്ലാഹുവല്ലാതെ മറ്റാരുമില്ലെന്നും സമ്പൂർണമായ ഗുണവിശേഷണങ്ങൾക്കുടമയാണ് അവനെന്നും വിശ്വസിക്കണം.

2. മലക്കുകളിലുള്ള വിശ്വാസം: മലക്കുകളുടെ അസ്തിത്വത്തിൽ വിശ്വസിക്കണം. അല്ലാഹു അവരെ സൃഷ്ടിച്ചു, അവരാകട്ടെ അല്ലാഹുവിനോട് അനുസരണക്കേട് കാണിക്കാതെ അവനെ ആരാധിക്കുന്നു. കിതാബിലും സുന്നത്തിലും പഠിപ്പിക്കപ്പെട്ട അവരുടെ വിശേഷണങ്ങളിലും ഉത്തരവാദിത്തങ്ങളിലും വിശ്വസിക്കണം.

3. വേദ ഗ്രന്ഥങ്ങളിലുള്ള വിശ്വാസം: അല്ലാഹു തന്റെ ദൂതന്മാർ മുഖേനെ തന്റെ ദാസന്മാരിലേക്ക് വേദഗ്രന്ഥങ്ങൾ അവതരിപ്പിച്ചിട്ടുണ്ട് എന്ന് വിശ്വസിക്കണം. ജനങ്ങൾക്ക് മാർഗദർശനവും അവർക്ക് മതത്തെ കുറിച്ച് പഠിപ്പിക്കാനുമായാണ് അല്ലാഹു അവയെ അവതരിപ്പിച്ചത്. മൂസാ നബി(അ)ക്ക് അവതരിപ്പിക്കപ്പെട്ട തൗറാത്ത്, ദാവൂദ് നബി(അ)ക്ക് അവതരിപ്പിക്കപ്പെട്ട സബൂർ, ഈസാ നബി(അ)ക്ക് അവതരിപ്പിക്കപ്പെട്ട ഇഞ്ചീൽ, മുഹമ്മദ് നബി(സ)ക്ക് അവതരിപ്പിക്കപ്പെട്ട ഖുർആൻ തുടങ്ങിയവയാണ് ആ ദൈവീക ഗ്രന്ഥങ്ങൾ.

### ശിർക്ക് (അല്ലാഹുവിൽ പങ്ക് ചേർക്കൽ):

അല്ലാഹുവിന് പുറമെ ആരിലെങ്കിലും ആരാധനക്കുള്ള അവകാശം വകവെച്ച് കൊടുക്കലോ അല്ലെങ്കിൽ ആരാധനയുടെ ഇനങ്ങളിൽ പെട്ട വല്ലതും അവർക്ക് അർപ്പിക്കലോ ആണ് ഇത്.

ഇത് വളരെ വലിയ പാപവും കുറ്റവുമാണ്. അല്ലാഹു ഇത് പൊറുക്കില്ല. അല്ലാഹു പറയുന്നു: 'തന്നോട് പങ്കുചേർക്കപ്പെടുന്നത് അല്ലാഹു ഒരിക്കലും പൊറുക്കുകയില്ല. അതൊഴിച്ചുള്ളതെല്ലാം അവൻ ഉദ്ദേശിക്കുന്നവർക്ക് അവൻ പൊറുത്തുകൊടുക്കുന്നതാണ്. ആർ അല്ലാഹുവോട് പങ്കുചേർത്തുവോ അവൻ തീർച്ചയായും ഗുരുതരമായ ഒരു കുറ്റകൃത്യമാണ് ചമച്ചുണ്ടാക്കിയിരിക്കുന്നത്.' (സൂ. നിസാഅ് 48).

കിതാബും സുന്നത്തും: ഇസ്‌ലാമിക മത നിയമങ്ങളുടെ രണ്ട് സ്രോതസുകളായ വിശുദ്ധ ഖുർആനും നബി(സ)യുടെ ചര്യയുമാണ് ഇത് കൊണ്ട് ഉദ്ദേശിക്കപ്പെടുന്നത്.

4. ദൈവ ദൂതന്മാരിലുള്ള വിശ്വാസം: തങ്ങളുടെ സത്യസന്ധതക്ക് തെളിവായി അമാനുഷിക കഴിവുകളാൽ ശക്തിപ്പെടുത്തിയ ദൂതന്മാരെ അല്ലാഹു വിവിധ സമൂഹങ്ങളിലേക്ക് അയച്ചിട്ടുണ്ടെന്ന് വിശ്വസിക്കണം. അവർ സത്യവിശ്വാസികൾക്ക് സന്തോഷ വാർത്തയും അവിശ്വാസികൾക്ക് താക്കീതും നൽകുന്നവരാണ്. അവർ തങ്ങളുടെ സമൂഹത്തെ മതം പഠിപ്പിച്ചു. അവരെ അനുസരിക്കലും പിൻപറ്റലും അനിവാര്യമാണ്.

5. അന്ത്യനാളിലുള്ള വിശ്വാസം: അന്ത്യനാളിൽ വിശ്വസിക്കണം. ആ ദിവസം അല്ലാഹു മരണപ്പെട്ടവരെ ഖബ്റിൽ നിന്നും പുനർജീവിപ്പിച്ച് പുറത്ത് കൊണ്ട് വരും, എന്നിട്ട് അവരുടെ കർമങ്ങൾ വിചാരണ ചെയ്യുകയും അതനുസരിച്ച് പ്രതിഫലം നൽകുകയും ചെയ്യും. അന്ന് മനുഷ്യരുടെ കൂട്ടത്തിൽ സ്വർഗത്തിൽ പ്രവേശിക്കപ്പെടുന്നവരും നരകത്തിൽ പ്രവേശിപ്പിക്കപ്പെടുന്നവരും ഉണ്ടായിരിക്കും.

6. വിധിയിലുള്ള വിശ്വാസം: ഈ പ്രപഞ്ചത്തിൽ സംഭവിക്കുന്ന എല്ലാ നന്മ തിന്മകളും അല്ലാഹുവിന്റെ തീരുമാന പ്രകാരമാണ് സംഭവിക്കുന്നതെന്ന് വിശ്വസിക്കണം. അല്ലാഹു അത് അറിഞ്ഞിട്ടുണ്ട്, ലൗഹുൽ മഹ്ഫൂദിൽ അവൻ അത് രേഖപ്പെടുത്തിയിട്ടുമുണ്ട്. ഈ പ്രപഞ്ചത്തിൽ അല്ലാഹു ഉദ്ദേശിക്കാത്ത ഒന്നും തന്നെ സംഭവിക്കില്ല.

ലൗഹുൽ മഹ്ഫൂദ് (സംരക്ഷിത ഏട്): അഥവാ അന്ത്യനാൾ വരെയുള്ള സൃഷ്ടികളുടെ വിധികളെല്ലാം അല്ലാഹു രേഖപ്പെടുത്തിയ അവന്റെ അടുക്കലുള്ള ഏട്.

> വിധി: ഓരോ കാര്യങ്ങളുടേയും അല്ലാഹു മുന്നേ നിശ്ചയിച്ച വിധിയാണ് ഇത് കൊണ്ടുള്ള ഉദ്ദേശം. അല്ലാഹുവിന്റെ അറിവിൽ നിന്ന് കൊണ്ട് അതിന്റേതായ സമയത്ത് അതിന്റേതായ രൂപത്തിൽ അത് സംഭവിക്കുക തന്നെ ചെയ്യും.

## വിശ്വാസത്തിന്റെ ഗുണഫലങ്ങൾ:

വിശ്വാസത്തിന് നിരവധി ഗുണഫലങ്ങൾ ഉണ്ട്, അവയിൽ പെട്ടതാണ്;

- മനസമാധാനം: വിശ്വാസം വിശ്വാസിയുടെ മനസിന് സമാധാനം നൽകുന്നു, അല്ലാഹുവിലും അവന്റെ വിധിയിലും സംതൃപ്തനാക്കുന്നു, അല്ലാഹുവിനെ അല്ലാതെ മറ്റാരെയും അവൻ ഭയപ്പെടില്ല.
- അല്ലാഹുവിനെ അറിയുക: ഒരു വിശ്വാസി തന്റെ രക്ഷിതവുമായുള്ള ബന്ധം സുദൃഢമാകുന്ന നിലക്ക് അവനെ കുറിച്ചും അവന്റെ നാമഗുണ വിശേഷണങ്ങളെയും പ്രവർത്തനങ്ങളെയും കുറിച്ചെല്ലാം മനസ്സിലാക്കുന്നു.
- അല്ലാഹുവിനെ മഹത്വപ്പെടുത്തുന്നു: ഒരു വിശ്വാസി തന്റെ രക്ഷിതാവിനെ കുറിച്ച് മനസ്സിലാക്കുമ്പോൾ അവനെ ധാരാളമായി മഹത്വപ്പെടുത്തുന്നു, അവനോടുള്ള സ്നേഹവും പ്രതീക്ഷയും കൂടുന്നു, അവനെ കുറിച്ചുള്ള ഭയവും പേടിയും അധികരിക്കുകയും ചെയ്യുന്നു.
- തന്റെ ദാസന്മാരെ സന്മാർഗത്തിലാക്കാനുള്ള അല്ലാഹുവിന്റെ അതിയായ താത്പര്യത്തെ കുറിച്ച് മനസിലാക്കുന്നു: അല്ലാഹു തന്റെ ദാസന്മാരെ സന്മാർഗത്തിലേക്ക് നയിക്കാൻ വേണ്ടി വേദഗ്രന്ഥങ്ങൾ ഇറക്കുകയും ദൂതന്മാരെ നിയോഗിക്കുകയും ചെയ്തിട്ടുണ്ട്.
- മലക്കുകളോടുള്ള ഇഷ്ടം: അല്ലാഹുവോടുള്ള അവരുടെ ആരാധനയും അനുസരണയും നിമിത്തം അവരോട് ഇഷ്ടമുണ്ടാകുന്നു.
- ദൈവ ദൂതനാമാരോടുള്ള സ്നേഹം: തന്റെ സന്ദേശം ജനങ്ങൾക്ക് എത്തിക്കാനായി അല്ലാഹു പ്രത്യേകം തെരെഞ്ഞെടുത്തവരാണെന്ന അറിവ് അവരോട് സ്നേഹമുണ്ടാക്കുന്നു.
- ആരാധനകളിലെ നിരന്തര പരിശ്രമം : വിശ്വാസം ശക്തി പ്രാപിക്കുമ്പോൾ മനുഷ്യർ ആരാധനയിൽ വ്യാപൃതരാകുന്നു.
- നല്ല ജീവിതം: വിശ്വാസി തനിക്ക് അല്ലാഹു നൽകിയതിൽ സംതൃപ്തനാകുന്നു. ഇഹലോകത്ത് തനിക്ക് ബാധിക്കുന്ന ദുരിതങ്ങൾ തന്റെ പദവി ഉയരാനും പാപങ്ങൾ പൊറുക്കപ്പെടാനും കാരണമാകുമെന്ന് അവൻ മനസിലാക്കുകയും പരലോകത്ത് തന്റെ രക്ഷിതാവ് തനിക്കായി ഒരുക്കിയതിന് കാത്തിരിക്കുകയും ചെയ്യുന്നു.
- ഈ ലോകത്താൽ വഞ്ചിതരാകില്ല: ഇഹലോകജീവിതം നശ്വരവും മരണാനന്തര ജീവിതത്തിലേക്കുള്ള പാതയും മാത്രമാണെന്ന് തിരിച്ചറിയുന്നു.
- അനാചാരങ്ങൾ തുറന്നുകാട്ടുന്നു: വിശ്വാസം അനാചാരങ്ങളിൽ പലതും തുറന്നു കാട്ടുകയും അസാധുവാക്കുകയും ചെയ്യുന്നു.
- സ്വർഗത്തിൽ പ്രവേശിപ്പിക്കുന്നു: അനശ്വരമായ ആനന്ദത്തിന്റെ വാസസ്ഥലമാണത്, സർവ്വശക്തനായ അല്ലാഹു തന്റെ ദാസൻമാരിലെ വിശ്വാസികൾക്കായി ഇത് നിശ്ചയിച്ചിരിക്കുന്നു.

### എന്റെ ഓർമ്മക്കുറിപ്പ്

**താങ്കളുടെ ഇസ്‌ലാമികാശ്ലേഷണത്തിന് ശേഷം അനുഭവിച്ച വിശ്വാസത്തിന്റെ ഗുണഫലങ്ങൾ രേഖപ്പെടുത്തുക:**

## മൂല്യ നിർണയ ചോദ്യങ്ങൾ

**1** പ്രവാചകന്മാരിലുള്ള വിശ്വാസം എന്നാൽ മുഹമ്മദ് നബി(സ)യിൽ മാത്രം വിശ്വസിക്കലാണ്

◯ ശരി ◯ തെറ്റ്

**2** who is allaah എന്ന ക്ലിപ് കണ്ടതിന് ശേഷം ദൈവാസ്തിത്വത്തെ നിഷേധിക്കുന്ന ചിന്തയെ വിലയിരുത്തുക

വീഡിയോ കാണാൻ QR കോഡ് സ്കാൻ ചെയ്യുക.

..................................................

..................................................

..................................................

..................................................

..................................................

..................................................

..................................................

**3** The Six fundamentals of faith എന്ന വീഡിയോ കണ്ട് വിശ്വാസത്തിന്റെ ആറ് ഘടകങ്ങളിൽ ഓരോന്നിലും വിശ്വസിക്കുന്നതിലൂടെ നിങ്ങൾ നേടിയ ഫലങ്ങൾ രേഖപ്പെടുത്തുക.

വീഡിയോ കാണാൻ QR കോഡ് സ്കാൻ ചെയ്യുക.

..................................................

..................................................

..................................................

..................................................

..................................................

..................................................

..................................................

..................................................

# സ്വയ മൂല്യനിർണയം

| | പഠന ലക്ഷ്യം | മൂല്യനിർണ്ണയ ഘട്ടം | | | |
|---|---|---|---|---|---|
| | | ഇല്ല | ദുർബലം | നല്ലത് | വളരെ മികച്ചത് |
| 1 | മനുഷ്യാസ്തിത്വവുമായി ബന്ധപ്പെട്ട ചോദ്യങ്ങൾക്കുള്ള ഉത്തരം നിങ്ങൾക്കറിയാമോ? | | | | |
| 2 | ഇസ്ലാമിന്റെ അർത്ഥം ലളിതമായി വിശദീകരിക്കാൻ നിങ്ങൾക്ക് സാധിക്കുമോ? | | | | |
| 3 | ഇസ്ലാം മതം സ്വീകരിക്കുന്നത് എങ്ങനെയെന്ന് നിങ്ങൾക്കറിയാമോ? | | | | |
| 4 | രണ്ട് സാക്ഷ്യവാക്യങ്ങളുടെ ആശയം നിങ്ങൾ മനസ്സിലാക്കിയോ? | | | | |
| 5 | രണ്ട് സാക്ഷ്യവാക്യങ്ങളിൽ അനിവാര്യമായ കാര്യങ്ങൾ വിശദീകരിക്കാമോ? | | | | |
| 6 | വിശ്വാസ കാര്യങ്ങൾ നിങ്ങൾക്കറിയാമോ? | | | | |
| 7 | അല്ലാഹുവിൽ വിശ്വസിക്കുക എന്നതിന്റെ അർത്ഥമെന്താണെന്ന് വിശദീകരിക്കാമോ? | | | | |
| 8 | മലക്കുകളിലുള്ള വിശ്വാസത്തിന്റെ അർത്ഥം വിശദീകരിക്കാമോ? | | | | |
| 9 | വേദഗ്രന്ഥങ്ങളിലുള്ള വിശ്വാസത്തിന്റെ അർത്ഥം വിശദീകരിക്കാമോ? | | | | |
| 10 | പ്രവാചകന്മാരിലുള്ള വിശ്വാസത്തിന്റെ അർത്ഥം വിശദീകരിക്കാമോ? | | | | |
| 11 | അന്ത്യനാളിലുള്ള വിശ്വാസത്തിന്റെ അർത്ഥം വിശദീകരിക്കാമോ? | | | | |
| 12 | വിധിയിലുള്ള വിശ്വാസത്തിന്റെ അർത്ഥം വിശദീകരിക്കാമോ? | | | | |
| 13 | ശഹാദ (സാക്ഷ്യ വാക്യങ്ങൾ) എങ്ങനെ ശരിയായി ഉച്ചരിക്കണമെന്ന് നിങ്ങൾക്കറിയാമോ? | | | | |
| 14 | ഒരു പുതു മുസ്‌ലിന് തന്റെ വിശ്വാസത്തെ എങ്ങനെ ശക്തിപ്പെടുത്താൻ സാധിക്കുമെന്ന് നിങ്ങൾക്കറിയാമോ? | | | | |
| 15 | നിങ്ങളുടെ ഹൃദയത്തിൽ ഇസ്‌ലാമിനോട് സ്നേഹം തോന്നിയിട്ടുണ്ടോ? | | | | |



## യൂണിറ്റ് 2

# വിശുദ്ധ ഖുർആൻ







# യൂണിറ്റിലെ പാഠങ്ങൾ

1. വിശുദ്ധ ഖുർആനിനെ പരിചയപ്പെടൽ
2. ചെറു സൂറത്തുകളുടെ വ്യാഖ്യാനം







## പാഠം ഒന്ന്

# വിശുദ്ധ ഖുർആനിനെ പരിചയപ്പെടൽ

### ആമുഖം

ജനങ്ങളെ പ്രബോധനം നടത്താനായി അല്ലാഹു പ്രവാചകന്മാരെ നിയോഗിച്ചപ്പോൾ, തങ്ങളുടെ പ്രവാചകത്വത്തിന് തെളിവായി ചില അത്ഭുത പ്രവർത്തനങ്ങൾ അവർക്കവൻ നൽകി. എങ്കിലും പ്രവാചകന്മാരുടെ ഈ അത്ഭുതങ്ങൾ അവരുടെ കാലഘട്ടത്തോടെ അവസാനിക്കുകയാണ് ഉണ്ടായത്. എന്നാൽ മുഹമ്മദ് നബി(സ)യെ സംബന്ധിച്ചിടത്തോളം, അദ്ദേഹത്തിന് അല്ലാഹു നൽകിയ അത്ഭുതമായ മഹത്തായ ഗ്രന്ഥം മുഴുവൻ മനുഷ്യർക്കുമായി പ്രത്യക്ഷമാക്കുകയും, പ്രവാചകന്റെ മരണശേഷവും അല്ലാഹു അത് സംരക്ഷിക്കുമെന്ന് ഉറപ്പുനൽകയും ചെയ്തു. ഈ പാഠത്തിൽ, ഖുർആനിന്റെ ചില ശ്രേഷ്ഠതകളെയും മര്യാദകളെയും കുറിച്ച് നമുക്ക് പഠിക്കാം.

## എന്താണ് ഖുർആൻ ?

അല്ലാഹു മുഹമ്മദ് നബി(സ)ക്ക് അവതരിപ്പിച്ച അവന്റെ സംസാരം (കലാം) ആണ് വിശുദ്ധ ഖുർആൻ. അതോടൊപ്പം അവസാനത്തെ വേദഗ്രന്ഥവുമാണത്. അതിന് ശേഷം മറ്റൊരു വേദഗ്രന്ഥമില്ല.

വേദഗ്രന്ഥം: അല്ലാഹു തന്റെ പ്രവാചകന്മാർക്ക് അവതരിപ്പിച്ച് കൊടുത്ത അവന്റെ ഗ്രന്ഥങ്ങളാണ് ഇത് കൊണ്ടുള്ള ഉദ്ദേശം. ഈ ഗ്രന്ഥങ്ങൾ അല്ലാഹുവിൽ നിന്ന് അവതരിപ്പിക്കപ്പെട്ടതാണെന്ന് മുസ്‌ലിംകൾ വിശ്വസിക്കുന്നു. അല്ലാഹു അവന്റെ പരിശുദ്ധിക്ക് അനുയോജ്യമായ രൂപത്തിൽ അതിലൂടെ സംസാരിക്കുന്നു. മൂസാ നബി(അ)ക്ക് അവതരിപ്പിക്കപ്പെട്ട തൗറാത്ത്, ദാവൂദ് നബി(അ)ക്ക് അവതരിപ്പിക്കപ്പെട്ട സബൂർ, ഈസാ നബി(അ)ക്ക് അവതരിപ്പിക്കപ്പെട്ട ഇഞ്ചീൽ എന്നിവയാണ് മറ്റ് വേദഗ്രന്ഥങ്ങൾ. എന്നാൽ ഇവയൊക്കെ വിവിധ കാലങ്ങളിലായി മാറ്റതിരുത്തലുകൾക്ക് വിധേയമായിട്ടുണ്ട്.

## ഖുർആൻ പാരായണത്തിന്റെ ശ്രേഷ്ഠത:

- നബി(സ) പറഞ്ഞു: "ആരെങ്കിലും അല്ലാഹുവിന്റെ ഗ്രന്ഥത്തിൽ നിന്ന് ഒരക്ഷരം പാരായണം ചെയ്താൽ അവന് ഒരു നന്മ ലഭിക്കും, ഒരു നന്മക്ക് പത്തിരട്ടിയാണ് പ്രതിഫലം ലഭിക്കുക. (അലിഫ് ലാം മീം) ഒരക്ഷരമാണെന്ന് ഞാൻ പറയുന്നില്ല. എന്നാൽ അലിഫ് ഒരക്ഷരവും ലാം ഒരക്ഷരവും മീം ഒരക്ഷരവുമാണ്." (തുർമുദി 2910).

- നബി(സ) പറഞ്ഞു: "നിങ്ങൾ ഖുർആൻ പാരായണം ചെയ്യുക, തീർച്ചയായും അത് അന്ത്യനാളിൽ അതിന്റെ ആൾക്കാർക്ക് ശുപാർശകനായി വരുന്നതാണ്." (മുസ്‌ലിം 804).

## ഖുർആൻ ആത്മാവിനും ബുദ്ധിക്കും പോഷണമാണ്:

വിശുദ്ധ ഖുർആൻ മനുഷ്യരുടെ ബുദ്ധിയെയും ആത്മാവിനെയും ഒരുപോലെ അഭിസംബോധന ചെയ്യുന്നു. അത് ബുദ്ധിയോട് സംവദിക്കുന്നത് ഇപ്രകാരമാണ്:

- വിഷയങ്ങളിൽ ബൗദ്ധികമായ തെളിവുകൾ ഇട്ട് കൊടുക്കുന്നു. അല്ലാഹു പറയുന്നു: 'ആകാശഭൂമികളിൽ അല്ലാഹുവല്ലാത്ത വല്ല ദൈവങ്ങളുമുണ്ടായിരുന്നുവെങ്കിൽ അത് രണ്ടും തകരാറാകുമായിരുന്നു. അപ്പോൾ സിംഹാസനത്തിന്റെ നാഥനായ അല്ലാഹു, അവർ പറഞ്ഞുണ്ടാക്കുന്നതിൽ നിന്നെല്ലാം എത്ര പരിശുദ്ധനാകുന്നു!' (സൂ. അൻബിയാഅ്: 22).
- ബുദ്ധി ഉപയോഗിക്കാനും തെളിവുകളുടെയും ന്യായവാദങ്ങളുടെയും അടിസ്ഥാനത്തിൽ ചിന്തിക്കാനും ആഹ്വാനം ചെയ്യുന്നു. അല്ലാഹു പറഞ്ഞു: 'അങ്ങനെ ഇഹപര ജീവിതങ്ങളെപ്പറ്റി നിങ്ങൾ ചിന്തിക്കുവാൻ വേണ്ടി അല്ലാഹു നിങ്ങൾക്ക് തെളിവുകൾ വിവരിച്ചു തരുന്നു.' (സൂ. ബഖറ 219).
- ബുദ്ധി ഉപയോഗിക്കാത്തവരെയും ചിന്തിക്കാത്തവരെയും ഇകഴ്ത്തുന്നു: 'അതല്ല, അവരിൽ അധിക പേരും കേൾക്കുകയോ ചിന്തിക്കുകയോ ചെയ്യുമെന്ന് നീ വിചാരിക്കുന്നുണ്ടോ? അവർ കന്നുകാലികളെപ്പോലെ മാത്രമാകുന്നു. അല്ല, അവരാകുന്നു കൂടുതൽ വഴിപിഴച്ചവർ.' (സൂ. ഫുർഖാൻ 44).

### അത് മനുഷ്യരുടെ ആത്മാവിനോടും വികാരങ്ങളോടും സംവദിക്കുന്നത് ഇപ്രകാരമാണ്:

- വികാരങ്ങൾ പ്രകടിപ്പിക്കുക, അവയെ എടുത്ത് കാട്ടുക, പല സാഹചര്യങ്ങളിലും അവയെ ചിത്രീകരിക്കുക തുടങ്ങിയവ. അല്ലാഹു പറയുന്നു: 'അല്ലാഹുവിന് പുറമെയുള്ളവരെ അവന് സമൻമാരാക്കുന്ന ചില ആളുകളുണ്ട്. അല്ലാഹുവെ സ്നേഹിക്കുന്നത് പോലെ ഈ ആളുകൾ അവരെയും സ്നേഹിക്കുന്നു. എന്നാൽ സത്യവിശ്വാസികൾ അല്ലാഹുവോട് അതിശക്തമായ സ്നേഹമുള്ളവരത്രെ.' (സൂ. ബഖറ 165).
- മാനുഷിക വികാരങ്ങളെ ഓർമിപ്പിക്കുകയും അവയുടെ നല്ലതും ചീത്തയുമായ ഫലങ്ങൾ വിശദീകരിക്കുകയും ചെയ്യുന്നു. അല്ലാഹു പറഞ്ഞു: 'ജനങ്ങളിൽ സത്യവിശ്വാസികളോട് ഏറ്റവും കടുത്ത ശത്രുതയുള്ളവർ യഹൂദരും, ബഹുദൈവാരാധകരുമാണ് എന്ന് തീർച്ചയായും നിനക്ക് കാണാം. ഞങ്ങൾ ക്രിസ്ത്യാനികളാകുന്നു. എന്ന് പറഞ്ഞവരാണ് ജനങ്ങളിൽ വെച്ച് സത്യവിശ്വാസികളോട് ഏറ്റവും അടുത്ത സൗഹൃദമുള്ളവർ എന്നും നിനക്ക് കാണാം. അവരിൽ മതപണ്ഡിതൻമാരും സന്യാസികളും ഉണ്ടെന്നതും, അവർ അഹംഭാവം നടിക്കുന്നില്ല എന്നതുമാണതിന് കാരണം.' (സൂ. മാഇദ 82).
- പ്രബോധനത്തിൽ സൗമ്യതയും ദയയും കാണിക്കാനുള്ള ആജ്ഞ. അല്ലാഹു പറയുന്നു: 'യുക്തിദീക്ഷയോടു കൂടിയും, സദുപദേശം മുഖേനയും നിന്റെ രക്ഷിതാവിന്റെ മാർഗത്തിലേക്ക് നീ ക്ഷണിച്ച് കൊള്ളുക. ഏറ്റവും നല്ല രീതിയിൽ അവരുമായി സംവാദം നടത്തുകയും ചെയ്യുക.' (സൂ. നഹ്ൽ 125).
- വിധികളുമായി ബന്ധപ്പെട്ട ആയത്തുകളിൽ വിശ്വാസത്തെ അടിസ്ഥാനമാക്കിയുള്ള ആശയങ്ങൾ ഉൾപ്പെടുന്നു, അല്ലാഹു പറയുന്നു: 'മുമ്പ് നിങ്ങളും അത് പോലെ (അവിശ്വാസത്തിൽ) ആയിരുന്നല്ലോ. അനന്തരം അല്ലാഹു നിങ്ങൾക്ക് അനുഗ്രഹം ചെയ്തു.' (സൂ. നിസാഅ് 94).
- മനസുകളിൽ സ്വാധീനം ഉണ്ടാക്കുകയും ആത്മാർത്ഥമായ ചിന്തകൾ ഉണർത്തുകയും ചെയ്യുന്ന വാക്കുകൾ ഉപയോഗിക്കുന്നു. അല്ലാഹു പറയുന്നു: 'അല്ലാഹു നിങ്ങൾക്ക് പൊറുത്തുതരാൻ നിങ്ങൾ ഇഷ്ടപ്പെടുന്നില്ലേ ?' (സൂ. നൂർ 22).

ബുദ്ധിയോടും ആത്മാവിനോടുമുള്ള സംസാരം ഒരൊറ്റ ആയത്തിൽ ഉൾകൊള്ളുന്നതും കാണാം, ഇതിൽ ബുദ്ധിയോട് സംവദിക്കുകയും അതിനെ തൃപ്തിപ്പെടുത്തുകയും ചെയ്യുന്നതോടൊപ്പം തന്നെ ചിന്തകളെ ഉണർത്തുകയും ചെയ്യുന്നു: 'മനുഷ്യരേ, അല്ലാഹു നിങ്ങൾക്ക് ചെയ്ത അനുഗ്രഹം നിങ്ങൾ ഓർമിക്കുക. ആകാശത്ത് നിന്നും ഭൂമിയിൽ നിന്നും നിങ്ങൾക്ക് ഉപജീവനം നൽകാൻ അല്ലാഹുവല്ലാത്ത വല്ല സ്രഷ്ടാവുമുണ്ടോ? അവനല്ലാതെ യാതൊരു ദൈവവുമില്ല. അപ്പോൾ നിങ്ങൾ എങ്ങനെയാണ് തെറ്റിക്കപ്പെടുന്നത്?' (സൂ. ഫാത്വിർ 3)

### ചർച്ച ചെയ്യുക

താങ്കൾ ഇസ്‌ലാം സ്വീകരിക്കുന്നതിന് മുമ്പ് വായിച്ച് നോക്കിയ ആയത്തുകൾ ഏതൊക്കെയാണ്? അത് നിങ്ങളെ എങ്ങനെയാണ് സ്വാധീനിച്ചത്?

.................................................................................................

.................................................................................................

.................................................................................................

## ഖുർആൻ ജീവിത മാർഗരേഖ:

വിശുദ്ധ ഖുർആൻ മനുഷ്യരെ സൃഷ്ടിച്ച, അവരെക്കാൾ നന്നായി അവരുടെ മനസുകളെ കുറിച്ച് അറിയുന്ന ലോകരക്ഷിതാവിന്റെ കലാം (സംസാരം) ആണ്. അവർക്ക് ഉപകാരപ്പെടുന്നതും ഉപദ്രവമാക്കുന്നതും കൂടുതൽ അറിയുന്നത് അവനാണ്. അതിനാൽ തന്നെ അവസാന വേദഗ്രന്ഥമായ ഖുർആനെ അല്ലാഹു ജനങ്ങൾക്ക് അവരുടെ ജീവിതത്തിന്റെ മാർഗരേഖ വരച്ച് കാട്ടുന്ന വഴികാട്ടിയാക്കിയിരിക്കുന്നു.

താഴെ പറയുന്ന കാര്യങ്ങളിലൂടെ അത് വ്യക്തമാക്കപ്പെടുന്നു:

- ഇടപെടലുകളിലെ വിശാലത: മനുഷ്യ ജീവിതത്തിന്റെ വ്യക്തിപരം, കുടുംബം, സാമൂഹികം എന്നീ മേഖലകളിലെല്ലാം അത് ഇടപെടുന്നു.
- വിഷയങ്ങളുടെ സമഗ്രത: വിശ്വാസം, ആരാധന, പതിവുകൾ, ബന്ധങ്ങൾ തുടങ്ങി വ്യക്തിയുമായി ബന്ധപ്പെട്ട മേഖലകളെയും ശാരീരികം, പ്രകൃതി, ബുദ്ധിപരം തുടങ്ങിയ മേഖലകളെയും അത് ഉൾകൊള്ളുന്നു.
- നീതി: എല്ലാ അവസ്ഥയിലും ശത്രുക്കളോട് പോലും നീതി പാലിക്കാൻ കൽപിക്കുന്ന ഗ്രന്ഥമാണത്. അത് അക്രമത്തെ എല്ലാ നിലക്കും വിരോധിക്കുകയും ചെയ്യുന്നു.

ഖുർആൻ ഒരാൾക്ക് എല്ലാ കാലഘട്ടത്തിനും സ്ഥലത്തിനും അനുയോജ്യമായ നിയമവിധികൾ നൽകുക വഴി അയാളുടെ ജീവിത മാർഗരേഖ വരച്ചു കാട്ടുന്നു, അവരുടെ അവകാശങ്ങളും ബാധ്യതകളും വിവരിച്ച് കൊടുക്കുന്നു, അവർക്കുള്ളതും അവർക്ക് പാടില്ലാത്തതും നിശ്ചയിച്ച് കൊടുക്കുന്നു.




ഖുർആൻ പാരായണം ചെയ്യുന്നതിലും അതിലെ നിയമ നിർദേശങ്ങൾ പഠിക്കുന്നതിലും ഒരു മുസ്‌ലിം അതീവ ജാഗ്രത പുലർത്തേണ്ടതുണ്ട്.

## നബിമാരുടെ കഥകൾ ഖുർആനിൽ:

ഖുർആൻ പൂർവ പ്രവാചകരുടെയും അവരുടെ സമുദായങ്ങളുടെയും കഥകളാൽ സമ്പന്നമാണ്. ആദം നബി(അ) യിൽ തുടങ്ങി നൂഹ്, ഹൂദ്, സ്വാലിഹ്, ശുഐബ്, ഇബ്റാഹീം, ഇസ്മാഈൽ, ഇസ്ഹാഖ്, യഅ്ഖൂബ്, മൂസ, ഈസ (അ) തുടങ്ങിയവ പ്രവാചകന്മാരിലൂടെയെല്ലാം അത് സഞ്ചരിക്കുന്നുണ്ട്. അത്തരം ചരിത്രങ്ങൾ ഖുർആൻ പരാമർശിച്ചതിന് പിന്നിൽ ചില യുക്തിയുണ്ട്. അവയിൽ പെട്ടതാണ്;

- മുഴുവൻ പ്രവാചകന്മാരുടെയും മതം തൗഹീദി (ഏകദൈവാരാധന) ൽ അധിഷ്ഠിതമായ ഒരൊറ്റ മതമായിരുന്നു എന്ന് വ്യക്തമാക്കുക.
- മുഹമ്മദ് നബി(സ)ക്ക് സംഭവിച്ചത് പോലെയുള്ള പ്രയാസങ്ങളെല്ലാം തന്നെ മുമ്പുള്ള നബിമാർക്കും സംഭവിച്ചിട്ടുണ്ടെന്ന് ബോധ്യപ്പെടുത്തി നബി(സ)ക്ക് സ്ഥൈര്യവും ആശ്വാസവും നൽകുക.
- വിശ്വാസികൾ നേരിട്ട് കൊണ്ടിരിക്കുന്ന പ്രയാസങ്ങളും പരീക്ഷണങ്ങളും അവർക്ക് മുന്നേ കഴിഞ്ഞ് പോയ അല്ലാഹുവിങ്കൽ ആദരണീയരായവർ നേരിട്ടതാണെന്ന് വ്യക്തമാക്കി വിശ്വാസികളെ സമാശ്വസിപ്പിക്കുക.
- അവയൊക്കെ സംഭവ കഥകളാണ്. അതിൽ നിന്നും ഗുണപാഠങ്ങളും ഉപദേശങ്ങളും സ്വീകരിക്കേണ്ടതുണ്ട്.

### അഭ്യാസം

**താഴെ കൊടുത്തിരിക്കുന്ന വാക്യങ്ങൾ അവയുടെ ശരിയായ ഇടത്ത് ക്രമീകരിക്കുക:**

- അല്ലാഹുവിന്റെ കലാം (സംസാരം) ആണത്.
- അതിന്റെ ആളുകൾക്ക് ശഫാഅത്ത് (ശുപാർശ) ചെയ്യുന്നു.
- പ്രബോധനത്തിൽ സൗമ്യതയും നൈർമല്യവും കൽപിക്കുന്നു.
- ബുദ്ധി ഉപയോഗിക്കാൻ ആവശ്യപ്പെടുന്നു.
- മനസുകളെ സ്വാധീനിക്കുന്ന വാക്കുകളാണ് ഉപയോഗിക്കുന്നത്.
- അവസാനത്തെ വേദഗ്രന്ഥം.
- അല്ലാഹു അവന്റെ പ്രവാചകനായ മുഹമ്മദ് നബി(സ)ക്ക് അവതരിപ്പിച്ചു.

ഖുർആനിന്റെ വിശേഷണങ്ങൾ

ഖുർആനിന്റെ ശ്രേഷ്ഠതകൾ

# വിശുദ്ധ ഖുർആൻ

**അധ്യായങ്ങളുടെ എണ്ണം**

114 അധ്യായങ്ങൾ.

**അമാനുഷികത**

സത്യനിഷേധികളായ അറബികൾ ഖുർആനെ നിഷേധിച്ചപ്പോൾ അത് പോലെ ഒന്നോ അല്ലെങ്കിൽ അതിലെ ഒരു അധ്യായം പോലെയൊന്നോ അതല്ലെങ്കിൽ പത്ത് ആയത്തുകൾക്ക് തുല്യമായതോ അതുമല്ലെങ്കിൽ ഒരു ആയത്ത് പോലെ എങ്കിലും കൊണ്ട് വരാൻ അല്ലാഹു അവരെ വെല്ലുവിളിച്ചു. പക്ഷെ അവർക്കതിന് സാധിച്ചില്ല.



**ഭാഷ**

അല്ലാഹു അറബി ഭാഷയിലാണ് അത് അവതരിപ്പിച്ചത്.

**ഉത്ഭവം**

അല്ലാഹു തന്റെ മലക്കായ ജിബ്‌രീൽ (അ) മുഖേനെ തന്റെ ദൂതനായ മുഹമ്മദ് നബി(സ)ക്ക് അവതരിപ്പിച്ചു.

**സൂക്തങ്ങളുടെ (ആയത്തുകൾ) എണ്ണം**

6236 സൂക്തങ്ങൾ.

**അവതരണം**

സർവ്വശക്തനായ അല്ലാഹു മക്കയിലും മദീനയിലുമായി 23 വർഷം കൊണ്ട് ഖുർആൻ അവതരിപ്പിച്ചു.

**പേരുകൾ**

ഖുർആൻ എന്നും അൽ കിതാബ് എന്നും അൽ ഫുർഖാൻ (സത്യാസത്യങ്ങളെ വേർതിരിക്കുന്നത്) എന്നും ദിക്ർ എന്നും അല്ലാഹു അതിന് പേര് വിളിച്ചിട്ടുണ്ട്. വേറെയും പല പേരുകളും അതിനുണ്ട്.

## പ്രധാന വിഷയങ്ങൾ

വിശുദ്ധ ഖുർആൻ ഇടപെടലുകൾ നടത്തിയ പ്രധാന വിഷയങ്ങളാണ്;

- അല്ലാഹുവിനെ ഏകനാക്കി ആരാധിക്കൽ (തൗഹീദ്) നെ കുറിച്ചുള്ള സംസാരങ്ങളും ശിർക്ക് (അല്ലാഹുവിൽ പങ്ക് ചേർക്കൽ) നെ തള്ളിക്കളയലും.
- പ്രപഞ്ച സ്രഷ്ടാവിന്റെ സൃഷ്ടിയുടെ പൂർണത അറിയിക്കുന്ന നിലക്ക് പ്രപഞ്ചത്തെ കുറിച്ച് സംസാരിക്കുന്നു.
- ധാരാളം ഉപദേശങ്ങളും ഗുണപാഠങ്ങളും അടങ്ങിയ ഖുർആനിക കഥകൾ.
- ദാസന്മാരുടെ മരണശേഷം അവരെ ഉയിർത്തെഴുന്നേൽപ്പിക്കുന്നതിനെ കുറിച്ചും അവരുടെ പ്രവൃത്തികൾക്ക് പ്രതിഫലം നൽകുന്നതിനെ കുറിച്ചും സംസാരിക്കുന്നു.
- വിശ്വാസികൾക്ക് മതവിധികൾ അനുശാസിക്കുകയും അവരെ പരിശീലിപ്പിക്കുകയും ചെയ്യുന്നു.

# മൂല്യ നിർണയ ചോദ്യങ്ങൾ

**1** വിഷയങ്ങളിൽ ബുദ്ധിപരമായ തെളിവുകൾ സമർപ്പിച്ച് കൊണ്ട് ഖുർആൻ ബുദ്ധിയോട് സംവദിക്കുന്നു.

◯ ശരി ◯ തെറ്റ്

**2** അല്ലാഹു എന്തിനാണ് ഖുർആൻ അവതരിപ്പിച്ചത് ?

..........................................................................................

..........................................................................................

..........................................................................................

..........................................................................................

..........................................................................................

..........................................................................................

**3** "alnaba.ws" എന്ന വെബ്സൈറ്റ് ബ്രൗസ് ചെയ്ത് ഖുർആനിന്റെ ചില അമാനുഷികമായ വശങ്ങൾ ഉദ്ധരിച്ച് അതിന്റെ സത്യസന്ധതയും വിശ്വാസ്യതയും സൂചിപ്പിക്കുന്ന ഏതാനും തെളിവുകൾ രേഖപ്പെടുത്തുക.

..........................................................................................

..........................................................................................

..........................................................................................

..........................................................................................

..........................................................................................

..........................................................................................

**4** അല്ലാഹു ഖുർആൻ അവതരിപ്പിച്ചത് :

◯ a. മുഴുവൻ പ്രവാചകന്മാർക്കും. ◯ b. മുഹമ്മദ് നബി(സ)ക്ക്.



# പാഠം 2
# ചെറു സൂറത്തുകളുടെ വ്യാഖ്യാനം

**ആമുഖം**

സൂറത്തുൽ ഫാതിഹയെ ഖുർആനിലെ ഏറ്റവും ശ്രേഷ്ഠമായ അധ്യായമായി എണ്ണപ്പെടുന്നു. അതിന്റെ ശ്രേഷ്ഠതയും മഹത്വവും ധാരാളം ഹദീസുകളിലൂടെ നബി(സ) വ്യക്തമാക്കിയിട്ടുണ്ട്. നമസ്കാരത്തിൽ പാരായണം ചെയ്യൽ അനിവാര്യമായ ഏക സൂറത്ത് എന്ന നിലക്ക് ഓരോ മുസ്ലിമും നിർബന്ധമായും മനഃപാഠമാക്കിയിരിക്കേണ്ട സൂറത്താണത്. ഈ പാഠഭാഗത്തിൽ നമുക്ക് ഈ സൂറത്തിലെ ആയത്തുകൾ മനഃപാഠമാകുകയും ആശയങ്ങൾ പഠിക്കുകയും ചെയ്യാം. അതോടൊപ്പം തന്നെ വലുപ്പം കൊണ്ട് ചെറുതും ആശയ സമ്പുഷ്ടമായതുമായ ഏതാനും ചില ചെറു സൂറത്തുകളും നമുക്ക് പഠിക്കാം.

## സൂറത്ത് അൽ ഫാതിഹ:




**സൂറത്തിന്റെ ആശയം:**

(بِسْمِ اللهِ الرَّحْمَنِ الرَّحِيم)

ഖുർആൻ പാരായണം അല്ലാഹുവിന്റെ നാമം കൊണ്ട് അവനോട് സഹായം തേടി ഞാൻ ആരംഭിക്കുന്നു. (അല്ലാഹ്) യഥാർത്ഥ ആരാധ്യൻ. മുഴുവൻ സൃഷ്ടികളിലും വ്യാപിച്ച് കിടക്കുന്ന മഹാ കാരുണ്യത്തിന്റെയും തന്റെ വിശ്വാസികളായ ദാസന്മാർക്ക് പ്രത്യേകമായി നൽകുന്ന കരുണയുടെയും വിശേഷണം നൽകപ്പെട്ടവനാണ് അവൻ.

(الْحَمْدُ للهِ رَبِّ الْعَالَمِين)

അല്ലാഹുവിന്റെ സമ്പൂർണമായ വിശേഷണങ്ങൾ കൊണ്ടും അവന്റെ മുഴുവൻ സൃഷ്ടികളോടുള്ള അവന്റെ അനുഗ്രഹങ്ങൾ കാരണവും അവനെ പ്രകീർത്തിക്കുന്നു. എല്ലാവിധ സ്തുതികൾക്കും അർഹനായ ഒരേയൊരുവൻ അവനാണ്. അവനാണ് എല്ലാ സൃഷ്ടികളുടെയും രക്ഷിതാവ്. അവരെ ഇല്ലായ്മയിൽ നിന്നും സൃഷ്ടിച്ചതും അവരുടെ കാര്യങ്ങൾ നിർവഹിക്കുന്നതും അവരുടെ അവസ്ഥകൾ നന്നാക്കുന്നതും അവനാണ് .

(الرَّحْمنِ الرَّحِيم)

പരമ കാരുണികൻ (الرحمن): തന്റെ മുഴുവൻ സൃഷ്ടികൾക്കുമായി പൊതുവായി നൽകുന്ന കാരുണ്യ ത്താൽ വിശേഷിപ്പിക്കപ്പെട്ടവൻ. കരുണാനിധി (الرحيم): തന്റെ വിശ്വാസികളായ ദാസന്മാർക്ക് പ്രത്യേകമായി നൽകുന്ന കാരുണ്യത്താൽ വിശേഷിപ്പിക്കപ്പെട്ടവൻ.



പരമ കാരുണികൻ (الرحمن): എല്ലാ സൃഷ്ടികൾക്കും കരുണ ചൊരിയുന്നവൻ.



കരുണാനിധി (الرحيم): വിശ്വാസികളോട് പ്രത്യേകമായി കരുണ കാണിക്കുന്നവൻ.

(مَالِك يَوْمِ الدِّين)

അന്ത്യ നാളിന്റെ അഥവാ പ്രവർത്തനങ്ങളുടെ വിചാരണയും അതനുസരിച്ച് പ്രതിഫലം നൽകപ്പെടുകയും ചെയ്യുന്ന ദിവസത്തിന്റെ ഉടമസ്ഥൻ.

(إيَّاكَ نَعْبُدُ وإيَّاكَ نَسْتَعِين)

ഞങ്ങളുടെ രക്ഷിതാവേ നിന്നെ മാത്രം ഞങ്ങൾ ആരാധിക്കുന്നു. ഞങ്ങളുടെ മുഴുവൻ കാര്യങ്ങളിലും നിന്നോട് മാത്രം ഞങ്ങൾ സഹായം തേടുകയും ചെയ്യുന്നു. കാര്യങ്ങളെല്ലാം നിന്നെ കൊണ്ടാണ് നടക്കുന്നത്.

(اهدِنَا الصِّرَاطَ المُستَقِيم)

ഞങ്ങളെ നേരായ മാർഗത്തിലേക്ക് വഴി കാണിക്കേണമേ. നിന്നെ കണ്ടുമുട്ടുന്നത് വരെ ഞങ്ങളെ അതിൽ തന്നെ ഉറപ്പിച്ച് നിർത്തുകയും ചെയ്യേണമേ. അല്ലാഹുവിന്റെ തൃപ്തിയിലേക്കും അവന്റെ സ്വർഗത്തിലേക്കും നയിക്കുന്ന വ്യക്തമായ വഴിയായ ഇസ്‌ലാമാണ് ആ മാർഗം.

(صِرَاطَ الَّذِينَ أنعَمتَ عَلَيهِمْ غَيرِ المَغضُوبِ عَلَيهِمْ وَلاَ الضَّالِّين)

അത് പ്രവാചകന്മാർ, അവരുടെ സഹായികൾ, പ്രവാചകന്മാരുടെ മാർഗത്തിൽ പ്രവേശിച്ചവർ തുടങ്ങി അല്ലാഹു സന്മാർഗദർശനം നൽകി അനുഗ്രഹിച്ചവരുടെ മാർഗമാണ്. അവരാണ് സന്മാർഗത്തിന്റെയും സ്ഥൈര്യത്തിന്റെയും ആൾക്കാർ.

സത്യം അറിഞ്ഞിട്ടും അതനുസരിച്ച് പ്രവർത്തിക്കാതെ നിന്റെ കോപത്തിനിരയായവരുടെ മാർഗത്തിൽ നിന്നും അജ്ഞത കാരണം നിന്റെ മാർഗത്തിൽ നിന്നും തെറ്റിപ്പോയ വഴിപിഴച്ചവരുടെ മാർഗത്തിൽ നിന്നും ഞങ്ങളെ നീ അകറ്റുകയും ചെയ്യേണമേ.

## ചർച്ച ചെയ്യുക

സൂറത്തുൽ ഫാത്തിഹ മനപാഠമാക്കാനുള്ള മാർഗങ്ങൾ എന്തൊക്കെയാണ്?

.......................................................................................................

.......................................................................................................

.......................................................................................................

.......................................................................................................

## സൂറത്ത് അൽ ഇഖ്ലാസ്:

### സൂറത്തിന്റെ ആശയം:




(قُلْ هُوَ اللّٰهُ أَحَد)

ഓ നബിയേ, നിന്റെ രക്ഷിതാവിന്റെ വിശേഷണങ്ങളെ കുറിച്ച് നിന്നോട് ചോദിക്കുന്നവരോട് പറയുക: തന്റെ രക്ഷാ കർതൃത്വത്തിലും ആരാധനയിലും ഏകനായവനാണവൻ. അവനല്ലാതെ മറ്റൊരു ആരാധ്യനുമില്ല.

(اللّٰهُ الصَّمَد)

അല്ലാഹു തന്റെ സൃഷ്ടികളിൽ നിന്നും ആശ്രയ മുക്തനാണെങ്കിലും അവർ അവരുടെ ആവശ്യങ്ങൾക്കായി അവനെ സമീപിക്കുന്ന നിലക്ക് അല്ലാഹു തന്റെ വിശേഷണങ്ങളിൽ പൂർണനായവനാണ്.

(لَمْ يَلِدْ وَلَمْ يُولَد)

മകനോ മകളോ മാതാപിതാക്കളോ ഇല്ലാത്തവനാണ് അല്ലാഹു.

(وَلَمْ يَكُن لَّهُ كُفُوًا أَحَد)

അവന്റെ സൃഷ്ടികളിൽ ആരും തന്നെ അവന്റെ നാമങ്ങളിലോ വിശേഷണങ്ങളിലോ പ്രവർത്തനങ്ങളിലോ അവനെ പോലെ ഇല്ല.




## സൂറത്ത് അൽ ഫലഖ്

### സൂറത്തിന്റെ ആശയം:

(قُلْ أَعُوذُ بِرَبِّ الْفَلَق)

നബിയേ പറയുക; പ്രഭാതം പൊട്ടി വിടരുന്ന ഫലഖ് (പുലരി)യുടെ രക്ഷിതാവിൽ ഞാൻ അഭയം തേടുകയും അവനെ മുറുകെ പിടിക്കുകയും ചെയ്യുന്നു.

(مِن شَرِّ مَا خَلَق)

നാം കാണുന്നതും കാണാത്തതുമായ എല്ലാ സൃഷ്ടികളുടെയും തിന്മകളിൽ നിന്നും.

(وَمِن شَرِّ غَاسِقٍ إِذَا وَقَب)

രാത്രി അതിന്റെ അന്ധകാരത്തോട് അടുക്കുമ്പോൾ അതിന്റെ തിന്മയിൽ നിന്നും അതിൽ അടങ്ങിയിരിക്കുന്ന തിന്മകളിൽ നിന്നും ഉപദ്രവങ്ങളിൽ നിന്നും.



ഫലഖ് (പുലരി) : പ്രഭാതം പൊട്ടി വിടരുക.



ഗസഖ് : രാത്രിയുടെ കഠിനമായ ഇരുട്ട്.

(وَمِن شَرِّ النَّفَّاثَاتِ فِي الْعُقَدِ)

കൂടോത്ര പ്രവർത്തനത്തിന്റെ ഭാഗമായ കെട്ടുകളിൽ ഊതുന്ന മാരണക്കാരികളുടെ തിന്മകളിൽ നിന്നും.

(وَمِن شَرِّ حَاسِدٍ إِذَا حَسَدَ)

ഒരാളുടെ അനുഗ്രഹം നീങ്ങി പോകണമെന്നും ഉപദ്രവം ബാധിക്കണമെന്നും ആഗ്രഹിക്കുന്ന അസൂയക്കാരന്റെ തിന്മയിൽ നിന്നും.

## സൂറത്ത് അന്നാസ്

സൂറത്തിന്റെ ആശയം:




(قُلْ أَعُوذُ بِرَبِّ النَّاس)

നബിയേ പറയുക; ജനങ്ങളുടെ രക്ഷിതാവിൽ ഞാൻ അഭയം തേടുകയും അവനെ മുറുകെ പിടിക്കുകയും ചെയ്യുന്നു. എല്ലാ കാര്യങ്ങൾക്കും കഴിവുള്ള ഏകനാണവൻ.

(مَلِكِ النَّاس)

ജനങ്ങളുടെ എല്ലാ കാര്യങ്ങളും കൈകാര്യം ചെയ്യുന്ന അവരുടെ മുഴുവൻ രാജാവ്.

(إِلَٰهِ النَّاس)

മുഴുവൻ ജനങ്ങളുടെയും ആരാധ്യൻ. അവനല്ലാതെ യഥാർത്ഥത്തിൽ ആരാധ്യനായി മറ്റാരുമില്ല.

(مِن شَرِّ الْوَسْوَاسِ الْخَنَّاس)

ആളുകൾ അശ്രദ്ധരായിരിക്കുമ്പോൾ അവരോട് ദുർബോധനം നടത്തുകയും അല്ലാഹുവിനെ ഓർക്കുമ്പോൾ അപ്രത്യക്ഷമാവുകയും ചെയ്യുന്ന പിശാചിന്റെ ഉപദ്രവത്തിൽ നിന്ന്.

(الَّذِي يُوَسْوِسُ فِي صُدُورِ النَّاس)

ആളുകളുടെ ഹൃദയത്തിലേക്ക് ചീത്ത ചിന്തകൾ പ്രചരിപ്പിക്കുകയും അവരുടെ വികാരങ്ങളും ചിന്തകളും കൗശല പൂർവം കൈകാര്യം ചെയ്യുകയും ചെയ്യുന്നവർ.

(مِنَ الْجِنَّةِ وَ النَّاس)

മനുഷ്യരിലും ജിന്നുകളിലും ഉള്ള പിശാചുക്കളിൽ നിന്ന്.

## സൂറത്തുൽ കാഫിറൂൻ




### സൂറത്തിന്റെ ആശയം:

(قُلْ يَاأَيُّهَا الْكَافِرُون)

അല്ലാഹുവിലും അവന്റെ ദൂതനിലും അവിശ്വസിച്ച സത്യ നിഷേധികളോട് 'അല്ലയോ അല്ലാഹുവിൽ അവിശ്വസിച്ചവരേ' എന്ന് നബിയേ താങ്കൾ പറയുക.

(لاَ أَعْبُدُ مَا تَعْبُدُون)

ബിംബങ്ങൾ പോലെ നിങ്ങൾ ആരാധിച്ച് കൊണ്ടിരിക്കുന്ന നിങ്ങളുടെ നിരർത്ഥകരായ ആരാധ്യരെ ഞാൻ ആരാധിക്കുന്നില്ല.

(وَلاَ أَنتُمْ عَابِدُونَ مَا أَعْبُد)

ഞാൻ ആരാധിച്ച് കൊണ്ടിരിക്കുന്ന ആരാധനക്കർഹനും ഏകനുമായ യഥാർത്ഥ ആരാധ്യനെ നിങ്ങളും ആരാധിക്കുന്നില്ല.

(وَلاَ أَنَا عَابِدٌ مَّا عَبَدتُّم)

നിങ്ങൾ ആരാധിച്ച് കൊണ്ടിരിക്കുന്ന നിങ്ങളുടെ നിരർത്ഥകരായ ആരാധ്യരെ ആരാധിക്കുന്നവനുമല്ല ഞാൻ.

(وَلاَ أَنتُمْ عَابِدُونَ مَا أَعْبُد)

ഞാൻ ആരാധിച്ച് കൊണ്ടിരിക്കുന്ന ആരാധനക്കർഹനും ഏകനുമായ യഥാർത്ഥ ആരാധ്യനെ നിങ്ങളും ആരാധിക്കുന്നില്ല.

(لَكُمْ دِينُكُمْ وَلِيَ دِين)

നിങ്ങൾക്ക് നിങ്ങൾ പുലർത്തിപ്പോരുന്ന മതമാണ്, എനിക്ക് ഞാൻ മുറുകെ പിടിക്കുന്ന മതവും.

കാഫിർ: തൗഹീദിന്റെ സാക്ഷ്യ വാക്യത്തിൽ സാക്ഷ്യം വഹിക്കാത്തവനും മുഹമ്മദ് നബി(സ) യുടെ സന്ദേശം പിൻപറ്റുകയും ചെയ്യാത്തവൻ.

### ചർച്ച ചെയ്യുക

സൂ. അൽ ഇഖ്ലാസും സൂ. അൽ കാഫിറൂനും ഊന്നിപ്പറയുന്ന വിഷയം എന്താണ് ?

.......................................................................................................

.......................................................................................................

.......................................................................................................

.......................................................................................................

.......................................................................................................

.......................................................................................................

.......................................................................................................

## സൂറത്ത് അൽ അസ്ർ:




### സൂറത്തിന്റെ ആശയം:

(إِنَّا أَعْطَيْنَاكَ الْكَوْثَرَ)

നബിയെ താങ്കൾക്ക് ഇഹലോകത്തിലും പരലോകത്തിലും അറ്റവും പരിധിയുമില്ലാത്ത ധാരാളം നന്മകൾ നാം നൽകിയിട്ടുണ്ട്. അതിൽ പെട്ടതാണ് സ്വർഗത്തിലെ കൗഥർ എന്ന നദി.

(فَصَلِّ لِرَبِّكَ وَانْحَرْ)

അവൻ താങ്കൾക്ക് നൽകിയ ആദരവിനും നന്മകൾക്കും നന്ദി സൂചകമായി താങ്കളുടെ നമസ്കാരവും ബലിയും അവന് നിഷ്കളങ്കമാക്കുക. ഏകനും പങ്ക് കാരില്ലാത്തവനുമായ അവനെ മാത്രം താങ്കൾ ആരാധിക്കുക. ഏകനും പങ്ക് കാരില്ലാത്തവനുമായ അവന്റെ നാമത്തിൽ മാത്രം താങ്കൾ ബലിയറുക്കുകയും ചെയ്യുക.

വിദ്വേഷം വെച്ച് പുലർത്തുന്നവർ: താങ്കളോട് ദേഷ്യം വെച്ച് പുലർത്തുകയും താങ്കളേയും താങ്കൾ കൊണ്ട് വന്ന സത്യ മതത്തേയും വെറുക്കുകയും ചെയ്യുന്നവർ.

(إِنَّ شَانِئَكَ هُوَ الأَبْتَرُ)

താങ്കളോട് ദേഷ്യം വെച്ച് പുലർത്തുകയും താങ്കളെ വെറുക്കുകയും താങ്കൾ കൊണ്ട് വന്ന സത്യ മതത്തേയും വെറുക്കുകയും ചെയ്യുന്നവരാണ് ഏറ്റവും താഴെയുള്ളവരും നിന്ദ്യരും പ്രശസ്തി നഷ്ടപ്പെട്ടവരും നന്മയില്ലാത്തവരും.

## സൂറത്ത് അൽ അസ്ർ:




### സൂറത്തിന്റെ ആശയം:

(وَالْعَصْر)

മനുഷ്യന്റെ നന്മയും തിന്മയും അടങ്ങുന്ന എല്ലാവിധ ചലനങ്ങളും സംഭവിക്കുന്ന കാലത്തെ കൊണ്ട് അല്ലാഹു സത്യം ചെയ്യുന്നു.

(إِنَّ الإِنسَانَ لَفِي خُسْر)

തീർച്ചയായും മനുഷ്യർ നാശത്തിലും നഷ്ടത്തിലുമാണ്.

(إِلاَّ الَّذِينَ آمَنُوا وَعَمِلُوا الصَّالِحَاتِ وَتَوَاصَوْا بِالْحَقِّ وَتَوَاصَوْا بِالصَّبْر)

അല്ലാഹുവിൽ വിശ്വസിക്കുകയും സൽകർമങ്ങൾ പ്രവർത്തിക്കുകയും സത്യം മുറുകെ പിടിച്ച് അതിൽ ഉറച്ച് നിൽക്കാനും അതിന്റെ പേരിൽ വരുന്ന പ്രയാസങ്ങളിൽ ക്ഷമിക്കാനും പരസ്പരം ഉപദേശിക്കുകയും ചെയ്യുന്നവരൊഴികെ

# സ്വയ മൂല്യനിർണയം

| | പഠന ലക്ഷ്യം | മൂല്യനിർണ്ണയ ഘട്ടം | | | |
|---|---|---|---|---|---|
| | | ഇല്ല | ദുർബലം | നല്ലത് | വളരെ മികച്ചത് |
| 1 | ഖുർആൻ എന്താണെന്ന് വിശദീകരിക്കാൻ നിങ്ങൾക്ക് സാധിക്കുമോ? | | | | |
| 2 | ഖുർആനും ജീവിതവും തമ്മിലുള്ള ബന്ധം അനുമാനിക്കാൻ നിങ്ങൾക്ക് സാധിക്കുമോ? | | | | |
| 3 | അല്ലാഹു ഖുർആനിൽ പ്രവാചകന്മാരുടെ കഥകൾ പറഞ്ഞത് എന്തുകൊണ്ടാണെന്ന് നിങ്ങൾക്കറിയാമോ? | | | | |
| 4 | സൂറത്തുൽ ഫാത്തിഹയുടെ മൊത്തത്തിലുള്ള അർത്ഥം നിങ്ങൾക്ക് മനസ്സിലായോ? | | | | |
| 5 | സൂറത്തുൽ ഇഖ്‌ലാസിന്റെ മൊത്തത്തിലുള്ള അർത്ഥം നിങ്ങൾക്ക് മനസ്സിലായോ? | | | | |
| 6 | സൂറത്തുൽ ഫലഖിന്റെ മൊത്തത്തിലുള്ള അർത്ഥം നിങ്ങൾക്ക് മനസ്സിലായോ? | | | | |
| 7 | സൂറത്ത് അന്നാസിന്റെ മൊത്തത്തിലുള്ള അർത്ഥം നിങ്ങൾക്ക് മനസ്സിലായോ? | | | | |
| 8 | സൂറത്തുൽ കാഫിറൂന്റെ മൊത്തത്തിലുള്ള അർത്ഥം നിങ്ങൾക്ക് മനസ്സിലായോ? | | | | |
| 9 | സൂറത്തുൽ കൗഥറിന്റെ മൊത്തത്തിലുള്ള അർത്ഥം നിങ്ങൾക്ക് മനസ്സിലായോ? | | | | |
| 10 | സൂറത്തുൽ അസ്‌റിന്റെ മൊത്തത്തിലുള്ള അർത്ഥം നിങ്ങൾക്ക് മനസ്സിലായോ? | | | | |
| 11 | നിങ്ങൾക്ക് സൂറത്തുൽ ഫാത്തിഹ ശരിയായി പാരായണം ചെയ്യാൻ കഴിയുമോ? | | | | |
| 12 | സൂറത്തുൽ ഫാത്തിഹ മനഃപാഠമാക്കാൻ നിങ്ങൾക്ക് കഴിഞ്ഞോ? | | | | |
| 13 | നിങ്ങൾക്ക് സൂറത്തുൽ ഇഖ്‌ലാസ് ശരിയായി പാരായണം ചെയ്യാൻ കഴിയുമോ? | | | | |

| | പഠന ലക്ഷ്യം | മൂല്യനിർണ്ണയ ഘട്ടം | | | |
|---|---|---|---|---|---|
| | | ഇല്ല | ദുർബലം | നല്ലത് | വളരെ മികച്ചത് |
| 14 | സൂറത്തുൽ ഇഖ്‌ലാസ് മനഃപാഠമാക്കാൻ നിങ്ങൾക്ക് കഴിഞ്ഞോ? | | | | |
| 15 | നിങ്ങൾക്ക് സൂറത്തുൽ ഫലഖ് ശരിയായി പാരായണം ചെയ്യാൻ കഴിയുമോ? | | | | |
| 16 | നിങ്ങൾക്ക് സൂറത്തുൽ ഫലഖ് മനഃപാഠമാക്കാൻ കഴിഞ്ഞോ? | | | | |
| 17 | നിങ്ങൾക്ക് സൂറത്ത് അന്നാസ് ശരിയായി പാരായണം ചെയ്യാൻ കഴിഞ്ഞോ? | | | | |
| 18 | സൂറത്ത് അന്നാസ് മനഃപാഠമാക്കാൻ നിങ്ങൾക്ക് കഴിഞ്ഞോ? | | | | |
| 19 | നിങ്ങൾക്ക് സൂറത്തുൽ കാഫിറൂൻ ശരിയായി പാരായണം ചെയ്യാൻ കഴിയുമോ? | | | | |
| 20 | നിങ്ങൾക്ക് സൂറത്തുൽ കാഫിറൂൻ മനഃപാഠമാക്കാൻ കഴിഞ്ഞോ? | | | | |
| 21 | നിങ്ങൾക്ക് സൂറത്തുൽ കൗഥർ ശരിയായി പാരായണം ചെയ്യാൻ കഴിയുമോ? | | | | |
| 22 | നിങ്ങൾക്ക് സൂറത്തുൽ കൗഥർ മനഃപാഠമാക്കാൻ കഴിഞ്ഞോ? | | | | |
| 23 | നിങ്ങൾക്ക് സൂറത്തുൽ അസ്ർ ശരിയായി പാരായണം ചെയ്യാൻ കഴിയുമോ? | | | | |
| 24 | നിങ്ങൾക്ക് സൂറത്തുൽ അസ്ർ മനഃപാഠമാക്കാൻ കഴിഞ്ഞോ? | | | | |
| 25 | നിങ്ങൾ പഠിച്ച സൂറത്തുകളുടെ അർത്ഥം നിങ്ങൾ മനസ്സിലാക്കുന്നുണ്ടോ? | | | | |



## യൂണിറ്റ് 3

# ആരാധനകൾ







## യൂണിറ്റിലെ പാഠങ്ങൾ:

1 ആരാധന
2 ശുദ്ധീകരണം
3 വുദൂഅ്
4 കുളി
5 സ്ത്രീകളുമായി ബന്ധപ്പെട്ട മതവിധികൾ
6 നമസ്കാരം
7 സകാത്ത്
8 നോമ്പ്
9 ഹജ്ജ്







# പാഠം 1

# ആരാധന

## ആമുഖം

ഒരു മുസ്‌ലിം തന്റെ ജീവിതത്തിൽ, തങ്ങളുടെ സ്രഷ്ടാവിനോട് കൂടുതൽ അടുക്കുന്ന നിരവധി ആരാധനകൾ അനുഷ്ഠിക്കുന്നുണ്ട്. ഈ ആരാധനകളെല്ലാം സർവ്വശക്തനായ അല്ലാഹുവിനെ മഹത്വപ്പെടുത്താനും അവനു മാത്രം കീഴൊതുങ്ങാനും ഉദ്ദേശിച്ചുള്ളതാണ്. ഒരു മുസ്‌ലിമിന്റെ ഹൃദയം എത്രത്തോളം അല്ലാഹുവെ മഹത്വപ്പെടുത്തുന്നുവോ അത്രത്തോളം അതിന്റെ സ്വാധീനം അവന്റെ ആരാധനയിൽ കാണാൻ സാധിക്കും. ഒരു യഥാർത്ഥ മുസ്‌ലിം എന്നാൽ ജോലിയും ഉറക്കവും വിനോദവും ഉൾപ്പെടെ തന്റെ ജീവിതം മുഴുവൻ അല്ലാഹുവിനായി സമർപ്പിക്കുന്നവനാണ്. അല്ലാഹു പറയുന്നു: "പറയുക: തീർച്ചയായും എന്റെ പ്രാർത്ഥനയും, എന്റെ ആരാധനാകർമ്മങ്ങളും, എന്റെ ജീവിതവും, എന്റെ മരണവും ലോകരക്ഷിതാവായ അല്ലാഹുവിന്നുള്ളതാകുന്നു. * അവന്ന് പങ്കുകാരേയില്ല. അപ്രകാരമാണ് ഞാൻ കൽപിക്കപ്പെട്ടിരിക്കുന്നത്. (അവന്ന്) കീഴ്‌പെടുന്നവരിൽ ഞാൻ ഒന്നാമനാണ്." (സൂ. അൽ അൻആം 162-163). ആരാധനയുടെ അർത്ഥം, ഇനങ്ങൾ, അത് സ്വീകരിക്കപ്പെടാനുള്ള നിബന്ധനകൾ, അതിന്റെ പദവികൾ എന്തൊക്കെ എന്നെല്ലാം ഈ പാഠത്തിൽ നമുക്ക് പഠിക്കാം.

## ആരാധനയുടെ അർത്ഥം:

ആരാധന: എന്നാൽ ഒരു ദാസന് അല്ലാഹുവിലേക്ക് അടുക്കാനായി അവൻ മത നിയമമാക്കി നൽകിയ പ്രവർത്തനങ്ങളാണ്. നമസ്കാരം, ഹജ്ജ് പോലെ പ്രത്യക്ഷമായി കാണാൻ കഴിയുന്ന ശാരീരിക ആരാധനകളും പ്രത്യക്ഷത്തിൽ കാണാൻ സാധിക്കാത്ത അല്ലാഹുവോടുള്ള ഇഷ്ടം, പ്രതീക്ഷ, ഭയം തുടങ്ങി ഹൃദയത്തിന്റെ ആരാധനകളും അടങ്ങുന്ന അല്ലാഹു ഇഷ്ടപ്പെടുന്ന മുഴുവൻ വാക്കുകളും പ്രവർത്തനങ്ങളും ഉൾകൊള്ളുന്നതാണത്. ഒരാൾക്ക് തന്റെ ഉദ്ദേശം (നിയ്യത്ത്) നന്നാക്കുന്നതിലൂടെ തന്റെ പതിവുകളും ആരാധനയാക്കി മാറ്റാൻ സാധിക്കും. അഥവാ തന്റെ ഭക്ഷണ പാനീയങ്ങളിലൂടെയും ഉറക്കിലൂടെയും അല്ലാഹുവിന് അനുസരണ കാണിക്കാനുള്ള ശക്തി ലഭിക്കുക എന്നതാണ് ഒരാൾ ഉദ്ദേശിക്കുന്നതെങ്കിൽ അപ്പോൾ അവന് അതിനും പ്രതിഫലം നൽകപ്പെടും.

## ആരാധനയുടെ ഇനങ്ങൾ:

ആരാധനയെ വിവിധ ഇനങ്ങളായി തിരിച്ചിരിക്കുന്നു:



**ഹൃദയത്തിന്റെ ആരാധന**

ഇഷ്ടം, ഭയം, റജാഅ് (പ്രതീക്ഷ), ഖുഷൂഅ് (ഭയഭക്തി) തുടങ്ങിയവ പോലെ ഒരു മുസ്‌ലിം തന്റെ ഹൃദയം കൊണ്ട് നടത്തുന്ന ആരാധനകൾ.

റജാഅ് (പ്രതീക്ഷ): പരിശ്രമിക്കുകയും അല്ലാഹുവിൽ നല്ല ഭരമേൽപിക്കൽ നടത്തുകയും ചെയ്യുന്നതോടൊപ്പം അല്ലാഹുവിന്റെ ഔദാര്യത്തിൽ സന്തോഷിക്കുകയും അവന്റെ ദയയിലും നൽകലിലും പ്രതീക്ഷയർപ്പിക്കുകയും ചെയ്യുക.

ഖുഷൂഅ് (ഭയഭക്തി): നമസ്കാരം പോലെയുള്ള ആരാധനാ സമയത്ത് ആത്മാവ് ശാന്തവും മനസ്സ് വ്യതിചലിക്കാത്തതുമായ അവസ്ഥ, ഉദാഹരണത്തിന്, അവയവങ്ങൾ അനാവശ്യമായി അനങ്ങാത്തതിൽ അതിന്റെ സ്വാധീനം പ്രകടമാകുന്നു.



**ശാരീരികമായ ആരാധന**

നമസ്കാരം, സകാത്ത്, ഹജ്ജ് പോലെ ഒരു മുസ്‌ലിം തന്റെ ശരീരം കൊണ്ട് നിർവഹിക്കുന്ന ആരാധനകൾ.



**ഉപേക്ഷിക്കുന്നതിലൂടെയുള്ള ആരാധന**

മദ്യപാനം, വ്യഭിചാരം തുടങ്ങി അല്ലാഹു നിഷിദ്ധമാക്കിയ കാര്യങ്ങളും, ഭക്ഷണ പാനീയം പോലെ അനുവദനീയമായ കാര്യങ്ങൾ തന്നെ നോമ്പ് പോലെയുള്ള നിശ്ചിത സമയങ്ങളിലും ഒഴിവാക്കി അല്ലാഹുവിന്റെ സാമീപ്യം സിദ്ധിക്കാൻ ഒരു മുസ്‌ലിം നടത്തുന്ന പ്രവർത്തനങ്ങൾ.

## ആരാധനകൾ സ്വീകരിക്കപ്പെടാനുള്ള നിബന്ധനകൾ:

രണ്ട് നിബന്ധനകളാണ് ഉള്ളത്; ഒന്ന്: അല്ലാഹുവിന് നിഷ്കളങ്കമാക്കുക (ഇഖ്‌ലാസ്). രിയാഅ് (ലോകമാന്യത) ഇല്ലാതെ അല്ലാഹുവിലേക്ക് സാമിപ്യം സിദ്ധിക്കാനായിരിക്കണം ഒരു മുസ്‌ലിം അത് നിർവഹിക്കേണ്ടത്. രണ്ട്: അല്ലാഹുവിന്റെ മതനിയമങ്ങളോട് യോജിച്ചതാവുക. ഒരു മുസ്‌ലിം തന്റെ ആരാധനാ കർമങ്ങൾ നിർവഹിക്കേണ്ടത് അല്ലാഹു നിയമമാക്കിയതിനും നബി(സ) പഠിപ്പിച്ചതിനും അനുസരിച്ചായിരിക്കണം.

രിയാഅ് (ലോകമാന്യത): ഒരാൾ ആരാധനാ കർമങ്ങൾ ചെയ്യുമ്പോൾ താൻ പ്രവർത്തിക്കുന്നത് ആളുകൾ കാണണമെന്നും അങ്ങനെ എനിക്ക് പ്രശംസ ലഭിക്കണമെന്നും ലക്ഷ്യമാക്കുന്നതാണ് ലോകമാന്യത.

### ചർച്ച ചെയ്യുക



ഒരാൾ ഇഖ്‌ലാസ് (അല്ലാഹുവിന് വേണ്ടി മാത്രമാക്കൽ) ഒഴിവാക്കി ജനങ്ങളെ കാണിക്കാൻ വേണ്ടി ആരാധനകൾ നടത്തുമ്പോൾ അയാൾക്ക് നഷ്ടമാകുന്നതെന്താണ്?

..................................................................................................

..................................................................................................

..................................................................................................

..................................................................................................

..................................................................................................

..................................................................................................

## ആരാധനകളുടെ പദവികൾ:

**ആരാധനകൾ പദവികളിൽ വ്യത്യസ്തമാണ്:**

അതിൽ പെട്ടതാണ്; നമസ്കാരം പോലെ നിർബന്ധമായ കർമങ്ങൾ, സകാത്ത് പോലെ ചിലർക്ക് മാത്രം നിർബന്ധമാകുന്ന കാര്യങ്ങൾ സകാത്ത് കഴിവുള്ളവർക്ക് മാത്രമാണ് നിർബന്ധമാകുന്നത്, നമസ്കാര ശേഷമുള്ള ദിക്റുകളും ദുആഉകളും പോലെ നിർബന്ധമല്ലെങ്കിലും പുണ്യകരമായ കർമങ്ങൾ എന്നിവ.

### അഭ്യാസം

**താഴെ കൊടുത്തിരിക്കുന്ന ആരാധനകൾ അവയുടെ പദവി അനുസരിച്ച് യോജിച്ച സ്ഥലത്ത് രേഖപ്പെടുത്തുക:**

- അസ്ർ നമസ്കാരം.
- പ്രഭാതത്തിലെ ദിക്റുകൾ.
- മാതാ പിതാക്കൾക്ക് നന്മ ചെയ്യൽ.
- ഹജ്ജ്.
- റമദാനിലെ നോമ്പ്.
- സകാത്ത്.

എല്ലാ മുസ്‌ലിംകൾക്കും നിർബന്ധമായത്:

മുസ്‌ലിംകളിൽ ചിലർക്ക് മാത്രം നിർബന്ധമായത്:

നിർബന്ധമില്ലാതെ പുണ്യകരമായത്:

## മൂല്യ നിർണയ ചോദ്യങ്ങൾ

**1** "Why do i surrender to Allah" എന്ന വീഡിയോ കണ്ട ശേഷം - ഒരു മുസ്‌ലിം തന്റെ എല്ലാ കർമങ്ങളും അല്ലാഹുവിനെ മാത്രം ഉദ്ദേശിച്ച് അവന് നിഷ്കളങ്കമാക്കുന്നതിലൂടെ നേടിയെടുക്കുന്ന ഗുണഫലങ്ങൾ എഴുതുക:

.............................................................................................................................

.............................................................................................................................

.............................................................................................................................

.............................................................................................................................

.............................................................................................................................

.............................................................................................................................

.............................................................................................................................

.............................................................................................................................

.............................................................................................................................

.............................................................................................................................

.............................................................................................................................

.............................................................................................................................

വീഡിയോ കാണാൻ QR കോഡ് സ്കാൻ ചെയ്യുക.

**2** കർമങ്ങൾ സ്വീകരിക്കാൻ അവ അല്ലാഹുവിന് നിഷ്കളങ്കമാക്കലും അല്ലാഹു മതനിയമമാക്കി തന്നതിനോട് യോജിക്കലും അനിവാര്യമാണ്.

◯ ശരി ◯ തെറ്റ്



# പാഠം 2

# ശുദ്ധീകരണം

## ആമുഖം

ഇസ്‌ലാം ശുദ്ധിയും വൃത്തിയും ആവശ്യപ്പെടുന്നു, ഒരു മുസ്‌ലിം തന്റെ വ്യക്തി ശുചിത്വം പാലിക്കണമെന്നത് ഊന്നിപ്പറയുകയും ഈ വിഷയത്തെ മതത്തിന്റെ ചിഹ്നങ്ങളിൽ ഒന്നാക്കി മാറ്റുകയും ചെയ്യുന്നു. ഒരു മുസ്‌ലിമിന്റെ പല ആരാധനാ കർമങ്ങളുടെയും സാധുത തന്നെ ശുദ്ധിയുമായി ബന്ധപ്പെട്ട് കിടക്കുന്നു. വിശ്വാസിയുടെ അടയാളങ്ങളിലൊന്നാണ് ശുദ്ധി. ഒരു മുസ്ലിമിനെ മറ്റുള്ളവരിൽ നിന്ന് വേർതിരിക്കുന്ന സ്വഭാവ സവിശേഷതകളിൽ ഒന്നാണിത്. ഈ പാഠത്തിൽ ശുദ്ധിയുടെ അർത്ഥം, അതിന്റെ ഇനങ്ങൾ, അതുമായി ബന്ധപ്പെട്ട ചില വിധികൾ എന്നിവയെക്കുറിച്ച് നമുക്ക് പഠിക്കാം.

## ശുദ്ധീകരണം അർത്ഥമാക്കുന്നത്:

### ശുദ്ധീകരണം

| അല്ലാഹുവിനുള്ള ആരാധന | അശുദ്ധി ഇല്ലാതാക്കൽ | മാലിന്യങ്ങൾ നീക്കം ചെയ്യൽ |
|---|---|---|
| ഇതിലൂടെ ലക്ഷ്യമാക്കേണ്ടത് അല്ലാഹുവിനുള്ള അനുസരണവും അവന്റെ സാമിപ്യവുമാണ്. | ശുദ്ധി ഇല്ലാതാകാനുള്ള കാരണമായി മതം പഠിപ്പിക്കുന്ന അവയവങ്ങളിൽ സംഭവിക്കുന്ന എല്ലാ കാര്യങ്ങളുടെയും വിശേഷണമാണ് അശുദ്ധി. | മൂത്രം, മലം എന്നിവ പോലെ നീക്കം ചെയ്യാനും ശുദ്ധിയാകാനും മതം ആവശ്യപ്പെടുന്ന മലിന വസ്തുക്കളിൽ നിന്നുള്ള ശുദ്ധിയാകലാണ് ഇത് കൊണ്ടുള്ള ഉദ്ദേശം. |

**വിശദമായ പഠനത്തിന്**

**ശുദ്ധീകരണത്തിന്റെ നിയമങ്ങളെ കുറിച്ച് കൂടുതൽ മനസ്സിലാക്കാൻ "ശുദ്ധീകരണം ഇസ്‌ലാമിൽ" എന്ന പുസ്തകം വായിക്കുക. ഈ പുസ്തകം ഉസൂൽ സ്റ്റോറിൽ വിവിധ ലോക ഭാഷകളിൽ ലഭ്യമാണ്.**

പുസ്തകം ഡൗൺലോഡ് ചെയ്യാൻ QR കോഡ് സ്കാൻ ചെയ്യുക

## ശുദ്ധീകരണത്തിന്റെ ഇനങ്ങൾ :

ശുദ്ധീകരണം രണ്ട് വിധമുണ്ട്;

**ഭൗതികമായ ശുദ്ധീകരണം**

അഥവാ മാലിന്യങ്ങൾ നീക്കം ചെയ്യലും അത് ആയ ഭാഗങ്ങൾ വൃത്തിയാക്കലുമാണത്. നമസ്കാരത്തിന് തടസമാകുന്ന കാരണങ്ങളെ ശരീരത്തിന്റെ ചില ഭാഗങ്ങൾ കഴുകി കൊണ്ടോ ശരീരം മുഴുവനായി കഴുകി കൊണ്ടോ നീക്കം ചെയ്യലാണ് അത് കൊണ്ടുള്ള ഉദ്ദേശം.

**ആത്മീയമായ ശുദ്ധീകരണം**

ശിർക്ക്, പക, വിദ്വേഷം തുടങ്ങിയ ഹൃദയ രോഗങ്ങളിൽ നിന്നും മനസ്സിനെ ശുദ്ധിയാക്കുക. അത് ശാരീരിക ശുദ്ധീകരണം പോലെ പ്രധാന പ്പെട്ടതാണെന്ന് മാത്രമല്ല, ശിർക്കെന്ന മാലിന്യം ഉണ്ടായിരിക്കെ ശാരീരിക ശുദ്ധി സാധ്യമല്ല തന്നെ. അല്ലാഹു പറയുന്നു: "ബഹുദൈവ വിശ്വാസികൾ അശുദ്ധർ തന്നെയാകുന്നു" (സൂ. തൗബ 28).



വുദൂഅ്: എന്നാൽ ശരീരത്തിന്റെ ചില ഭാഗങ്ങൾ വെള്ളം കൊണ്ട് കഴുകുക.

ഭൗതികമായ ശുദ്ധീകരണം നിർവഹിക്കപ്പെടുന്നത് ഒന്നുകിൽ വുദൂഅ് കൊണ്ടോ അല്ലെങ്കിൽ കുളി കൊണ്ടോ ആണ്.



കുളി : എന്നാൽ ശരീരം മുഴുവൻ വെള്ളം ഉപയോഗിച്ച് കഴുകുക.



**ശുദ്ധീകരണത്തിന് കടൽ വെള്ളം, പുഴ വെള്ളം, കിണറിലെ വെള്ളം എന്നിവ പോലെ മാലിന്യങ്ങൾ കലരാത്ത ശുദ്ധമായ വെള്ളമാണ് ഉപയോഗിക്കേണ്ടത്.**

## ശുദ്ധീകരണവുമായി ബന്ധപ്പെട്ട വിധികൾ:

- ഒരു വസ്തുവിന്മേലുള്ള അടിസ്ഥാന നിയമം അത് ശുദ്ധമാണെന്നാണ്. എന്തെങ്കിലും കാരണത്താൽ മതം അത് മാലിന്യമാണെന്ന് നിഷ്കർശിക്കാത്തിടത്തോളം അത് ശുദ്ധമായി തന്നെ പരിഗണിക്കപ്പെടും.
- ശരീരവും വസ്ത്രവും മാലിന്യത്തിൽ നിന്നും മുക്തമാക്കാൻ വെള്ളമോ മറ്റ് ശുദ്ധമായതും മാലിന്യം നീക്കാൻ പര്യാപ്തവുമായ ഏതെങ്കിലും വസ്തുക്കളോ ഉപയോഗിച്ച് മാലിന്യം നീക്കിയാൽ മതിയാകും.
- ഒരാൾ തന്റെ പ്രാഥമിക കാര്യങ്ങൾ നിർവഹിച്ച് കഴിഞ്ഞാൽ ഗുഹ്യഭാഗങ്ങൾ വെള്ളം കൊണ്ട് വൃത്തിയാക്കലാണ് ഏറ്റവും ഉത്തമം. എന്നാൽ ടിഷ്യു പേപ്പർ പോലെ മാലിന്യം നീക്കാൻ പര്യാപ്തമായ വസ്തുക്കൾ ഉപയോഗിച്ചും വൃത്തിയാക്കാവുന്നതാണ്.

## ചർച്ച ചെയ്യുക

ഒരു മുസ്‌ലിമിന്റെ ശുദ്ധീകരണത്തിന്റെയും വ്യക്തിശുചിത്വത്തിന്റെയും ആവശ്യകത ഊന്നിപ്പറയുന്നത് എന്താണ് സൂചിപ്പിക്കുന്നത്?

..................................................................................................................

..................................................................................................................

..................................................................................................................

..................................................................................................................

..................................................................................................................

..................................................................................................................

..................................................................................................................

..................................................................................................................

..................................................................................................................

..................................................................................................................

..................................................................................................................

..................................................................................................................

..................................................................................................................

..................................................................................................................

..................................................................................................................

..................................................................................................................

..................................................................................................................

..................................................................................................................

ശരിയായ ഉത്തരം തിരഞ്ഞെടുക്കുക:

**1** ശുദ്ധീകരണം എന്നത് അർത്ഥമാക്കുന്നത്?

- a. അശുദ്ധി ഇല്ലാതാക്കൽ.
- b. മാലിന്യം നീക്കൽ.
- c. മേൽ പറഞ്ഞവയെല്ലാം.

**2** ശരീരം മുഴുവൻ വെള്ളം കൊണ്ട് കഴുകുന്നതിന് പറയുന്ന പേര്?

- a. വുദൂഅ്.
- b. കുളി.
- c. തയമ്മും.

**3** പൊതുവെ ശുദ്ധീകരണം രണ്ട് ഇനങ്ങളാണ്? ഏതൊക്കെ ?

- a. ഭൗതിക ശുദ്ധീകരണവും ആത്മീയ ശുദ്ധീകരണവും.
- b. വുദൂഉം തയമ്മുമും.
- c. വുദൂഉം കുളിയും.



# പാഠം 3

# വുദൂഅ്

## ആമുഖം

ഒരു മുസ്‌ലിമിന്റെ ഏറ്റവും വലിയ ചിഹ്നമായി കണക്കാക്കപ്പെടുന്ന നമസ്കാരവുമായി അടുത്ത ബന്ധം ഉള്ളതിനാൽ വുദുവിന് ഇസ്ലാമിൽ അതിന്റേതായ പ്രാധാന്യം ഉണ്ട്, അതിനാൽ തന്നെ ശരിയായ രീതിയിൽ അത് പഠിക്കാൻ ഒരു മുസ്‌ലിം പ്രത്യേകം ശ്രദ്ധിക്കണം. വുദുവിന്റെ ആശയം, അത് നിർബന്ധമായ കാര്യങ്ങൾ, അതിനെ ദുർബലമാക്കുന്ന കാര്യങ്ങൾ, അതിന്റെ ശരിയായ രൂപം എന്നീ കാര്യങ്ങൾ ഈ പാഠഭാഗത്തിൽ നമുക്ക് പഠിക്കാം.

## വുദുവിന്റെ അർത്ഥം:

വുദൂഅ്: മുഖവും ഇരു കൈകളും കാലുകളും പ്രത്യേകം പഠിപ്പിക്കപ്പെട്ട രൂപത്തിൽ കഴുകലാണ് വുദൂഅ്.

## വുദൂഅ് നിർബന്ധമായ കാര്യങ്ങൾ:

ഒരു കാര്യം ചെയ്യാൻ വുദൂഅ് നിർബന്ധമാകുന്ന, ഒരാൾക്ക് അശുദ്ധി ഉണ്ടായിരിക്കെ ചെയ്യൽ നിഷിദ്ധമായ കാര്യങ്ങളാണ് ഇത് കൊണ്ട് ഉദ്ദേശിക്കുന്നത്.

> അശുദ്ധി: മാലിന്യങ്ങൾ പോലെ ഘര രൂപത്തിൽ കാണുന്നില്ലെങ്കിലും അവയിൽ നിന്നും ശുദ്ധിയാകുന്നത് വരെ ഒരാളെ നമസ്കാരം നിർവഹിക്കുന്നതിൽ നിന്നും തടയുന്നകാര്യങ്ങൾക്കാണ് അശുദ്ധി എന്ന് പറയുക. അവ രണ്ട് ഇനങ്ങളാണ്. അശുദ്ധാവസ്ഥ ഒഴിവാക്കാൻ ഒരാൾ വുദു എടുക്കൽ അനിവാര്യമായ അശുദ്ധിയാണ് അതിൽ ഒന്നാമത്തേത് എങ്കിൽ അശുദ്ധാവസ്ഥ ഒഴിവാക്കാൻ ഒരാൾ കുളിക്കൽ അനിവാര്യമായ അശുദ്ധിയാണ് രണ്ടാമത്തേത്.



1 നമസ്കാരം.



2 കഅബാലയം ത്വവാഫ് ചെയ്യൽ.



3 മുസ്ഹഫ് സ്പർശിക്കൽ.

## എങ്ങനെയാണ് നാം വുദൂഅ് ചെയ്യേണ്ടത്?

ഒരാൾ വുദൂഅ് ചെയ്യാൻ ഉദ്ദേശിക്കുകയാണെങ്കിൽ താഴെ കൊടുത്ത ക്രമത്തിലാണ് അത് നിർവഹിക്കേണ്ടത്:

1

'ബിസ്മില്ലാഹ്' എന്ന് പറയുക.



2



ആദ്യം വലത് കൈ കഴുകി കൊണ്ട് ഇരു കൈപ്പത്തികളും കഴുകുക.

3



വായ കൊപ്ലിച്ച് ശുദ്ധിയാക്കുക.

4



മൂക്കിൽ വെള്ളം കയറ്റി ചീറ്റി ശുദ്ധമാക്കുക.

5



മുഖം മുഴുവനായി കഴുകുക. മുഖത്തിന്റെ പരിധി ഉയരത്തിൽ നെറ്റിയുടെ ഏറ്റവും മുകൾ ഭാഗത്ത് മുടികൾ മുളക്കാൻ തുടങ്ങുന്ന ഭാഗം മുതൽ താടി രോമങ്ങൾ ഉൾപ്പടെ കീഴ്ത്താടിയുടെ അറ്റം വരെയും വീതിയിൽ ഒരു ചെവിക്കുറ്റി മുതൽ മറ്റേ ചെവിക്കുറ്റി വരെയുമാണ്.

6



ആദ്യം വലത് കൈ കഴുകി കൊണ്ട് ഇരു കൈകളും വിരലുകൾ മുതൽ കൈ മുട്ടുകൾ ഉൾപ്പടെ കഴുകുക.

7



ഇരു കൈകളും വെള്ളം കൊണ്ട് നനച്ച ശേഷം അവകൊണ്ട് തലയുടെ മുൻഭാഗത്ത് നിന്ന് പിന്നോട്ടും ശേഷം അവിടെ നിന്ന് തിരിച്ച് മുന്നോട്ടും എന്ന നിലക്ക് തടവുക.

8



ഇരു ചെവികളുടെയും ഉൾഭാഗം ചൂണ്ട് വിരൽ കൊണ്ടും പുറംഭാഗം തള്ളവിരൽ കൊണ്ടും തടവുക.

9



ആദ്യം വലത് കാൽ കഴുകി കൊണ്ട് ഇരു കാൽപാദങ്ങളും നെരിയാണിവരെ മടമ്പുകൾ ഉൾപ്പടെ കഴുകുക.

## വുദുവിൽ അവയവങ്ങൾ കഴുകേണ്ട എണ്ണം:

തലയും ഇരു ചെവികളും ഒഴികെയുള്ള മുഴുവൻ അവയവങ്ങളും മൂന്ന് പ്രാവശ്യം കഴുകലാണ് സുന്നത്ത്. തലയും ഇരു ചെവികളും ഒരു പ്രാവശ്യമാണ് തടവേണ്ടത്. കഴുകേണ്ട ഭാഗങ്ങൾ മുഴുവൻ നന ഞ്ഞുവെന്ന് ഉറപ്പ് വരുത്തുക എന്ന നിബന്ധന പാലിച്ച് കൊണ്ട് ഒരു പ്രാവശ്യം കഴുകുന്നതും അനുവദനീയമാണ്.

## വുദു മുറിയുന്ന കാര്യങ്ങൾ:

താഴെ പറയുന്ന നാല് കാര്യങ്ങളിൽ ഏതെങ്കിലുമൊന്ന് സംഭവിച്ചാൽ വുദു ദുർബലമാകുന്നതാണ്:

- ■ കീഴ്‌വായു, മൂത്രം, മലം, ശുക്ലം, വികാരത്തിന്റെ ഭാഗമായി പുറത്ത് വരുന്ന നനവ് എന്നിവ പുറത്ത് വരിക.
- ■ ഉറക്കം, ലഹരി എന്നിവ മൂലം ബുദ്ധി നീങ്ങിപോവുക.
- ■ ഗുഹ്യഭാഗം വികാരത്തോടെ സ്പർശിക്കുക.
- ■ ഒട്ടക മാംസം ഭക്ഷിക്കുക.

**വിശദമായ പഠനത്തിന്**

**വുദുവിന്റെ രൂപം മനസ്സിലാക്കാൻ ഉസൂൽ സെന്റർ പുറത്തിറക്കിയ ഈ വീഡിയോ കാണുക.**

വീഡിയോ കാണാൻ QR കോഡ് സ്കാൻ ചെയ്യുക.

### ചർച്ച ചെയ്യുക

വുദുവിന്റെ രൂപം ശരിയായി പഠിക്കാനും പ്രയോഗിക്കാനും സഹായിക്കുന്ന ചില മാർഗങ്ങൾ പട്ടികപ്പെടുത്തുക.

..............................................................................................................

..............................................................................................................

..............................................................................................................

..............................................................................................................

..............................................................................................................

..............................................................................................................

..............................................................................................................

..............................................................................................................

..............................................................................................................

..............................................................................................................

..............................................................................................................

..............................................................................................................

..............................................................................................................

..............................................................................................................

..............................................................................................................

## എപ്പോഴാണ് ഒരാൾ വീണ്ടും വുദു ചെയ്യാൻ നിർബന്ധിതനാകുന്നത് ?

മുമ്പ് സൂചിപ്പിച്ചത് പോലെ ഒരാൾ വുദു ചെയ്താൽ ശുദ്ധിയുടെ അവസ്ഥയിൽ തന്നെ തുടരുന്നതാണ്. വുദു ദുർബലമാക്കുന്ന കാര്യങ്ങൾ സംഭവിച്ചാൽ മാത്രമേ അയാൾ വീണ്ടും വുദു ചെയ്യേണ്ടതുള്ളൂ.

### അഭ്യാസം

**താഴെ കൊടുത്തിരിക്കുന്ന വാക്യങ്ങൾ അവയുടെ ശരിയായ ഇടത്ത് ക്രമീകരിക്കുക:**

- മൂത്രമൊഴിക്കുക
- മുസ്ഹഫ് സ്പർശിക്കൽ
- ഉറക്കം
- നമസ്കാരം
- കഅബാലയം ത്വവാഫ് ചെയ്യൽ
- വികാരത്തോട് കൂടി ഗുഹ്യഭാഗം സ്പർശിക്കൽ.
- ഒട്ടക മാംസം ഭക്ഷിക്കൽ

വുദൂഅ് നിബന്ധനയായ കർമങ്ങൾ:

വുദൂഅ് മുറിയുന്ന കാര്യങ്ങൾ:

## കാലുറ (ഷോക്സ്)കളിൽ തടവൽ:

വുദൂഅ് ചെയ്യുന്നവൻ കാലുറകൾ ധരിച്ചിട്ടുണ്ടെങ്കിൽ കാല് കഴുകാൻ വേണ്ടി അവ അഴിക്കണമെന്നില്ല. ഇരു കൈകളിലും വെള്ളം നനച്ച് കാലുറകളുടെ മുകളിലൂടെ കാൽപാദങ്ങളുടെ മുകൾ ഭാഗം തടവിയാൽ മതിയാകും. എന്നാൽ ഇത് ശരിയാവണമെങ്കിൽ 3 നിബന്ധനകൾ പാലിക്കപ്പെടേണ്ടതുണ്ട്:

**1.** ആ കാലുറകൾ ശുദ്ധിയുള്ള അവസ്ഥയിൽ ധരിച്ചതായിരിക്കണം.

**2.** കാലുറകൾ ഇരു കാലുകളും നെരിയാണിയും മടമ്പുകളും ഉൾപ്പടെ മറക്കുന്നവയായിരിക്കണം.

**3.** അവയിൽ തടവാൻ അനുവദിക്കപ്പെട്ട കാലാവധി വിട്ടു കടക്കാൻ പാടില്ല. (താമസക്കാരന് ഒരു രാത്രിയും അതിന്റെ പകലും, യാത്രക്കാരന് മൂന്ന് രാത്രികളും അതിന്റെ പകലുകളും എന്നിങ്ങനെയാണ് സമയ പരിധി).



തടവുന്നതിന്റെ സമയ പരിധി ആരംഭിക്കുന്നത് ആദ്യമായി അതിൽ തടവുന്നത് മുതലാണ്.

ശരിയായ ഉത്തരം തിരഞ്ഞെടുക്കുക:

**1** താഴെ കൊടുത്തിരിക്കുന്ന വുദുവിന്റെ കർമങ്ങൾ ആദ്യത്തിൽ നിന്ന് അവസാനത്തിലേക്ക് എന്ന നിലക്ക് ക്രമത്തിലാക്കുക:

a. തല തടവൽ. ◯ ..................

b. വായ കൊപ്ലിക്കൽ. ◯ ..................

c. മുഖം കഴുകൽ. ◯ ..................

d. ചെവികൾ തടവൽ. ◯ ..................

e. കാലുകൾ കഴുകൽ. ◯ ..................

f. ഇരു കൈപ്പടങ്ങളും കഴുകൽ. ◯ ..................

**2** താഴെ കൊടുത്തതിൽ വുദു ചെയ്യൽ നിബന്ധനയായ കർമങ്ങൾ തിരഞ്ഞെടുക്കുക:

◯ a. നമസ്കാരം.

◯ b. നോമ്പ്.

◯ c. മുസ്ഹഫ് സ്പർശിക്കൽ.

◯ d. ബാങ്ക്.

◯ e. ത്വവാഫ്.

**3** ശരിയായ ഉത്തരം തിരഞ്ഞെടുക്കുക:

വുദു ദുർബലമാക്കുന്ന കാര്യങ്ങൾ എത്ര ?

◯ 2

◯ 3

◯ 4



# പാഠം 4

# കുളി

## ആമുഖം

മൂന്നാമത്തെ യൂണിറ്റിലെ രണ്ടാമത്തെ പാഠത്തിൽ, ഒരു മുസ്‌ലിമിന്റെ ജീവിതത്തിൽ ശുദ്ധിയുടെ പ്രാധാന്യത്തെക്കുറിച്ച് മുമ്പ് സൂചിപ്പിച്ചിട്ടുണ്ട്. ഒരു മുസ്‌ലിം പ്രത്യേക സാഹചര്യങ്ങളിൽ അനുഷ്ഠിക്കേണ്ട ശുദ്ധീകരണ രീതികളിലൊന്നായ കുളിയെ കുറിച്ച് ഈ പാഠത്തിൽ നമുക്ക് പഠിക്കാം.

## കുളിയുടെ അർത്ഥം:

കുളി എന്നാൽ: അശുദ്ധി നീങ്ങണം എന്ന ഉദ്ദേശത്തോടെ ശരീരം മുഴുവൻ വെള്ളം കൊണ്ട് കഴുകൽ.

## എങ്ങനെയാണ് നമ്മൾ കുളിക്കേണ്ടത്?

കുളിക്കുമ്പോൾ വായ കൊപ്ളിക്കലും മൂക്കിൽ വെള്ളം കയറ്റി ചീറ്റലും ഉൾപ്പടെ ശരീരം മുഴുവൻ വെള്ളം കൊണ്ട് കഴുകണം. അങ്ങനെ ചെയ്യുമ്പോഴാണ് ഒരു മുസ്‌ലിം വലിയ അശുദ്ധിയിൽ നിന്ന് ശുദ്ധിയാകുന്നത്.

വലിയ അശുദ്ധി: അത് നീക്കാൻ കുളി അനിവാര്യമായതും വുദു മതിയാകാത്തതുമായ അശുദ്ധ അവസ്ഥക്കാണ് വലിയ അശുദ്ധി എന്ന് പറയുന്നത്. അത് വിവിധ ഇനങ്ങളാണ്.

1. ജനാബത്ത്: സ്ത്രീകൾക്കും പുരുഷന്മാർക്കും സംയോഗത്തിൽ ഏർപ്പെടുക, ലൈംഗിക ബന്ധത്തിൽ ഏർപ്പെടാതെയാണെങ്കിൽ പോലും സ്ഖലനം സംഭവിക്കുക എന്നീ അവസ്ഥകളാൽ അശുദ്ധത ഉണ്ടാകുന്നതിന് പറയുന്ന പേരാണ് ജനാബത്ത്.

2. ആർത്തവം: സ്ത്രീകൾക്ക് എല്ലാ മാസവും അവരുടെ ഗർഭപാത്രത്തിൽ നിന്നും ഏതാനും ദിവസം രക്തം പുറത്ത് വരുന്ന അവസ്ഥ (മാസമുറ).

3. പ്രസവ രക്തം: പ്രസവത്തെ തുടർന്ന് ഗർഭ പാത്രത്തിൽ നിന്നും രക്തം പുറത്ത് വരുന്ന അവസ്ഥ.

## കുളിയുടെ സമ്പൂർണ്ണ രൂപം:

ഒരാൾ സമ്പൂർണമായ കുളി ഉദ്ദേശിച്ചാൽ താഴെ കൊടുത്ത ക്രമത്തിലാണ് അത് നിർവഹിക്കേണ്ടത്:

1. ഗുഹ്യ ഭാഗം കഴുകുക.
2. നമസ്കാരത്തിന് വുദു ചെയ്യുന്നത് പോലെ വുദു ചെയ്യുക.
3. ശരീരം മുഴുവൻ വെള്ളം ഉപയോഗിച്ച് കഴുകുക.

## എപ്പോഴാണ് കുളി നിർബന്ധമാക്കുന്നത്?

മൂന്ന് അവസ്ഥകളിലാണ് ഒരു മുസ്‌ലിമിന് കുളി നിർബന്ധമാക്കുന്നത്:

1. ഉറക്കിലോ ഉണർവിലോ സ്ഖലനം സംഭവിക്കുക.

2. സ്ഖലനം സംഭവിച്ചാലും ഇല്ലെങ്കിലും സംയോഗം നടക്കുക.

3. സ്ത്രീകൾക്ക് ആർത്തവമോ പ്രസവ രക്തമോ ഉണ്ടാവുക. അത് നിന്നാൽ കുളി നിർബന്ധമാണ്.

### ചർച്ച ചെയ്യുക

അശുദ്ധി നീക്കം ചെയ്യുന്നതിനായി കുളിക്കാനുള്ള നിർദ്ദേശം എന്താണ് സൂചിപ്പിക്കുന്നത്?

..............................................................................................

..............................................................................................

..............................................................................................

..............................................................................................

..............................................................................................

..............................................................................................

..............................................................................................

..............................................................................................

## ജനാബത്ത് ഉള്ളയാൾക്ക് നിഷിദ്ധമായ കാര്യങ്ങൾ:

സ്ഖലനം മൂലമോ സംയോഗം മൂലമോ ഒരാൾക്ക് കുളി നിർബന്ധമാകുന്ന അവസ്ഥക്ക് പറയുന്ന പേരാണ് ജനാബത്ത്.

ഈ അവസ്ഥയിൽ അയാൾക്ക് നിഷിദ്ധമായ കാര്യങ്ങളാണ്:



1. നമസ്കാരം



2. കഅബാലയം ത്വവാഫ് ചെയ്യൽ.



3. മുസ്ഹഫ് സ്പർശിക്കുകയോ അത് എടുക്കുകയോ ചെയ്യൽ.



4. പള്ളിയിൽ താമസിക്കൽ.



5. ഖുർആൻ പാരായണം ചെയ്യൽ.

## തയമ്മും:

വെള്ളം ഇല്ലാത്തത് മൂലമോ രോഗമോ മറ്റോ കൊണ്ട് വെള്ളം ഉപയോഗിക്കുന്നതിനുള്ള തടസ്സം മൂലമോ വുദുവോ കുളിയോ ഉദ്ദേശിച്ച ഒരാൾക്ക് അവക്ക് പകരമായി മതം സംവിധാനിച്ച് കൊടുത്ത ഒരു കാര്യമാണ് തയമ്മും എന്നത്. തയമ്മുമിന്റെ രൂപം: കൈകൾ കൊണ്ട് ഒരു പ്രാവശ്യം മണ്ണിൽ അടിക്കുക. ശേഷം ആ കൈകൾ കൊണ്ട് മുഖം തടവുക. ശേഷം ഇരു കൈകളും തടവുക.




## തയമ്മും ചെയ്ത ശേഷം വെള്ളം ലഭിച്ചാൽ ഞാൻ എന്ത് ചെയ്യണം?

തയമ്മും ചെയ്ത ഒരാൾക്ക് വെള്ളം ലഭിക്കുകയോ അല്ലെങ്കിൽ അത് ഉപയോഗിക്കാനുണ്ടായ തടസ്സം നീങ്ങുകയോ ചെയ്താൽ അവന്റെ ശുദ്ധി നഷ്ടപ്പെട്ടു. എന്തിന് പകരമായാണോ അയാൾ തയമ്മും ചെയ്തത്, ആ കർമം (വുദു/കുളി) അയാൾ അത് നിർവഹിക്കേണ്ടതാണ്.

**1**

ജനാബത്തിൽ നിന്ന് മുക്തനാകുന്നതിന് വേണ്ടിയുള്ള കുളി ശരിയാകാൻ കുളിക്കുമ്പോൾ ശരീരം മുഴുവൻ വെള്ളം നനക്കേണ്ടതാണ്.

- ◯ ശരി
- ◯ തെറ്റ്

ഉറക്കിൽ സ്ഖലനം സംഭവിച്ചാൽ കുളിക്കേണ്ടതില്ല. ഉണർവിൽ സ്ഖലനം സംഭവിച്ചാലാണ് കുളിക്കേണ്ടത്.

- ◯ ശരി
- ◯ തെറ്റ്

ജനാബത്ത്കാരന് പള്ളിയിൽ ഇരിക്കൽ അനുവദനീയമല്ല

- ◯ ശരി
- ◯ തെറ്റ്

**2**

ഒരാൾക്ക് തയമ്മും അനുവദനീയമാകുന്നത്:

- ◯ a. വെള്ളം ഉപയോഗിക്കാൻ കഴിയാതെ വരുമ്പോൾ.
- ◯ b. വെള്ളം ഇല്ലാതെ വരുമ്പോൾ.
- ◯ c. മേൽ പറഞ്ഞ സന്ദർഭങ്ങളിലെല്ലാം.



# പാഠം 5

# സ്ത്രീകളുമായി ബന്ധപ്പെട്ട മത വിധികൾ

**ആമുഖം**

പുരുഷന്മാർക്ക് ഇല്ലാത്ത ചില ആരാധനകൾ സ്ത്രീകൾക്ക് നൽകിയത് പോലെ ചില പ്രത്യേക സവിശേഷതകളാലും വിശേഷണങ്ങളാലും അല്ലാഹു സ്ത്രീയെ പുരുഷനിൽ നിന്നും വ്യത്യസ്തമാക്കിയിരിക്കുന്നു. മുസ്‌ലിം സ്ത്രീകളുമായി ബന്ധപ്പെട്ട ഏതാനും മതവിധികളെ കുറിച്ച് ഈ പാഠത്തിൽ നമുക്ക് പഠിക്കാം.

## സ്ത്രീയുടെ സ്ഥാനം ഇസ്‌ലാമിൽ:

ഇസ്‌ലാം സ്ത്രീകളെ ആദരിക്കുന്നതിന്റെ ഭാഗമായിട്ടുള്ള വിധിവിലക്കുകൾക്ക് ഉദാഹരണങ്ങൾ:

- ഇസ്‌ലാം സ്ത്രീകൾക്ക് അനന്തരാവകാശത്തിൽ നീതിയുക്തമായ ഓഹരി നൽകുന്നു. അനന്തരമെടുക്കപ്പെടുന്നയാളോടുള്ള ബന്ധവും ചിലവിനുള്ള ബാധ്യതക്കും അനുസരിച്ച് ചില സ്ഥലങ്ങളിൽ സ്ത്രീകൾ പുരുഷന്മാരുമായി തുല്യത പാലിക്കുമ്പോൾ മറ്റ് ചില ഓഹരികളിൽ വ്യത്യസ്തതയും പുലർത്തുന്നു.
- വിവിധങ്ങളായ കാര്യങ്ങളിൽ സ്ത്രീകൾക്കും പുരുഷനും തുല്യത നൽകുന്നു. മുഴുവൻ സാമ്പത്തിക ഇടപാടുകളും അതിൽ പെട്ടതാണ്.
- ഇണയെ തിരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യം സ്ത്രീകൾക്ക് ഉണ്ട്.
- തന്റെ പിതാവിലേക്കും കുടുംബത്തിലേക്കും ചേർത്തി പറയാനുള്ള അവളുടെ അവകാശം വിവാഹത്തോടെ അവസാനിക്കുന്നില്ല. വിവാഹ ശേഷവും തന്റെ കുടുംബത്തിലേക്ക് തന്നെ ചേർത്തി പറയാനുള്ള അവകാശം അവൾക്കുണ്ട്.
- ഭാര്യ, മാതാവ്, മകൾ എന്നിങ്ങനെ താൻ ചിലവിന് കൊടുക്കാൻ ബാധ്യസ്ഥരായവരിൽ ഒരാളാണെങ്കിൽ, പുരുഷൻ അവളെ പരിപാലിക്കുകയും അവൾക്കുവേണ്ടി അവരുടെ അവകാശമായിക്കൊണ്ട് ചെലവഴിക്കുകയും ചെയ്യേണ്ടത് അവന്റെ മേൽ നിർബന്ധമാണ്.
- ബന്ധുവല്ലെങ്കിലും, ആരുമില്ലാത്ത ദുർബലയായ ഒരു സ്ത്രീക്ക് സേവനം ചെയ്യുന്നതിന്റെ മഹത്വവും പുണ്യവും ഇസ്‌ലാം ഊന്നിപ്പറയുകയും, സേവനം ചെയ്യാൻ പ്രേരിപ്പിക്കുകയും അത് അല്ലാഹുവിങ്കൽ ഏറ്റവും നല്ല പ്രവൃത്തിയാക്കി തീർക്കുകയും ചെയ്തു.

**വിശദമായ പഠനത്തിന്**

**ഇസ്‌ലാം സ്ത്രീകൾക്ക് നൽകുന്ന ആദരവിനെ മറ്റു ചില മതങ്ങളുമായി താരതമ്യം ചെയ്യുന്ന വീഡിയോ കാണുക.**

വീഡിയോ കാണാൻ QR കോഡ് സ്കാൻ ചെയ്യുക.

## സ്ത്രീ പുരുഷ ബന്ധം

സ്ത്രീകളും പുരുഷന്മാരും തമ്മിലുള്ള ബന്ധത്തെ മൂന്നാക്കി തിരിക്കാം:

| ഭാര്യാ ഭർത്താക്കന്മാർ : | വിവാഹ ബന്ധം നിഷിദ്ധമായവർ (മഹ്റം): | അന്യ സ്ത്രീകൾ: |
|---|---|---|
| മറ്റുള്ളവർക്ക് അനുവദനീയമാകാത്തത് അവരിരുവർക്കുമിടയിൽ അനുവദനീയമാകും. നോട്ടം, ലൈംഗിക ബന്ധം ഒക്കെ അതിൽ പെട്ടതാണ്. അവർ തമ്മിലുള്ള മാനസികവും വൈകാരികവും ശാരീരികവുമായ ബന്ധത്തെ അല്ലാഹു അത്ഭുതകരമായി ചിത്രീകരിച്ചിരിക്കുന്നത് അവർ തമ്മിലുള്ള ബന്ധത്തെ അവരിരുവരും പരസ്പരം മറ്റേയാൾക്ക് വസ്ത്രങ്ങളാണ് എന്ന് പറഞ്ഞു കൊണ്ടാണ്. | വിവാഹ ബന്ധം നിഷിദ്ധമായവർ എന്നത് കൊണ്ട് അർത്ഥമാക്കുന്നത് ഒരാൾക്ക് എന്നെന്നേക്കുമായി വിവാഹം ചെയ്യൽ നിഷിദ്ധമായ സ്ത്രീകളാണ്. മാതാവ്, മകൾ, സഹോദരി, സഹോദര പുത്രി, പിതൃ സഹോദരി, മാതൃ സഹോദരി, ഭാര്യാ മാതാവ് എന്നിവരാണവർ. ഇവർക്ക് തങ്ങളുടെ മഹ്റമിന്റെ മുന്നിൽ കൈ മുട്ടുകൾ, മുടി തുടങ്ങിയ ഭാഗങ്ങൾ പരിധിവിടാതെ പ്രദർശിപ്പിക്കാവുന്നതാണ്. | മഹ്റം എന്ന വിഭാഗത്തിൽ ഉൾപ്പെടാത്ത എല്ലാ സ്ത്രീകളും അന്യ സ്ത്രീകളാണ്. അത് പിതൃ- മാതൃ സഹോദര സഹോദരി പുത്രിമാർ, സഹോദര ഭാര്യമാർ, കുടുംബത്തിലെ മറ്റ് സ്ത്രീകൾ എന്നിങ്ങനെ ബന്ധുക്കളാണെങ്കിലും ബന്ധുക്കളല്ലാത്ത സ്ത്രീകളാണെങ്കിലും അവർ അന്യരാണ്. അവരുമായി ഇടപെടലുകളിൽ മറ സ്വീകരിക്കുക, കൂടിക്കലരുകൾ ഒഴിവാക്കുക എന്നിങ്ങനെ ചില നിയന്ത്രണങ്ങൾ ഇസ്ലാം നിഷ്കർഷിച്ചിട്ടുണ്ട്. |

## മുസ്‌ലിം സ്ത്രീയുടെ ഹിജാബ് (മറ):

പുരുഷന്മാർ സ്ത്രീകളെ കുഴപ്പത്തിലാക്കുന്നതിനേക്കാൾ സ്ത്രീകൾ കാരണം പുരുഷന്മാർ കുഴപ്പത്തിലാകുന്ന സ്ത്രീകളിൽ അടങ്ങിയിരിക്കുന്ന സൗന്ദര്യവും പ്രലോഭന കാരണമായേക്കാവുന്ന ഘടകങ്ങളും കാരണം അല്ലാഹു പുരുഷന്മാർക്കില്ലാത്ത വിധം സ്ത്രീകൾക്ക് ഹിജാബ് (മറ) നിർബന്ധമാക്കിയിട്ടുണ്ട്. ഈ ഹിജാബിന്റെ പരിധി എന്ന് പറയുന്നത് അന്യ പുരുഷന്മാരുടെ അടുക്കൽ സ്ത്രീകൾ അവരുടെ ശരീരം മുഴുവൻ മറക്കുക എന്നതാണ്. ഒരു സ്ത്രീ മൂന്ന് നിബന്ധനകൾ പാലിക്കുമെങ്കിൽ അവൾക്ക് ഇഷ്ടമുള്ള രൂപത്തിലും നിറത്തിലുമുള്ള വസ്ത്രങ്ങൾ ധരിക്കാൻ അനുവാദമുണ്ട്:

### ഒന്ന്:
ഹിജാബ് കൊണ്ട് മറക്കൽ നിർബന്ധമായവ മുഴുവൻ മറയുന്നതായിരിക്കണം.

### രണ്ട്:
അത് ശരീരത്തിന്റെ ആകാര വടിവുകൾ വ്യക്തമാക്കുന്ന നിലക്ക് ഇടുങ്ങിയതായിരിക്കരുത്. അയഞ്ഞതും വീതിയുള്ളതുമായിരിക്കണം.

### മൂന്ന്:
വസ്ത്രത്തിനടിയിൽ കൂടി ശരീരം കാണുന്ന നിലക്ക് നേർത്ത വസ്ത്രം ആയിരിക്കരുത്.

### നാല്:
അത് തന്നെ അലങ്കാരം ആകരുത്.

## സ്ത്രീ രക്തസ്രാവങ്ങളുടെ ഇനങ്ങൾ:

സ്ത്രീകളിൽ നിന്നും രണ്ടിനം രക്ത സ്രാവമാണ് ഉണ്ടാവുക;

| ആർത്തവ രക്തം: | പ്രസവ രക്തം: |
| --- | --- |
| ഏകദേശം എല്ലാ മാസങ്ങളിലുമെന്നോണം സ്ത്രീകളുടെ ഗർഭ പാത്രത്തിൽ നിന്നും പുറത്ത് വരുന്ന സ്വാഭാവിക രക്തമാണത്. ആർത്തവ രക്തസ്രാവം ഏതാനും ദിവസങ്ങൾ നീണ്ടു നിൽക്കും. ഇത് മാസമുറ എന്ന പേരിലാണ് അറിയപ്പെടുന്നത്. | സ്ത്രീകളുടെ ഗർഭ പാത്രത്തിൽ നിന്നും പ്രസവത്തെ തുടർന്ന് പുറത്ത് വരുന്ന സ്വാഭാവിക രക്തമാണത്. ഏകദേശം നാൽപത് ദിവസം വരെ അത് നീണ്ടു പോയേക്കാം. |

## ആർത്തവ- പ്രസവ രക്തങ്ങളുമായി ബന്ധപ്പെട്ട വിധികൾ:

ആർത്തവ- പ്രസവ രക്തങ്ങളുള്ള സ്ത്രീകൾക്ക് അല്ലാഹു ഏതാനും വിധി വിലക്കുകൾ നിശ്ചയിച്ചിട്ടുണ്ട്. അവയിൽ പെട്ടതാണ്;

- നമസ്കാരം ഒഴിവാക്കുക. ആർത്തവ- പ്രസവ രക്തങ്ങളുടെ സമയത്ത് അവർ നമസ്കരിക്കേണ്ടതില്ല. മാത്രമല്ല നഷ്ടപ്പെട്ട നമസ്കാരങ്ങൾ പിന്നീട് നിർവഹിച്ച് വീട്ടേണ്ടതുമില്ല.
- നോമ്പ് ഉപേക്ഷിക്കുക. ആർത്തവ- പ്രസവ രക്തങ്ങളുടെ സമയത്ത് നോമ്പെടുക്കൽ അനുവദനീയമല്ല. എന്നാൽ ആർത്തവ- പ്രസവ രക്തം നിന്ന ശേഷം റമദാനിലെ നഷ്ടപ്പെട്ട നോമ്പുകൾ നോറ്റ് വീട്ടേണ്ടതാണ്.
- ലൈംഗിക ബന്ധം നിഷിദ്ധം. ആർത്തവ പ്രസവ രക്തം നിന്ന് കുളിച്ച് ശുദ്ധിയാകുന്നതുവരെ അവളുമായി ലൈംഗിക ബന്ധത്തിൽ ഏർപ്പെടുന്നത് അനുവദനീയമല്ല. എന്നാൽ യോനീ സംയോഗമില്ലാത്ത നിലക്ക് സുഖമെടുക്കൽ ഭർത്താവിന് അനുവദനീയമാണ്.
- രക്തസ്രാവം നിന്ന ശേഷം കുളിക്കുക. ആർത്തവ- പ്രസവ രക്തങ്ങൾ നിന്ന ശേഷം കുളിക്കൽ നിർബന്ധമാണ്.

**വിശദമായ പഠനത്തിന്**

**സ്ത്രീകളിൽനിന്നും മത പരമായ ചില ചുമതലകൾ ഒഴിവാക്കിയതിൽ നിന്ന് നിങ്ങൾ മനസ്സിലാക്കിയ കാര്യങ്ങൾ അവലോകനം ചെയ്യുക?**

പുസ്തകം ഡൗൺലോഡ് ചെയ്യാൻ QR കോഡ് സ്കാൻ ചെയ്യുക

### ചർച്ച ചെയ്യുക

ഇസ്‌ലാം സ്ത്രീകൾക്ക് നൽകിയ ആദരവിനെ കുറിച്ച് കൂടുതൽ മനസ്സിലാക്കാൻ ഉസൂൽ സ്റ്റോറിൽ വിവിധ ഭാഷകളിൽ ലഭ്യമായ 'സ്ത്രീ ഇസ്‌ലാമിൽ' എന്ന പുസ്തകം വായിക്കുക.

........................................................................................................

........................................................................................................

........................................................................................................

........................................................................................................

**1**

ഔദാര്യമെന്ന നിലക്കല്ലാതെ (അവരുടെ അവകാശമായിക്കൊണ്ട്) സ്ത്രീകളെ സംരക്ഷിക്കലും അവർക്ക് ചിലവിന് കൊടുക്കലും ഇസ്‌ലാം പുരുഷന്മാരുടെ മേൽ നിർബന്ധമാക്കി.

- ശരി
- തെറ്റ്

ഹിജാബ് അയഞ്ഞതും വീതിയുള്ളതും ആയിരിക്കണമെന്ന നിർബന്ധമില്ല.

- ശരി
- തെറ്റ്

ഒരു ആർത്തവകാരി അതിൽ നിന്നും ശുദ്ധിയായാൽ നമസ്കരിക്കുന്നതിന് മുമ്പായി അവൾ കുളിക്കൽ നിർബന്ധമാണ്.

- ശരി
- തെറ്റ്

സ്ത്രീകളുടെ ഗർഭ പാത്രത്തിൽ നിന്നും പ്രസവത്തെ തുടർന്ന് പുറത്ത് വരുന്ന സ്വാഭാവിക രക്തമാണ് ആർത്തവം.

- ശരി
- തെറ്റ്

**2**

ഒരു മുസ്‌ലിം സ്ത്രീ തന്റെ ശരീരം മുഴുവൻ മറക്കേണ്ടതാണ്:

- **a.** മറ്റു സ്ത്രീകളിൽ നിന്നും.
- **b.** അന്യ പുരുഷന്മാരിൽ നിന്നും.
- **c.** ഭർത്താവിന്റെ പിതാവിൽ നിന്നും.

ആർത്തവ- പ്രസവ രക്തമുള്ളവർ അതിൽ നിന്നും ശുദ്ധിയായ ശേഷം നിർവഹിച്ച് വീട്ടേണ്ടതാണ്:

- **a.** നമസ്കാരം
- **b.** നോമ്പ്
- **c.** മേൽ പറഞ്ഞവ മുഴുവൻ



# പാഠം 6

# നമസ്കാരം

## ആമുഖം

ഒരു മുസ്‌ലിം പഠിക്കുകയും പ്രവർത്തന പഥത്തിൽ കൊണ്ട് വരികയും ചെയ്യൽ നിർബന്ധമായ മതത്തിന്റെ ഏറ്റവും മഹത്തരമായ ചിഹ്നമായി നമസ്കാരം പരിഗണിക്കപ്പെടുന്നു. അല്ലാഹു നമ്മിൽ നിന്നും തൃപ്തിപ്പെടുന്ന രൂപത്തിൽ എങ്ങനെ നമസ്കാരം നിർവഹിക്കണമെന്ന് നബി(സ) നമുക്ക് പഠിപ്പിച്ച് തന്നിട്ടുണ്ട്. നിർബന്ധമായ നമസ്കാരങ്ങൾ, അതിന്റെ സ്ഥാനം, നിബന്ധനകൾ, അവ നിർവഹിക്കേണ്ടുന്ന ശരിയായ രീതി എന്നീ കാര്യങ്ങളെ കുറിച്ചെല്ലാം ഈ പാഠഭാഗത്തിൽ നമുക്ക് പഠിക്കാം.

## എന്താണ് നമസ്കാരം?

നമസ്കാരം: ഒരു അടിമയെ തന്റെ രക്ഷിതാവിലേക്ക് അടുപ്പിക്കുന്ന ഒരുപറ്റം വാക്കുകളും പ്രവർത്തനങ്ങളും ഉൾകൊള്ളുന്ന ദിനേനെ ഉള്ള ആരാധന. ദിവസേനെ അഞ്ച് നേരമാണ് അത് നിർവഹിക്കേണ്ടത്.

ഇസ്‌ലാം കാര്യങ്ങളിൽ രണ്ടാമത്തേതാണ് നമസ്കാരം.

## നമസ്കാരത്തിന്റെ സ്ഥാനം:

ഒട്ടനവധി സവിശേഷതകളാൽ നമസ്കാരം വ്യതിരിക്തത പുലർത്തുന്നു. അതിൽ പെട്ടതാണ്:

- ഇരു സാക്ഷ്യ വാക്യങ്ങൾക്ക് ശേഷം ഇസ്‌ലാം കാര്യങ്ങളിൽ രണ്ടാമത്തേതായി നമസ്കാരത്തെ എണ്ണുന്നു.
- രോഗം - ആരോഗ്യം, ഭയം- സുരക്ഷിതത്വം എന്നീ പരിഗണനകളൊന്നുമില്ലാതെ ഏത് അവസ്ഥയിലും നിർവഹിക്കൽ നിർബന്ധമായ ആരാധന.
- ഒരു മുസ്‌ലിമിനെ അവിശ്വാസിയിൽ നിന്നും വ്യത്യസ്തനാക്കുന്ന ആരാധന.

## എന്തിനാണ് നമ്മൾ നമസ്കരിക്കുന്നത്?

അല്ലാഹു മുസ്‌ലിംകളുടെ മേൽ നിർബന്ധമാക്കിയ ആരാധന ആയതിനാലാണ് നമ്മൾ നമസ്കരിക്കുന്നത്.



## നമസ്കാരത്തിലെ യുക്തിയും ഗുണഫലങ്ങളും:

- അത് ഒരു അടിമയേയും അവന്റെ രക്ഷിതാവിനേയും തമ്മിൽ ബന്ധിപ്പിക്കുന്ന പ്രവർത്തനമാണ്.
- ഇഹലോകവുമായി ബന്ധപ്പെട്ട ആകുലതകളിൽ നിന്ന് മനസിന് സമാധാനം നൽകുന്നു.
- അത് അടിമയുടെ ഇച്ഛാശക്തിയും നിശ്ചയദാർഢ്യവും ശക്തിപ്പെടുത്തുന്നു.
- നമസ്കാരം അത് നിർവഹിക്കുന്നവനെ തിന്മകളിൽ നിന്ന് അകറ്റുകയും സ്വഭാവം സംസ്കരിക്കുകയും ചെയ്യുന്നു.

## നമസ്കാരത്തിന്റെ നിബന്ധനകൾ:

നമസ്കാരം നിർവഹിക്കുന്നതിന് ചില നിബന്ധനകൾ പാലിക്കേണ്ടതുണ്ട്. അവ;

- ശുദ്ധീകരണം: ശരീരവും നമസ്കരിക്കുന്ന സ്ഥലവും മാലിന്യങ്ങളിൽ നിന്ന് മുക്തമാക്കുന്നതോടൊപ്പം വുദു, കുളി എന്നിവ കൊണ്ട് അശുദ്ധി നീക്കുകയും വേണം.
- നഗ്നത (ഔറത്ത്) മറക്കുക: ആളുകളുടെ മുന്നിൽ മറക്കൽ നിർബന്ധമായ ശരീര ഭാഗങ്ങൾക്കാണ് ഔറത്ത് (നഗ്നത) എന്ന് പറയുക. പുരുഷൻ നമസ്കാരത്തിൽ മറക്കൽ നിർബന്ധമായ ഭാഗം പൊക്കിൾ മുതൽ മുട്ടുവരെ ആണ്. സ്ത്രീ നമസ്കാരത്തിൽ അവളുടെ മുഖവും മുൻകൈയും ഒഴിച്ചുള്ള മുഴുവൻ ഭാഗങ്ങളും മറക്കേണ്ടതുണ്ട്.
- ഖിബ്‌ലയെ അഭിമുഖീകരിക്കുക: മക്കയിൽ സ്ഥിതി ചെയ്യുന്ന വിശുദ്ധ കഅബാലയത്തിന്റെ ദിശയാണ് ഖിബ്‌ല കൊണ്ട് ഉദ്ദേശിക്കുന്നത്. നമസ്കരിക്കുന്നവൻ തന്റെ നമസ്കാരത്തിൽ ഖിബ്‌ലയെ അഭിമുഖീകരിക്കൽ നിർബന്ധമാണ്.
- നമസ്കാരത്തിന്റെ സമയം ആവുക: സമയമാകുന്നതിന് മുമ്പ് നമസ്കരിച്ചാൽ ആ നമസ്കാരം ശരിയാവുകയില്ല. സമയത്ത് നിന്ന് പിന്തിച്ച് നമസ്കരിക്കൽ അനുവദനീയവുമല്ല. അതിന്റെ ആദ്യ സമയത്ത് നമസ്കരിക്കലാണ് ഏറ്റവും ഉത്തമം.

**വിശദമായ പഠനത്തിന്**

**നമസ്കാരത്തിന്റെ രൂപം പഠിക്കാൻ ഉസൂൽ സെന്ററിന്റെ ഈ വീഡിയോ ഡോക്യുമെന്ററി കാണുക.**

വീഡിയോ കാണാൻ QR കോഡ് സ്കാൻ ചെയ്യുക

## അഞ്ച് നേര നമസ്കാരങ്ങൾ:

അല്ലാഹു തന്റെ ദാസന്മാരുടെ മേൽ ദിനേനെ അഞ്ച് നമസ്കാരം നിർബന്ധമാക്കിയിരിക്കുന്നു, അവ;

| നമസ്കാരം | സമയത്തിന്റെ തുടക്കം | സമയം അവസാനിക്കുന്നത് | റക്അത്തുകളുടെ എണ്ണം |
|---|---|---|---|
| **സുബ്ഹി** | പ്രഭാതം പുലരുക. | സൂര്യോദയം. | 2 |
| **ദുഹ്ർ** | സൂര്യൻ മധ്യത്തിൽ നിന്ന് നീങ്ങുക. | ഒരു വസ്തുവിന്റെ നിഴൽ അതിന് സമമാവുക. | 4 |
| **അസ്ർ** | ഒരു വസ്തുവിന്റെ നിഴൽ അതിന് സമമാവുക. | സൂര്യാസ്തമയം. | 4 |
| **മഗ്‌രിബ്** | സൂര്യാസ്തമയം. | അസ്തമയ ശോഭ മായുക. | 3 |
| **ഇഷാഅ്** | അസ്തമയ ശോഭ മായുക. | രാത്രിയുടെ പകുതി. | 4 |

## എങ്ങനെയാണ് ഞാൻ നമസ്കരിക്കേണ്ടത്?

**ഒരു മുസ്‌ലിം നമസ്കരിക്കാൻ ഉദ്ദേശിച്ചാൽ താഴെ പറയുന്ന കാര്യങ്ങൾ അവൻ നിർവഹിക്കേണ്ടതുണ്ട്.**

**1** നമസ്കരിക്കുകയാണെന്ന് ഹൃദയത്തിൽ നിയ്യത്ത് (ഉദ്ദേശം) വെക്കുക.

**2** ഖിബ്‌ലക്ക് അഭിമുഖമായി നിന്ന് കൊണ്ട് ഇരു കൈപത്തികളും ചുമലിന് നേരെ വരുന്ന രൂപത്തിൽ ഉയർത്തിക്കൊണ്ട് 'അല്ലാഹു അക്ബർ' എന്ന് പറയുക.



**3**

ശേഷം വലത് കൈ ഇടതു കൈയിന്റെ മുകളിൽ വെച്ച ശേഷം പ്രാരംഭ പ്രാർത്ഥന ചൊല്ലുക. ഉദാ:

**«سُبْحَانَكَ اللَّهُمَّ وَبِحَمْدِكَ، وَتَبَارَكَ اسْمُكَ، وَتَعَالَى جَدُّكَ، وَلَا إِلَهَ غَيْرُكَ»**

ശേഷം അഊദുവും **«أعوذ بالله من الشيطان الرجيم»**

ബിസ്മി **«بسم الله الرحمن الرحيم»** യും ചൊല്ലി സൂറത്തുൽ ഫാതിഹ പാരായണം ചെയ്യുക. ശേഷം ആമീൻ പറയുക. അല്ലാഹുവെ ഞങ്ങളുടെ പ്രാർത്ഥനക്ക് നീ ഉത്തരം ചെയ്യേണമേ എന്നാണ് ആ വാക്കിന്റെ അർത്ഥം. അതിന് ശേഷം ഒരു ആയത്താണെങ്കിലും ശരി ഖുർആനിൽ നിന്ന് അറിയുന്നത് ഓതുക.





**4** ഇരു കൈപത്തികളും ചുമലിന് / ചെവികൾക്ക് നേരെ വരുന്ന രൂപത്തിൽ ഉയർത്തി 'അല്ലാഹു അക്ബർ' എന്ന് പറഞ്ഞുകൊണ്ട് മുതുക് വളച്ച് റുകൂഇലേക്ക് പോവുക. ഇരു കൈപത്തികളും കാൽമുട്ടുകളിൽ വെക്കുകയും തലയും മുതുകും ഒരേ നിരപ്പിൽ വരുന്ന രൂപത്തിൽ സമമാക്കുകയും വേണം. റുകൂഇൽ മൂന്ന് തവണ **«سبحان ربي العظيم»** എന്ന് പറയുക.



**5** ഇരു കൈപത്തികളും ചുമലിന് നേരെ വരുന്ന രൂപത്തിൽ ഉയർത്തി 'സമിഅല്ലാഹു ലിമൻ ഹമിദ' എന്ന് പറഞ്ഞുകൊണ്ട് നേരെ നിൽക്കുക. നിന്ന ശേഷം 'റബ്ബനാ വലകൽ ഹംദ്' എന്ന് പറയുക.



**6**

'അല്ലാഹു അക്ബർ' എന്ന് പറഞ്ഞു കൊണ്ട് നിലത്തേക്ക് കുനിഞ്ഞ് സുജൂദ് ചെയ്യുക. ഈ സമയത്ത് നെറ്റി, മൂക്ക്, ഇരു കൈപ്പത്തികൾ, ഇരു കാൽമുട്ടുകൾ, കാൽപാദത്തിന്റെ വിരൽ ഭാഗം എന്നിവ ഭൂമിയിൽ പതിപ്പിക്കണം. സുജൂദിൽ «**سبحان ربي الأعلى**» എന്ന് മൂന്ന് പ്രാവശ്യം പറയുക.





**7**

സുജൂദിൽ നിന്നും 'അല്ലാഹു അക്ബർ' എന്ന് പറഞ്ഞു കൊണ്ട് തല ഉയർത്തി വലത് കാൽപാദം നാട്ടി വെച്ച് ഇടത് കാൽപാദത്തിന് മേൽ ഇരിക്കുക. ആ ഇരുത്തത്തിൽ «**رَبِّ اغفر لي**» എന്ന് പറയുക.

**8**

ആദ്യം സുജൂദ് ചെയ്തത് പോലെ 'അല്ലാഹു അക്ബർ' എന്ന് പറഞ്ഞു കൊണ്ട് വീണ്ടും സുജൂദ് ചെയ്യുക. ആദ്യ സുജൂദിൽ ചൊല്ലിയത് പോലെ തന്നെയാണ് രണ്ടാം സുജൂദിലും ചൊല്ലേണ്ടത്. ഇതോടെ ഒരു റക്അത്ത് പൂർത്തിയായി.





**9**

ശേഷം 'അല്ലാഹു അക്ബർ' എന്ന് പറഞ്ഞു കൊണ്ട് രണ്ടാം റക്അത്തിനായി എഴുന്നേൽക്കുക. ഒന്നാം റക്അത്ത് നിർവഹിച്ചത് പോലെ തന്നെ രണ്ടാം റക്അത്തും നിർവഹിക്കുക.



## 10

രണ്ട് റക്അത്ത് പൂർത്തിയാകുമ്പോൾ രണ്ടാം സുജൂദിന് ശേഷം 'അല്ലാഹു അക്ബർ' എന്ന് പറഞ്ഞു കൊണ്ട് രണ്ട് സുജൂദുകൾക്കിടയിൽ ഇരുന്നത് പോലെ ഇരിക്കുക. ആ ഇരുത്തത്തിൽ ആദ്യം

«التحيات لله والصلوات الطيبات، السلام عليك أيها النبي ورحمة الله وبركاته، السلام علينا وعلى عباد الله الصالحين، أشهد أن لا إله إلا الله، وأشهد أن محمدًا عبده ورسوله» , എന്ന് ചൊല്ലുക. ഇതാണ് ഒന്നാം തശഹുദ്. ശേഷം നബി(സ) യുടെ മേൽ സ്വലാത്ത് ചൊല്ലുക.

«اللهم صلِّ على محمد وعلى آل محمد، كما صليت على إبراهيمَ وعلى آَل إبراهيم، إنك حميدٌ مجيد، وبارك على محمد وعلى آل محمد، كما باركت على إبراهيم وعلى آل إبراهيم، إنك حميدٌ مجيد».

ഈ സ്വലാത്ത് ഇബ്റാഹീമിയ സ്വലാത്ത് എന്ന പേരിൽ അറിയപ്പെടുന്നു.



## 11

ഇനി മുഖം വലത് ഭാഗത്തേക്ക് തിരിച്ച് കൊണ്ട്

«السلام عليكم ورحمة الله» പറയുക. ശേഷം ഇടത് ഭാഗത്തേക്ക് തിരിച്ച് കൊണ്ടും അത് പോലെ തന്നെ പറയുക. ഇതോടെ നമസ്കാരം പൂർത്തിയായി.



സുബ്ഹി, ജുമുഅ പോലെ രണ്ട് റക്അത്ത് ഉള്ള നമസ്കാരങ്ങളുടെ രൂപമാണ് മുകളിൽ പറഞ്ഞത്. എന്നാൽ മഗ്രിബ് പോലെ മൂന്ന് റകത്തുള്ളതോ ദുഹ്ർ, അസ്ർ, ഇഷാഅ് പോലെ നാല് റക്അത്തുള്ളതോ ആയ നമസ്കാരങ്ങളാണെങ്കിൽ ഒന്നാം തശഹുദിന് ശേഷം ബാക്കിയുള്ള റക്അത്തുകൾ പൂർത്തിയാക്കുകയും അവസാനം രണ്ടാം റക്അത്തിൽ ഇരു സുജൂദുകൾക്ക് ശേഷം ഇരുന്നത് പോലെ ഇരുന്ന് ഒന്നാം തശഹുദും ഇബ്റാഹീമിയ സ്വലാത്തും ചൊല്ലിയ ശേഷം സലാം വീട്ടേണ്ടതുമാണ്.

## ജുമുഅ നമസ്കാരം:

- വെള്ളിയാഴ്ച ദിവസം ജുമുഅ നമസ്കാരമെന്ന പേരിൽ അല്ലാഹു മുസ്‌ലിംകൾക്ക് ഒരു പ്രത്യേക നമസ്കാരം നിർബന്ധമാക്കിയിട്ടുണ്ട്. അതിന് പ്രത്യേക രൂപവും നിബന്ധനകളുമാണ് ഉള്ളത്. ആ ദിവസത്തെ ദുഹ്ർ നമസ്കാരത്തിന് പകരമാണ് അത്.
- അതിന് വേണ്ടി മുസ്‌ലിംകൾ പള്ളിയിൽ ഒരുമിച്ച് കൂടുകയും ഇമാം രണ്ട് ഖുതുബകൾ (പ്രസംഗം) നിർവഹിക്കുകയും ശേഷം ഉറക്കെ പാരായണം ചെയ്ത് കൊണ്ടുള്ള രണ്ട് റക്അത്ത് നമസ്കരിക്കുകയും ചെയ്യും.
- ജുമുഅ നമസ്കാരത്തിന് ഹാജരാകുന്നവർ കുളിച്ച് നേരത്തെ വരേണ്ടതാണ്. കൃത്യമായ ഒഴിവ് കഴിവുകളില്ലാതെ അതിൽ നിന്നും മാറി നിൽക്കൽ അനുവദനീയമല്ല. ജുമുഅ നമസ്കരിക്കാത്തവൻ നാല് റക്അത്ത് ദുഹ്ർ നമസ്കാരമാണ് നിർവഹിക്കേണ്ടത്. എന്നാൽ അതിൽ ഉറക്കെ പാരായണം ചെയ്യേണ്ടതില്ല.
- യാത്രക്കാർക്കും സ്ത്രീകൾക്കും ജുമുഅ നമസ്കാരം നിർബന്ധമില്ല.

### ചർച്ച ചെയ്യുക

ഒരാളെ നമസ്കാരം കൃത്യസമയത്ത് നിർവഹിക്കുന്നതിൽ നിന്ന് തടയുന്ന വെല്ലുവിളികളിൽ ചിലതും ഈ വെല്ലുവിളികളെ എങ്ങനെ അതിജയിക്കാമെന്നും നിങ്ങളുടെ കൂട്ടുകാരോട് ചർച്ച നടത്തി അപഗ്രഥിക്കുക.

..............................................................................................................

..............................................................................................................

..............................................................................................................

..............................................................................................................



"സത്യവിശ്വാസികളേ, വെള്ളിയാഴ്ച നമസ്കാരത്തിന് വിളിക്കപ്പെട്ടാൽ അല്ലാഹുവെ പറ്റിയുള്ള സ്മരണയിലേക്ക് നിങ്ങൾ വേഗത്തിൽ വരികയും, വ്യാപാരം ഒഴിവാക്കുകയും ചെയ്യുക. അതാണ് നിങ്ങൾക്ക് ഉത്തമം; നിങ്ങൾ കാര്യം മനസ്സിലാക്കുന്നുവെങ്കിൽ." (സൂ. ജുമുഅ 9).

# മൂല്യ നിർണയ ചോദ്യങ്ങൾ

**1**

സമയം ആകുന്നതിന് മുമ്പ് തന്നെ നമസ്കരിക്കൽ അനുവദനീയമാണ്.

◯ ശരി ◯ തെറ്റ്

സൂര്യോദയത്തോടെയാണ് സുബ്ഹി നമസ്കാരത്തിന്റെ സമയം അവസാനിക്കുന്നത്.

◯ ശരി ◯ തെറ്റ്

**2**

വെള്ളിയാഴ്ച ദിവസവുമായി ബന്ധപ്പെട്ട രണ്ട് പ്രത്യേക ആരാധനകൾ പറയുക

.................................................................................................

.................................................................................................

ഒരു മുസ്‌ലിമിന്റെ ദൈനംദിന ജീവിതത്തിൽ അഞ്ച് നേര നമസ്കാരങ്ങൾ ഉണ്ടാക്കുന്ന സ്വാധീനം എന്താണ് ?

.................................................................................................

.................................................................................................

islamicfiqh.net എന്ന സൈറ്റ് സന്ദർശിച്ച ശേഷം ഇസ്‌ലാമിൽ നമസ്കാരം ഒഴിവാക്കുന്നവന്റെ വിധി എന്താണെന്ന് പറയുക.

.................................................................................................

.................................................................................................

**3**

പുരുഷൻമാർ നമസ്കാരത്തിൽ നിർബന്ധമായും മറക്കേണ്ട ഔറത്ത് ഏതാണ് ?

◯ **a.** മുഖവും മുൻകൈയും കാൽപാദങ്ങളും ഒഴിച്ചുള്ള മുഴുവൻ ശരീര ഭാഗങ്ങളും.

◯ **b.** പൊക്കിൾ മുതൽ കാൽ മുട്ടുകൾ വരെ.

◯ **c.** ചുമൽ മുതൽ കാൽ മുട്ടുകൾ വരെ.

നമസ്കരിക്കുന്നവൻ ഏത് ദിശയിലേക്കാണ് തിരിഞ്ഞ് നിൽക്കേണ്ടത് ?

◯ **a.** വടക്ക്.

◯ **b.** പടിഞ്ഞാറ്.

◯ **c.** ഖിബ്‌ലയുടെ ദിശ.

സുജൂദിൽ എന്താണ് ചൊല്ലേണ്ടത് ?

◯ a. سبحان ربي العظيم

◯ b. سبحان ربي الأعلى

◯ c. رب اغفر لي



# പാഠം 7

# സകാത്ത്

## ആമുഖം

പൂർവിക കാലം മുതൽ തന്നെ ഭൂമുഖത്ത് മനുഷ്യർ ജീവിച്ച് പോന്നിരുന്നത് ഒരുപാട് സമ്പത്ത് അധീനപ്പെടുത്തിയ ധനികർ, ജീവിക്കാനുള്ള വകയില്ലാത്ത ദരിദ്രർ എന്നിങ്ങനെ പല തട്ടുകളിലായാണ്. അല്ലാഹുവിന്റെ പ്രാപഞ്ചികമായ നടപടി ക്രമമാണത്. ദരിദ്രരെ സഹായിക്കാനും അവരുടെ കഷ്ടതകൾ ലഘൂകരിക്കാനുമായി സമ്പന്നരുടെ സ്വത്തിൽ നിന്നും ഒരു പങ്ക് ദരിദ്രർക്ക് കൊടുക്കാൻ ഇസ്‌ലാം കൽപിച്ചു. ഇങ്ങനെ നിർബന്ധമാക്കിയതിലും കൂടുതൽ ധനം പാവപ്പെട്ടവർക്കായി നൽകാൻ ഇസ്‌ലാം പ്രേരിപ്പിക്കുകയും അത് മരണാനന്തര ജീവിതത്തിൽ മഹത്തായ പ്രതിഫലം ലഭിക്കുന്നപുണ്യ പ്രവൃത്തിയാക്കുകയും ചെയ്തിട്ടുണ്ട്. അപ്രകാരം തന്നെ എല്ലാ സന്ദർഭങ്ങളിലും ദരിദ്രരോട് നന്മ ചെയ്യാനും വിശക്കുന്നവർക്ക് ഭക്ഷണം നൽകാനും ആവശ്യക്കാർക്ക് വസ്ത്രം നൽകാനും ഇസ്‌ലാം പ്രോത്സാഹിപ്പിച്ചിട്ടുണ്ട്. ഇതെല്ലാം തന്നെ മുസ്‌ലിം സമുദായത്തിന്റെ കെട്ടുറപ്പിനും അവർ അല്ലാഹു ഉദ്ദേശിച്ചത് പോലെ ആയിത്തീരുന്നതിനും വേണ്ടിയാണ് നിശ്ചയിച്ചിട്ടുള്ളത്. സകാത്തിന്റെ വിധി, രൂപം, സകാത്ത് നിർബന്ധമായ സമ്പാദ്യങ്ങൾ എന്നിവയെ കുറിച്ചൊക്കെ ഈ പാഠഭാഗത്തിൽ നമുക്ക് മനസിലാക്കാം.

## എന്താണ് സകാത്ത് ?

സകാത്ത്: എന്നാൽ മുസ്‌ലിംകളായ സമ്പന്നരുടെ സ്വത്തിൽ നിന്നും ഒരു നിശ്ചിത വിഹിതം ദരിദ്രർക്ക് നൽകലാണ്. ഇസ്‌ലാം കാര്യങ്ങളിൽ മൂന്നാമത്തേതാണ് അത്.

**വിശദമായ പഠനത്തിന്**

**ഉസൂൽ സെന്റർ പുറത്തിറക്കിയ 'സകാത്ത്, സമൂഹത്തിൽ അതിന്റെ സ്വാധീനം' എന്നീ കാര്യങ്ങൾ ചർച്ച ചെയ്യുന്ന വീഡിയോ കാണുക.**

വീഡിയോ കാണാൻ QR കോഡ് സ്കാൻ ചെയ്യുക

## എന്തിനാണ് നമ്മൾ സകാത്ത് കൊടുക്കുന്നത് ?

അല്ലാഹു നമ്മുടെ മേൽ നിർബന്ധമാക്കിയ ആരാധനയെന്ന നിലക്ക് അല്ലാഹുവിനുള്ള അനുസരണമായാണ് നമ്മൾ സകാത്ത് കൊടുക്കുന്നത്.

## സകാത്തിലെ യുക്തിയും അതിന്റെ ഗുണങ്ങളും:

**ഒന്ന്:**
സമ്പത്തുമായി അമിതമായ ബന്ധം പുലർത്തുന്നതിൽ നിന്നും പിശുക്ക് കാണിക്കുന്നതിൽ നിന്നും മനസിനെ ശുദ്ധമാക്കുക.

**രണ്ട്:**
സമ്പത്തിന്റെ വർധനവ്. സകാത്തിലൂടെ സമ്പത്ത് കുറയുകയല്ല, എന്നാൽ വർധിക്കുകയും അനുഗ്രഹം ലഭിക്കുകയുമാണ് ചെയ്യുന്നത്.

**മൂന്ന്:**
പാവപ്പെട്ടവരും അഗതികളുമായ ആവശ്യക്കാരെ സഹായിക്കൽ.

## സകാത്ത് നിർബന്ധമായ സമ്പാദ്യങ്ങൾ ഏതൊക്കെ?



**സ്വർണം, വെള്ളി.**



**നാണയങ്ങൾ.**



**കാർഷികോൽപന്നങ്ങൾ.**



**കന്നുകാലികൾ.**

കന്നുകാലികൾ: ഒട്ടകം, പശു, ആട്.



**കച്ചവട ചരക്കുകൾ.**

കച്ചവട ചരക്കുകൾ: വീട്, കട, വാഹനം, മൃഗം തുടങ്ങി കച്ചവടത്തിനായി തയ്യാറാക്കി വെച്ച എന്തും ഇതിൽ ഉൾപ്പെടുന്നു.

## എങ്ങനെയാണ് നാം നാണയത്തിന്റെ സകാത്ത് കൊടുക്കേണ്ടത് ?

ഒരു മുസ്‌ലിം തന്റെ സകാത്ത് നിർബന്ധമായ നാണ്യ സമ്പത്തിൽ നിന്നും വർഷത്തിൽ ഒരു തവണ അതിന്റെ 2.5 % സാധുക്കളും ആവശ്യക്കാരുമായവർക്ക് കൊടുക്കണം.

### അഭ്യാസം

**താഴെ കൊടുത്തിരിക്കുന്ന കാര്യങ്ങൾ അതിന്റെ യോജിച്ച സ്ഥാനത്ത് ക്രമീകരിക്കുക:**

സ്വർണവും വെള്ളിയും.

വാച്ച്.

പണം

വീട്ടു പകരണങ്ങൾ..

കോഴി.

ആടുകൾ.

ആപ്പിൾ തോട്ടം.

സകാത്ത് കൊടുക്കേണ്ടവ:

സകാത്ത് കൊടുക്കേണ്ടതില്ലാത്തവ:

### ചർച്ച ചെയ്യുക

മുഴുവൻ ധനികരും തങ്ങളുടെ സമ്പത്തിന് സകാത്ത് കൊടുക്കാൻ തയ്യാറായാൽ അത് ഉണ്ടാക്കുന്ന സ്വാധീനം എന്തായിരിക്കും?

## മൂല്യ നിർണയ ചോദ്യങ്ങൾ

**1** Why do muslims pay zakat എന്ന ക്ലിപ് കണ്ട ശേഷം ഇസ്‌ലാം സകാത്ത് നിർബന്ധമാക്കിയതിന്റെ ഉദ്ദേശങ്ങൾ ചർച്ച ചെയ്യുക.



**2** ഒരു മുസ്‌ലിം തന്റെ നാണ്യ സമ്പത്തിൽ നിന്നും സകാത്ത് കൊടുക്കേണ്ടത്:

- a. ജീവിതത്തിൽ ഒരു തവണ.
- b. വർഷത്തിലൊരിക്കൽ.
- c. മാസത്തിലൊരിക്കൽ.

നാണ്യ സമ്പത്തിന്റെ സകാത്ത് എത്രയാണ്?

- a. 25%
- b. 10%
- c. 2.5%



# പാഠം 8

# നോമ്പ്

## ആമുഖം

നോമ്പ് അല്ലാഹു മുഴുവൻ സമൂഹങ്ങളിലും നിർബന്ധമാക്കിയ ആരാധനയായി എണ്ണപ്പെടുന്നു. ഇസ്ലാമിൽ ഒരു വ്യക്തി അല്ലാഹുവിനുള്ള അനുസരണമായി നിർവഹിക്കേണ്ട നിർബന്ധ ബാധ്യതയാണിത്. നോമ്പ് എന്നത് കൊണ്ട് ഉദ്ദേശിക്കുന്നതെന്ത്, അതിന്റെ രൂപം, അത് ദുർബലമാക്കുന്ന കാര്യങ്ങൾ, അതുമായി ബന്ധപ്പെട്ട ചില സുപ്രധാന വിധികൾ എന്നിവയെ കുറിച്ചൊക്കെ ഈ പാഠത്തിൽ നമുക്ക് മനസിലാക്കാം.

## എന്താണ് നോമ്പ്?

നോമ്പ്: പ്രഭാതം മുതൽ പ്രദോഷം വരെ ഒരു മുസ്‌ലിമിനെ ഭക്ഷണ പാനീയങ്ങൾ, ലൈംഗിക ബന്ധം എന്നിവയിൽ നിന്നെല്ലാം തടയുന്ന ആരാധന.

റമദാൻ മാസത്തിലെ നോമ്പ് ഇസ്‌ലാം കാര്യങ്ങളിൽ നാലാമത്തേത് ആണ്.

## എന്തിനാണ് നാം നോമ്പനുഷ്ഠിക്കുന്നത് ?

അല്ലാഹുവിന്റെ കൽപന അംഗീകരിച്ച് കൊണ്ടും അവനുള്ള അനുസരണമായിക്കൊണ്ടുമാണ് ഒരു മുസ്‌ലിം നോമ്പനുഷ്ഠിക്കുന്നത്.

## നോമ്പിലെ യുക്തിയും ഗുണഫലങ്ങളും:

- ആരാധനകൾ അധികരിപ്പിച്ചും തെറ്റുകൾ കുറച്ചും തഖ്‌വ (ദൈവഭക്തി) സാക്ഷാത്കരിക്കുന്നതിന്.
- ദരിദ്രരും പാവപ്പെട്ടവരും അനുഭവിക്കുന്ന വിശപ്പിന്റെ വേദന സ്വ അനുഭവത്തിലൂടെ മനസിലാക്കാൻ.
- മനസിന്റെ ഇച്ഛകളിൽ നിന്നും അതിനെ സ്വയം മോചിപ്പിക്കുകയും അവയെ നിയന്ത്രിക്കാൻ അതിനെ പരിശീലിപ്പിക്കുകയും ചെയ്യുന്നതിന്.

മുസ്‌ലിംകൾക്കും പൂർവ സമുദായങ്ങൾക്കും അല്ലാഹു നോമ്പ് നിർബന്ധമാക്കിയിട്ടുണ്ട്. അല്ലാഹു പറയുന്നു: 'സത്യവിശ്വാസികളേ, നിങ്ങളുടെ മുമ്പുള്ളവരോട് കൽപിച്ചിരുന്നത് പോലെത്തന്നെ നിങ്ങൾക്കും നോമ്പ് നിർബന്ധമായി കൽപിക്കപ്പെട്ടിരിക്കുന്നു. നിങ്ങൾ ദോഷബാധയെ സൂക്ഷിക്കുവാൻ വേണ്ടിയത്രെ അത്.' (സൂ. ബഖറ 183).

## നോമ്പ് മുറിയുന്ന കാര്യങ്ങൾ:

**നോമ്പ്കാരൻ ചില കാര്യങ്ങളിൽ നിന്ന് വിട്ട് നിൽക്കേണ്ടതുണ്ട്. ആ കാര്യങ്ങൾ അവന്റെ നോമ്പിനെ കുഴപ്പത്തിലാക്കുമെന്നതിനാലാണത്. അവ;**

1. ഭക്ഷിക്കലും വെള്ളം കുടിക്കലും. ശരീരത്തിന് പോഷണം നൽകുന്ന, ഞരമ്പുകളിൽ എടുക്കുന്ന ഇഞ്ചക്ഷനും ഭക്ഷണ പാനീയത്തിന്റെ വിധി തന്നെയാണ് പരിഗണിക്കപ്പെടുക.
2. ലൈംഗിക ബന്ധം മൂലമോ അല്ലാതെയോ മനപ്പൂർവം ശുക്ലം പുറത്ത് വരിക. റമദാനിലെ പകലിലെ ലൈംഗിക ബന്ധം വലിയ പാപം കൂടിയാണ്.
3. മനപ്പൂർവം ഛർദിക്കുക.

**എന്നാൽ സ്ത്രീകൾക്ക് അവരുടെ നോമ്പ് മുറിയാൻ ഇത് കൂടാതെ ഒരു കാരണം കൂടിയുണ്ട്. അത്;**

4. ആർത്തവ -പ്രസവ രക്തം പുറത്ത് വരിക.

## പുണ്യ റമദാൻ:

ഹിജ്റ വർഷത്തിലെ ഒമ്പതാമത്തെ മാസമാണ് അനുഗ്രഹീതമായ റമദാൻ മാസം. ആ മാസത്തിലാണ് അല്ലാഹു തന്റെ ദൂതനായ മുഹമ്മദ് നബി(സ)ക്ക് ഖുർആൻ അവതരിപ്പിച്ചത്. അതിന്റെ പകലിൽ അല്ലാഹു നോമ്പ് നിർബന്ധമാക്കി. അതിന്റെ രാത്രിയിലെ നമസ്കാരം പാപ മോചനത്തിന് കാരണമാക്കി നിശ്ചയിക്കുകയും ചെയ്തു. അതിലെ ഒരു രാത്രിയെ ആയിരം മാസങ്ങളേക്കാൾ ശ്രേഷ്ഠതയുള്ള പ്രത്യേക രാത്രിയുമാക്കി. അതിനെ ലൈലത്തുൽ ഖദ്ർ (നിർണയത്തിന്റെ രാത്രി) എന്ന് വിളിക്കപ്പെടുന്നു. അതിനെ നമസ്കാരം, ദിക്ർ എന്നിവകൊണ്ട് സജീവമാക്കുന്നവന്റെ കഴിഞ്ഞു പോയ പാപങ്ങളെല്ലാം തന്നെ പൊറുക്കപ്പെടുന്നതാണ്.



**മുസ്‌ലിംകൾ റമദാനിന്റെ രാത്രിയിൽ തറാവീഹ് നമസ്കരിക്കുന്നു. അത് ഇഷാ നമസ്കാരത്തിന് ശേഷം നിർവഹിക്കൽ സുന്നത്തായ ഒരു നമസ്കാരമാണ്.**

## ആർക്കൊക്കെയാണ് റമദാനിൽ നോമ്പ് ഒഴിവാക്കൽ അനുവദനീയമായിട്ടുള്ളത് ?

ചില വിഭാഗം ആളുകൾക്ക് റമദാനിൽ നോമ്പ് ഒഴിവാക്കാൻ അല്ലാഹു അനുവാദം നൽകിയിട്ടുണ്ട്. അവർ;

1. നോമ്പ് മൂലം അപകടം സംഭവിക്കാവുന്ന രോഗികൾ.
2. നോമ്പ് എടുക്കാൻ അശക്തരായ വൃദ്ധർ.
3. യാത്രക്കാരൻ.
4. ആർത്തവ - പ്രസവ രക്തമുള്ളവർ.
5. നോമ്പെടുക്കുന്നത് കൊണ്ട് തങ്ങൾക്കോ തങ്ങളുടെ കുട്ടികൾക്കോ അപകടം സംഭവിക്കുമെന്ന് ഭയപ്പെടുന്ന ഗർഭിണിയും മുലയൂട്ടുന്ന സ്ത്രീയും.

### നോമ്പുമായി ബന്ധപ്പെട്ട ചില ഉണർത്തലുകൾ:

- റമദാനിൽ കൃത്യമായ കാരണം ഉള്ളത് കൊണ്ട് നോമ്പ് ഒഴിവാക്കിയ ആൾ അതിന് തുല്യമായ എണ്ണം നോമ്പ് റമദാന് ശേഷം നോറ്റ് വീട്ടേണ്ടതാണ്.
- രോഗം കാരണം നോമ്പ് ഒഴിവാക്കുകയും പിന്നീട് ശമന പ്രതീക്ഷ ഇല്ലാതിരിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ ആ രോഗി നോമ്പ് നോറ്റ് വീട്ടേണ്ടതില്ല. അതിന് പകരമായി ഒരു നോമ്പിന് പകരം ഒരു സാധുവിന് ഭക്ഷണം നൽകുകയാണ് ചെയ്യേണ്ടത്.
- നോമ്പ് എടുക്കാൻ ശേഷിയില്ലാത്ത വൃദ്ധരും നോമ്പ് നോറ്റ് വീട്ടേണ്ടതില്ല. അതിന് പകരമായി ഒരു നോമ്പിന് പകരം ഒരു സാധുവിന് ഭക്ഷണം നൽകുകയാണ് ചെയ്യേണ്ടത്.



മഗ്‌രിബ് ബാങ്കോടുകൂടിയാണ് മുസ്‌ലിംകൾ നോമ്പ് തുറക്കാറുള്ളത്. ധാരാളം മുസ്‌ലിംകൾ നോമ്പ് തുറയിൽ തങ്ങളുടെ സഹോദരങ്ങളോടൊപ്പം സമൂഹമായി നോമ്പ് തുറക്കാൻ താത്പര്യപ്പെടുന്നു.

## മൂല്യ നിർണയ ചോദ്യങ്ങൾ

**1** "why do Muslims fast Ramadan ?
എന്ന വീഡിയോ കണ്ട ശേഷം; നോമ്പ് വിശ്വാസിയിലുണ്ടാക്കുന്ന സ്വാധീനത്തെ കുറിച്ച് എഴുതുക:



**2** അല്ലാഹു ചില ആളുകൾക്ക് നോമ്പ് ഒഴിവാക്കാൻ അനുവാദം നൽകിയിട്ടുണ്ട്. അങ്ങനെ അനുവാദമുള്ള ഏതാനും വിഭാഗത്തെ കുറിച്ചും അതിലെ യുക്തിയെ കുറിച്ചും എഴുതുക.

**3** നോമ്പ് കാരൻ വിട്ട് നിൽക്കേണ്ട കാര്യമാണ് :

- a. ഭക്ഷണ പാനീയങ്ങൾ.
- b. ലൈംഗിക ബന്ധം.
- c. മേൽപറഞ്ഞത് എല്ലാം.

നോമ്പ് മുറിയുന്ന കാര്യങ്ങൾ എത്ര

- a. 6.
- b. 5.
- c. 4.



# പാഠം 9

# ഹജ്ജ്

## ആമുഖം

ഇസ്‌ലാം കാര്യങ്ങളിൽ പെട്ട കാര്യമാണ് ഹജ്ജ്. ഒരു മുസ്‌ലിമിന് അല്ലാഹുവിന്റെ സാമിപ്യം സിദ്ധിക്കാൻ സാധിക്കുന്ന വളരെ ശ്രേഷ്ഠമായ കർമമാണത്. ഹജ്ജിന്റെ ശ്രേഷ്ഠതയുമായി ബന്ധപ്പെട്ട് നബി(സ)യിൽ നിന്നും ധാരാളം ഹദീസുകൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. ഈ മഹത്തായ മത ചിഹ്നത്തെ കുറിച്ച് വളരെ ലഘുവായി ഈ പാഠഭാഗത്തിൽ നമുക്ക് പഠിക്കാം.

## എന്താണ് ഹജ്ജ്?

ഹജ്ജ്: സാധിക്കുന്ന മുസ്‌ലിംകൾ ദുൽഹിജ്ജ മാസത്തിൽ മക്കയിലേക്ക് പോയി നിർവഹിക്കുന്ന നിശ്ചിത കർമങ്ങൾ ഉൾപ്പെട്ട ആരാധനയാണിത്. ഹിജ്റ വർഷത്തിലെ അവസാന മാസമാണ് ദുൽഹിജ്ജ.

ഇസ്‌ലാം കാര്യങ്ങളിൽ അഞ്ചാമത്തേതാണ് ഹജ്ജ്.

ഹിജ്റ വർഷം: മക്കയിൽ നിന്നും മദീയിലേക്കുള്ള നബി(സ)യുടെ ഹിജ്റയാണ് ഇത് സൂചിപ്പിക്കുന്നത്. ഖലീഫ ഉമർ(റ)വാണ് ഇസ്‌ലാമിക കലണ്ടറിന്റെ തുടക്കത്തിന് നബി(സ)യുടെ ഹിജ്റ തിരഞ്ഞെടുക്കാൻ തീരുമാനിച്ചത്. മുഹറം മാസം കൊണ്ട് ആരംഭിച്ച് ദുൽഹിജ്ജ മാസത്തോടെ അവസാനിക്കുന്ന നിലക്ക് പന്ത്രണ്ട് മാസങ്ങളാണ് ഹിജ്റ വർഷത്തിൽ ഉള്ളത്. ഹിജ്റ ഒന്നാം വർഷം അഥവാ എഡി.622 മുതലുള്ള ചരിത്ര സംഭവ വികാസങ്ങളുടെ കണക്കിന് മുസ്‌ലിംകൾ ഹിജ്റ വർഷമാണ് അവലംബിക്കാറുള്ളത്.

## എന്തിനാണ് നമ്മൾ ഹജ്ജ് ചെയ്യുന്നത്?

അല്ലാഹുവിന്റെ ഭവനമായ മക്കയിലെ കഅബാലയത്തിലേക്ക് തീർത്ഥ യാത്ര നടത്താനുള്ള അല്ലാഹുവിന്റെ വിളിക്ക് ഉത്തരമായാണ് ഒരു മുസ്‌ലിം മക്കയിലേക്ക് തീർത്ഥയാത്ര ചെയ്യുന്നത്.

## ഹജ്ജിലെ യുക്തിയും ഗുണഫലങ്ങളും:

- വിശുദ്ധ ഹറമിലേക്ക് തീർത്ഥയാത്ര നടത്തിയ പ്രവാചക ശ്രേഷ്ഠൻ ഇബ്റാഹീം(അ) മുതലിങ്ങോട്ടുള്ള എല്ലാ പ്രവാചകന്മാരുടെയും മാർഗത്തെ സ്വീകരിക്കുന്നതിന് വേണ്ടി.
- ആരാധനയിൽ മുഴുകുന്നതിന് വേണ്ടി. ഒരു ഹാജി ദിവസങ്ങളോളം ഒന്ന് കഴിയുമ്പോൾ മറ്റൊന്ന് എന്ന നിലക്ക് ആരാധനക്കായി ഒഴിഞ്ഞിരിക്കുകയാണ് ചെയ്യുന്നത്.
- പുണ്യസ്ഥലങ്ങളിൽ ഒത്തുകൂടിയ മുസ്‌ലിംകളെ സന്ധിക്കുക, അവരെ പരിചയപ്പെടുക, അവരുമായി ബന്ധത്തിന്റെ പാലങ്ങൾ നിർമ്മിക്കുക.

### ചർച്ച ചെയ്യുക

ഹജ്ജ് ചെയ്ത നിങ്ങളുടെ കൂട്ടുകാരെ കുറിച്ച് ചർച്ച ചെയ്യുക, ഹജ്ജ് ചെയ്യുമ്പോൾ അവരിലുണ്ടായ വികാരങ്ങൾ മനസ്സിലാക്കുകയും ചെയ്യുക.

## ആർക്കാണ് ഹജ്ജ് നിർബന്ധമാകുന്നത് ?

ഹജ്ജിന് കഴിവുള്ള എല്ലാ മുസ്‌ലിം സ്ത്രീ പുരുഷന്മാർക്കും ജീവിതത്തിൽ ഒരു തവണ ഹജ്ജ് നിർബന്ധമാണ്. സാമ്പത്തികവും ശാരീരികവുമായി ഹജ്ജിന് കഴിവുള്ളവർക്കെല്ലാം ഹജ്ജ് നിർബന്ധമാണ്.

### ഹജ്ജുമായി ബന്ധപ്പെട്ട് ചില ഉണർത്തലുകൾ:

- ഒരു മുസ്‌ലിമിന് നിശ്ചിത സ്ഥലത്ത് (മക്ക) വർഷത്തിലെ നിർണിത സമയത്ത് അല്ലാതെ ഹജ്ജ് നിർവഹിക്കാൻ സാധിക്കില്ല.
- ഹജ്ജ് ഒരുപാട് ആരാധനാ കർമങ്ങൾ ഉൾപ്പെട്ടതാണ്. അത് നിർവഹിക്കാനായി പുറപ്പെടുന്നതിന് മുമ്പ് ഒരു മുസ്‌ലിം അതിനെ കുറിച്ച് പഠിച്ചിരിക്കൽ അനിവാര്യമാണ്.



എല്ലാ വർഷവും വിവിധ രാജ്യക്കാരായ വലിയ സംഘം മുസ്‌ലിംകൾ ദരിദ്ര ധനിക വ്യത്യാസമില്ലാതെ ഒരേ വസ്ത്രത്തിൽ ഒന്നിച്ച് ഹജ്ജ് നിർവഹിച്ച് കൊണ്ടിരിക്കുന്നു.

## മൂല്യ നിർണയ ചോദ്യങ്ങൾ

**1** Why Do Muslims Perform Pilgrimage (Hajj?) എന്ന വീഡിയോ കണ്ട ശേഷം ഹജ്ജിലെ ആരാധനകൾ മനുഷ്യ പ്രകൃതിയുമായി പൊരുത്തപ്പെടുന്ന രീതികളെ കുറിച്ച് രേഖപ്പെടുത്തുക.



**2** മുസ്‌ലിംകൾ ഹജ്ജ് നിർവഹിക്കുന്നത്;

- ◯ a. റമദാൻ മാസം.
- ◯ b. ദുൽഹിജ്ജ മാസം.
- ◯ c. ഡിസംബർ മാസം.

ഒരു മുസ്‌ലിമിന് ഹജ്ജ് നിർബന്ധമാക്കുന്നത് :

- ◯ a. ജീവിതത്തിൽ ഒരു തവണ.
- ◯ b. ജീവിതത്തിൽ രണ്ട് തവണ.
- ◯ c. സാധിക്കുമ്പോഴെല്ലാം ഹജ്ജ് ചെയ്യേണ്ടതാണ്.

# സ്വയ മൂല്യനിർണയം

| | പഠന ലക്ഷ്യം | മൂല്യനിർണ്ണയ ഘട്ടം | | | |
|---|---|---|---|---|---|
| | | ഇല്ല | ദുർബലം | നല്ലത് | വളരെ മികച്ചത് |
| 1 | ആരാധനയുടെ അർത്ഥം നിങ്ങൾ മനസ്സിലാക്കിയിട്ടുണ്ടോ? | | | | |
| 2 | ആരാധനയുടെ നിബന്ധനകൾ പറയാൻ നിങ്ങൾക്ക് സാധിക്കുമോ? | | | | |
| 3 | ആരാധനയുടെ ഇനങ്ങൾ പറയാൻ നിങ്ങൾക്ക് സാധിക്കുമോ? | | | | |
| 4 | ശുദ്ധീകരണത്തിന്റെ അർത്ഥം നിങ്ങൾക്ക് മനസ്സിലായോ? | | | | |
| 5 | നിങ്ങൾക്ക് ശുദ്ധിയുടെ ഇനങ്ങൾ അറിയാമോ? | | | | |
| 6 | വുദുവിന്റെ രൂപം വിശദീകരിക്കാമോ? | | | | |
| 7 | വുദു മുറിയുന്ന കാര്യങ്ങൾ എന്തൊക്കെയാണെന്ന് നിങ്ങൾക്കറിയാമോ? | | | | |
| 8 | സോക്സിൽ തടവുന്നതിന്റെ നിയമങ്ങൾ എന്താണെന്ന് നിങ്ങൾക്കറിയാമോ? | | | | |
| 9 | കുളിയുടെ രൂപം നിങ്ങൾക്കറിയാമോ? | | | | |
| 10 | കുളി നിർബന്ധമാക്കുന്ന കാര്യങ്ങൾ എന്തൊക്കെയാണെന്ന് നിങ്ങൾക്കറിയാമോ? | | | | |
| 11 | ജനാബത്തുള്ള വ്യക്തിക്ക് നിഷിദ്ധമായ കാര്യങ്ങൾ നിങ്ങൾക്കറിയാമോ? | | | | |
| 12 | സ്ത്രീകളിൽ നിന്ന് പുറത്തുവരുന്ന രക്തത്തിന്റെ ഇനങ്ങൾ നിങ്ങൾക്കറിയാമോ? | | | | |
| 13 | സ്ത്രീകളുടെ രക്തവുമായി ബന്ധപ്പെട്ട പ്രധാന വിധികൾ എന്താണെന്ന് നിങ്ങൾക്കറിയാമോ? | | | | |
| 14 | നമസ്കാരത്തിന്റെ അർത്ഥം നിങ്ങൾക്ക് മനസ്സിലായോ? | | | | |
| 15 | നാം നമസ്കരിക്കുന്നത് എന്തിനാണെന്ന് നിങ്ങൾക്ക് മനസ്സിലായോ? | | | | |
| 16 | നമസ്കാരത്തിന്റെ നിബന്ധനകൾ എന്താണെന്ന് നിങ്ങൾക്കറിയാമോ? | | | | |
| 17 | അഞ്ചുനേര നമസ്കാരങ്ങൾ ഏതൊക്കെയാണെന്ന് നിങ്ങൾക്കറിയാമോ? | | | | |
| 18 | നമസ്കാരത്തിന്റെ രൂപം നിങ്ങൾക്കറിയാമോ? | | | | |
| 19 | ജുമുഅ നമസ്കാരത്തിന്റെ വിധികൾ എന്താണെന്ന് നിങ്ങൾക്കറിയാമോ? | | | | |

| | പഠന ലക്ഷ്യം | മൂല്യനിർണ്ണയ ഘട്ടം | | | |
|---|---|---|---|---|---|
| | | ഇല്ല | ദുർബലം | നല്ലത് | വളരെ മികച്ചത് |
| 20 | സകാത്തിന്റെ അർത്ഥം മനസ്സിലാക്കാൻ നിങ്ങൾക്ക് സാധിക്കുമോ? | | | | |
| 21 | നാം എന്തിനാണ് സകാത്ത് നൽകുന്നത് എന്ന് മനസ്സിലായോ? | | | | |
| 22 | സകാത്ത് നൽകേണ്ട സ്വത്തുക്കൾ നിങ്ങൾക്ക് അറിയാമോ? | | | | |
| 23 | സകാത്തിന്റെ നിബന്ധനകൾ നിങ്ങൾക്ക് അറിയാമോ? | | | | |
| 24 | സകാത്തിന് അർഹരായ ആളുകളെ നിങ്ങൾക്ക് അറിയാമോ? | | | | |
| 25 | നോമ്പിന്റെ അർത്ഥം നിങ്ങൾക്ക് മനസ്സിലായോ? | | | | |
| 26 | നാം നോമ്പ് എടുക്കുന്നത് എന്തുകൊണ്ടാണെന്ന് നിങ്ങൾക്ക് മനസ്സിലാക്കാൻ സാധിച്ചിട്ടുണ്ടോ? | | | | |
| 27 | നിർബന്ധമായ നോമ്പ് നിങ്ങൾക്ക് അറിയാമോ? | | | | |
| 28 | നോമ്പ് മുറിയുന്ന കാര്യങ്ങൾ എന്താണെന്ന് നിങ്ങൾക്ക് അറിയാമോ? | | | | |
| 29 | റമദാനിൽ നോമ്പ് ഒഴിവാക്കൽ അനുവദനീയമായത് ആർക്കൊക്കെയാണെന്ന് നിങ്ങൾക്ക് അറിയാമോ? | | | | |
| 30 | ഹജ്ജിന്റെ അർത്ഥം നിങ്ങൾക്ക് മനസ്സിലായോ? | | | | |
| 31 | നാം എന്തിനാണ് ഹജ്ജ് ചെയ്യുന്നത് എന്ന് നിങ്ങൾക്ക് മനസ്സിലായോ? | | | | |
| 32 | ഹജ്ജ് നിർബന്ധമാകുന്നത് ആർക്കൊക്കെയാണെന്ന് നിങ്ങൾക്കറിയാമോ? | | | | |
| 33 | നിങ്ങൾക്ക് ശരിയായി വുദു ചെയ്യാൻ കഴിയുമോ? | | | | |
| 34 | നിങ്ങൾക്ക് ശരിയായി കുളിക്കാൻ കഴിയുമോ? | | | | |
| 35 | നമസ്കാരം കൃത്യമായി നിർവഹിക്കാൻ നിങ്ങൾക്ക് കഴിയുമോ? | | | | |
| 36 | ഇസ്‌ലാം മതത്തിന്റെ എളുപ്പവും സഹിഷ്ണുതയും നിങ്ങൾക്ക് അനുഭവപ്പെടുന്നുണ്ടോ? | | | | |



## യുണിറ്റ് 4

# ഇസ്‌ലാമിക വിധി വിലക്കുകൾ







## യൂണിറ്റിലെ പാഠങ്ങൾ:

1. വസ്ത്രം
2. ഭക്ഷണ പാനീയങ്ങൾ
3. സാമ്പത്തിക ഇടപാടുകൾ
4. സൽസ്വഭാവം







# പാഠം 1

# വസ്ത്രം

## ആമുഖം

മനുഷ്യന് ധരിക്കാനുള്ള വസ്ത്രം അല്ലാഹുവിന്റെ മഹത്തായ അനുഗ്രഹമാണ്. അല്ലാഹു പറയുന്നു: "ആദം സന്തതികളേ, നിങ്ങൾക്കു നാം നിങ്ങളുടെ ഗോപ്യസ്ഥാനങ്ങൾ മറയ്ക്കാനുതകുന്ന വസ്ത്രവും അലങ്കാരവസ്ത്രവും നൽകിയിരിക്കുന്നു. ധർമനിഷ്ഠയാകുന്ന വസ്ത്രമാകട്ടെ അതാണു കൂടുതൽ ഉത്തമം. അവർ ശ്രദ്ധിച്ച് മനസ്സിലാക്കാൻ വേണ്ടി അല്ലാഹു അവതരിപ്പിക്കുന്ന തെളിവുകളിൽ പെട്ടതത്രെ അത്." (സൂ. അഅ്റാഫ് 26). വസ്ത്രങ്ങളുമായി ബന്ധപ്പെട്ട ഏതാനും വിധിവിലക്കുകളെ കുറിച്ച് ഈ പാഠ ഭാഗത്തിൽ നമുക്ക് മനസിലാക്കാം.

## വസ്ത്രത്തിന്റെ അടിസ്ഥാന വിധി:

വസ്ത്രത്തിന്റെ അടിസ്ഥാന വിധി അനുവദനീയം എന്നതാണ്. വിശുദ്ധ ഖുർആനിലോ തിരു സുന്നത്തിലോ നിഷിദ്ധമായി പഠിപ്പിക്കപ്പെട്ടതല്ലാതെ നിഷിദ്ധമാകുന്നില്ല.

ദൈനം ദിന ജീവിത ഇടപെടലുകളിലെ
മൊത്തത്തിലുള്ള അടിസ്ഥാന വിധി
എല്ലാം അനുവദനീയമെന്നാണ്. അതിൽ
പെട്ടതാണ് വസ്ത്രവും. അതിൽ പ്രമാണ
ത്തിൽ പ്രത്യേകം നിഷിദ്ധമായി പഠിപ്പിച്ചത്
മാത്രമാണ് നിഷിദ്ധമാവുക. ഖുർആനിലോ
സുന്നത്തിലോ നിഷിദ്ധമാണെന്ന് പഠിപ്പിക്ക
പ്പെട്ട വസ്ത്രങ്ങളാണ് ഇവിടെ നിഷിദ്ധ വസ്
ത്രങ്ങളായി പരാമർശിച്ചിട്ടുള്ളത്.

## ചർച്ച ചെയ്യുക

വസ്ത്രത്തിലൂടെ എന്തൊക്കെ ആവശ്യങ്ങളാണ് നിറവേറ്റപ്പെടുന്നത് ?

........................................................................................................

........................................................................................................

........................................................................................................

........................................................................................................

## നിഷിദ്ധമായ വസ്ത്രങ്ങൾ:

ചില വസ്ത്രങ്ങൾ അല്ലാഹു നിഷിദ്ധമാക്കിയിട്ടുണ്ട്. അവയിൽ പെട്ടതാണ്;

- നഗ്നത (ഔറത്ത്) മറക്കാത്ത വസ്ത്രം.
- എതിർ ലിംഗത്തോട് സാദൃശ്യമാകുന്ന വസ്ത്രം ധരിക്കൽ. സ്ത്രീകളുടെ വസ്ത്രം പുരുഷന്മാരോ പുരുഷന്മാരുടെ വസ്ത്രം സ്ത്രീകളോ ധരിക്കൽ നിഷിദ്ധമാണ്.
- അഹങ്കാരമോ പൊങ്ങച്ചമോ തോന്നിപ്പിക്കുന്ന വസ്ത്രങ്ങൾ.
- ദൂർത്തും ദുർവ്യയവുമുള്ള വസ്ത്രങ്ങൾ.
- പുരുഷന്മാർക്ക് പട്ടുവസ്ത്രവും സ്വർണ, ആഭരണങ്ങളും ധരിക്കൽ.
- വൈദികരുടേയും സന്യാസികളുടെയും വസ്ത്രം പോലെയുള്ള അവിശ്വാസികളുമായി സാദൃശ്യപ്പെടുന്ന വസ്ത്രങ്ങൾ ധരിക്കുന്നത് നിരോധിച്ചിരിക്കുന്നു.

പുരുഷന്റെ ഔറത്ത് പൊക്കിൾ മുതൽ കാൽമുട്ടുകൾ വരെ ഉള്ള ഭാഗങ്ങളാണ്. സ്ത്രീകൾ അന്യ പുരുഷന്മാരുടെ അടുക്കൽ ശരീരം മുഴുവൻ മറക്കേണ്ടതാണ്. എന്നാൽ പിതാവ്, മകൻ, സഹോദരൻ എന്നിവർ പോലെ വിവാഹബന്ധം നിഷിദ്ധമാക്കപ്പെട്ട പുരുഷന്മാരുടെ മുന്നിൽ മറ്റു സ്ത്രീകൾക്ക് മുന്നിൽ വെളിവാക്കാവുന്ന മുഖം, മുടി, മുട്ടുകൾ, മുഴം കൈകൾ, കണങ്കാലുകൾ പോലെയുള്ള ഭാഗങ്ങൾ വെളിവാക്കുന്നത് കൊണ്ട് കുഴപ്പമില്ല.

ചില വസ്ത്രങ്ങൾ നിരോധിക്കാനുണ്ടായ കാരണങ്ങളിൽ ചിലത് നിങ്ങളുടെ കൂട്ടുകാരുമായി പങ്ക് വെക്കുക.



പുരുഷന്മാർ സ്ത്രീകളോടും സ്ത്രീകൾ പുരുഷന്മാരോടും സാദൃശ്യപ്പെടുന്നത് നബി(സ) നിരോധിച്ചിട്ടുണ്ട്. വസ്ത്രത്തിന്റെ ഇനങ്ങളും സംസാര രീതിയുമൊക്കെ ഈ നിരോധനത്തിൽ ഉൾകൊള്ളുന്നു. ഈ സാദൃശ്യപ്പെടൽ ഇങ്ങനെ പ്രവർത്തിച്ച് പശ്ചാത്തപിക്കാത്തവന് അല്ലാഹുവിന്റെ ശിക്ഷ നിർബന്ധമായ വലിയ പാപമായിട്ടാണ് ഗണിക്കപ്പെടുന്നത്. പുരുഷന്റെ പ്രകൃതി സ്ത്രീകളിൽ നിന്നും സ്ത്രീകളുടെ പ്രകൃതി പുരുഷന്മാരിൽ നിന്നും പ്രത്യക്ഷത്തിൽ തന്നെ വ്യത്യസ്തമായിരിക്കാൻ ഇസ്‌ലാം ഉദ്ദേശിക്കുന്നു. ഇതാണ് സാമാന്യ ബോധവും ശരിയായ ബുദ്ധിയും ഉള്ളതിന്റെ പ്രകടഭാവം.

## അഭ്യാസം

**പുരുഷന്മാർക്ക് മാത്രം നിഷിദ്ധമായ വസ്ത്രങ്ങളും സ്ത്രീകൾക്കും പുരുഷ ന്മാർക്കും ഒരേ പോലെ നിഷിദ്ധമായ വസ്ത്രങ്ങളും അതാത് സ്ഥലത്ത് എഴുതുക:**

- നഗ്നത മറയാത്ത വസ്ത്രങ്ങൾ
- എതിർ ലിംഗവുമായി സാദൃശ്യപ്പെടുന്ന വസ്ത്രങ്ങൾ
- അഹങ്കാരമോ പൊങ്ങച്ചമോ തോന്നിപ്പിക്കുന്ന വസ്ത്രങ്ങൾ
- ധൂർത്തും ദുർവ്യയവുമുള്ള വസ്ത്രങ്ങൾ
- പട്ടുവസ്ത്രവും സ്വർണ്ണാഭരണങ്ങളും
- അവിശ്വാസികളുമായി സാദൃശ്യപ്പെടുന്ന വസ്ത്രങ്ങൾ





## ചർച്ച ചെയ്യുക

ഫാഷൻ, ആചാരങ്ങൾ, പാരമ്പര്യങ്ങൾ, നിയമങ്ങൾ എന്നിവ അടിസ്ഥാനമാക്കി ഒരു പുരുഷനോ സ്ത്രീക്കോ തങ്ങൾക്ക് അനുയോജ്യമായ വസ്ത്രധാരണം നിർണ്ണയിക്കാൻ സാധിക്കുമോ?

.............................................................................................................

.............................................................................................................

.............................................................................................................

.............................................................................................................

.............................................................................................................

.............................................................................................................

.............................................................................................................

# മൂല്യ നിർണയ ചോദ്യങ്ങൾ

**1** നിഷിദ്ധമായ വസ്ത്രങ്ങളെ കുറിച്ച് ആലോചിച്ച് അത് നിഷിദ്ധമാക്കിയതിന് പിന്നിലെ യുക്തിയെ കുറിച്ച് ചിന്തിക്കുക.

.......................................................................................................................................

.......................................................................................................................................

.......................................................................................................................................

.......................................................................................................................................

.......................................................................................................................................

.......................................................................................................................................

.......................................................................................................................................

**2** ശരിയായ ഉത്തരം തിരഞ്ഞെടുക്കുക;

■ സ്വർണം ധരിക്കൽ നിഷിദ്ധമായത് ആർക്ക്?

○ a. പുരുഷന്മാർക്ക്.

○ b. സ്ത്രീകൾക്ക്.

○ c. കുട്ടികൾക്ക്.

■ പുരുഷന്മാർക്ക് നിഷിദ്ധമാണ്;

○ a. കമ്പിളി ധരിക്കൽ.

○ b. പട്ട് ധരിക്കൽ.

○ c. മേൽ പറഞ്ഞവ മുഴുവൻ.



# പാഠം 2

# ഭക്ഷണ പാനീയങ്ങൾ

## ആമുഖം

മനുഷ്യനെ നല്ല ശാരീരിക അവസ്ഥയിലേക്ക് എത്തിക്കുന്ന മാർഗമായിട്ടാണ് ആളുകൾ ഭക്ഷണ പാനീയങ്ങളെ കാണുന്നത്. എന്നാൽ ആരാധനകൾ നിർവഹിക്കാനുള്ള കരുത്ത് ലഭിക്കണമെന്ന ഉദ്ദേശത്തോടെയാണ് ഭക്ഷിക്കുകയും വെള്ളം കുടിക്കുകയും ചെയ്യുന്നതെങ്കിൽ അത് ആരാധനയായി മാറുകയും ചെയ്യും. ഭക്ഷണ പാനീയങ്ങളുമായി ബന്ധപ്പെട്ട വിധികൾ, മര്യാദകൾ, ഒരു മുസ്‌ലിം വർജ്ജിക്കൽ അനിവാര്യമായ നിഷിദ്ധ ഭക്ഷണങ്ങൾ എന്നിവയെ കുറിച്ചെല്ലാം ഈ പാഠഭാഗത്തിൽ നമുക്ക് മനസിലാക്കാം.

## ഭക്ഷണ പാനീയങ്ങളുടെ അടിസ്ഥാന വിധി:

ഭക്ഷണ പാനീയങ്ങളുടെ അടിസ്ഥാന വിധി അനുവദനീയം എന്നതാണ്. വിശുദ്ധ ഖുർആനിലോ തിരുസുന്നത്തിലോ നിഷിദ്ധമായി വന്നത് മാത്രമേ നിഷിദ്ധമാകുന്നുള്ളൂ. അല്ലാഹു പറയുന്നു: "മനുഷ്യരേ, ഭൂമിയിലുള്ളതിൽ നിന്ന് അനുവദനീയവും, വിശിഷ്ടവുമായത് നിങ്ങൾ ഭക്ഷിച്ച് കൊള്ളുക." (സൂ. ബഖറ 168).

## നിഷിദ്ധമായ ഭക്ഷണ പാനീയങ്ങൾ:

ഏതാനും ചില ഭക്ഷണ പാനീയങ്ങൾ അല്ലാഹു നിഷിദ്ധമാക്കിയിട്ടുണ്ട്. അതിൽ പെട്ടതാണ്;

- മദ്യം, അത് സ്വബോധത്തെ നശിപ്പിച്ച് കളയുന്നു. ബുദ്ധിയുടെ സംരക്ഷണമെന്നത് മഖാസിദു ശ്ശരീഅ (ഇസ്‌ലാമിക മത നിയമങ്ങളുടെ താത്പര്യങ്ങൾ) മുന്നോട്ട് വെക്കുന്ന ലക്ഷ്യങ്ങളിൽ പെട്ടതാണ്.
- മയക്ക് മരുന്നുകൾ, അത് ബുദ്ധിയെയും ശരീരത്തെയും തകർത്ത് കളയുന്നു.
- അറവ് മൂലമല്ലാതെ ചത്തതോ അറുക്കുന്ന സമയത്ത് അല്ലാഹുവിന്റെ നാമം സ്മരിക്കപ്പെടാത്തതോ ആയ മൃഗങ്ങൾ.
- പന്നി മാംസം, പന്നി മലിനമാണ് അത് ഭക്ഷിക്കൽ അനുവദനീയമല്ല.
- വേട്ടയാടി ഭക്ഷിക്കുന്ന ജീവികൾ. സിഹം, പുലി,കഴുകൻ, പരുന്ത് പോലെയുള്ളവ.
- അല്ലാഹുവിന് പുറമെ ആരാധിക്കപ്പെടുന്നവക്ക് സമർപ്പിക്കുന്ന ബലികൾ. വിഗ്രഹത്തിനും മറ്റും.

മഖാസിദുശ്ശരീഅ: ഇസ്‌ലാമിക മത നിയമങ്ങളിലെ (ശരീഅത്തിലെ) വിധികൾക്ക് പിന്നിലുള്ള യുക്തിയെയും രഹസ്യങ്ങളെയും കുറിച്ച് പഠിക്കുന്ന വിഞ്ജാന ശാഖകളിൽ ഒന്നാണിത്. ഉദാഹരണത്തിന്, എന്തിനാണ് അല്ലാഹു ഈ വിധി നിയമമാക്കിയത്? എന്ത് കാരണത്തിലാണ് ഈ വിധി വന്നിട്ടുള്ളത് എന്നിങ്ങനെ ഉള്ള കാര്യങ്ങൾ.

## മതപരമായ അറുക്കലിന്റെ നിബന്ധനകൾ എന്തൊക്കെ ?

**താഴെ കൊടുത്തിരിക്കുന്ന നിബന്ധനകൾ പാലിച്ച് കൊണ്ട് മൃഗങ്ങളെ അറുക്കുന്നതിനാണ് മത നിയമാനുസൃതമായ ബലി, അറവ് എന്നൊക്കെ പറയപ്പെടുന്നത്:**

1. അറുക്കുന്നവൻ മുസ്‌ലിമോ അല്ലെങ്കിൽ വേദക്കാരനോ (ജൂതൻ, ക്യസ്ത്യാനി) ആവുകയും അവർ അറവ് ഉദ്ദേശിക്കുകയും ചെയ്യുക.
2. അറവിന് അനുയോജ്യമായ ആയുധമായിരിക്കുക, മുറിവിലൂടെ ചോര ഒഴുക്കാൻ സാധിക്കുന്ന കത്തി പോലുള്ളവ കൊണ്ടാണ് അറുക്കേണ്ടത്. മൃഗങ്ങളുടെ തലയിൽ ഭാരമുള്ള വല്ല വസ്തുക്കളും കൊണ്ട് ഇടിച്ചോ ഷോക്കടിപ്പിച്ചോ കൊല്ലുന്നത് നിഷിദ്ധമാണ്.
3. അല്ലാഹുവിന്റെ നാമം സ്മരിക്കുക, അറുക്കാൻ കൈകൾ ചലിപ്പിക്കുന്ന സമയത്ത് (ബിസ്മില്ലാഹ്) എന്ന് പറയുക.
4. അറവിന്റെ സമയത്ത് മുറിക്കേണ്ടവ മുറിക്കുക, അതായത്: അന്നനാളം, തൊണ്ട, കഴുത്തിലെ രണ്ട് വലിയ ഞരമ്പുകൾ, എന്നിവ ഖണ്ഡിക്കുക. അല്ലെങ്കിൽ ഈ നാലിൽ മൂന്നെണ്ണം മുറിക്കുക.

## കടൽ ജീവികളെ തിന്നുന്നതിന്റെ വിധിയെന്ത് ?

വെള്ളത്തിൽ മാത്രം ജീവിക്കുന്ന മീൻ , ചെമ്മീൻ പോലെയുള്ള ജല ജീവികളുടെ ശവം അനുവദനീയമാണ്. അവ കടലിലേതോ പുഴയിലേതോ കുളത്തിലേതോ ആയാലും ശരി.



**വേട്ടയാടി ഇരപിടിക്കുന്ന മൃഗങ്ങളെ അല്ലാത്തവയെ വേട്ടയാടലും ഭക്ഷിക്കലും അനുവദനീയമാണ്. എന്നാൽ അവയെ വേട്ടയാടുന്ന സമയത്ത് അല്ലാഹുവിന്റെ നാമം സ്മരിക്കുകയും ജീവനോടെയാണ് ലഭിച്ചതെങ്കിൽ അറുക്കുകയും ചെയ്യണമെന്ന നിബന്ധനകൾ പാലിക്കപ്പെടേണ്ടതുണ്ട്.**

## ഭക്ഷണ ശാലകളിലും കടകളിലും ലഭിക്കുന്ന മാംസത്തിന്റെ വിധി:

1. മുസ്‌ലിമോ വേദക്കാരനോ അല്ലാത്ത ബഹുദൈവ വിശ്വാസിയോ നിരീശ്വരവാദിയോ അറുത്തത് നിഷിദ്ധമാണ്. ഒരു നാട്ടിലെ ബഹുഭൂരിപക്ഷം താമസക്കാരും മുസ്‌ലിംകളോ വേദക്കാരോ അല്ലാത്ത നാടുകളിലെ ഭക്ഷണ ശാലകളും കടകളും ഈ വിധിയുടെ പരിധിയിൽ വരുന്നു.

2. മുസ്‌ലിമോ വേദക്കാരനോ മത നിയമാനുസൃതമായി അറുത്തത് അനുവദനീയമാണെന്ന് ഖുർആന്റെ അടിസ്ഥാനത്തിൽ വ്യക്തമാണ്.

3. മുസ്‌ലിമോ വേദക്കാരനോ ആണെങ്കിലും മത നിയമാനുസൃതമല്ലാതെ ഷോക്കടിപ്പിച്ചോ വെള്ളത്തിൽ മുക്കിയോ കൊന്നത് നിഷിദ്ധമാണ്.

4. അറവിന്റെ രീതി സ്ഥിതീകരിക്കൽ സാധ്യമല്ലെങ്കിലും ഭക്ഷണം കഴിക്കുന്ന സമയത്ത് ബിസ്മി ചൊല്ലാൻ ശ്രദ്ധിച്ചു കൊണ്ടാണെങ്കിൽ വേദക്കാരന്റെ ഭക്ഷണ ശാലകളിലും കടകളിലും ലഭിക്കുന്ന അവന്റെ അറവ് മാംസം അനുവദനീയമാണെന്നതാണ് അതിന്റെ അടിസ്ഥാന നിയമം. എങ്കിലും, ഹലാലാണെന്ന് സ്ഥിതീകരിക്കാൻ സാധിക്കാത്ത മാസം കഴിക്കാതിരിക്കലാണ് മുസ്‌ലിമിന് ഏറ്റവും അഭികാമ്യം.

### ചർച്ച ചെയ്യുക

നിങ്ങളുടെ രാജ്യത്ത് ഹലാൽ ആയ ഭക്ഷണം ലഭിക്കാൻ സഹായിക്കുന്ന ചില സ്ഥലങ്ങൾ നിങ്ങളുടെ കൂട്ടുകാരുമായി ചർച്ച ചെയ്യുക.

...........................................................................................

...........................................................................................

...........................................................................................

...........................................................................................



കടകളിലും റെസ്റ്റോറന്റുകളിലും വിൽക്കുന്ന അറവ് മാംസത്തിന്റെ വിധികൾ അറവ് ചെയ്ത വ്യക്തിയുടെ മതം അനുസരിച്ച് വ്യത്യാസപ്പെടുന്നു.

## മൂല്യ നിർണയ ചോദ്യങ്ങൾ

**1** നിഷിദ്ധമായ ഭക്ഷണങ്ങളെ കുറിച്ച് ആലോചിച്ച് അത് നിഷിദ്ധമാക്കിയതിന് പിന്നിലെ യുക്തിയെ കുറിച്ച് ചിന്തിക്കുക.

..........................................................................................

..........................................................................................

..........................................................................................

..........................................................................................

..........................................................................................

..........................................................................................

..........................................................................................

**2** ജൂതനോ കൃസ്ത്യാനിയോ (വേദക്കാർ) അറുത്തത് അത് അല്ലാഹുവിന്റെ നാമം സ്മരിക്കാതെ ആണെങ്കിൽ പോലും അത് കഴിക്കൽ അനുവദനീയമാണ്.

○ ശരി ○ തെറ്റ്

ഷോക്കടിപ്പിച്ചത് മൂലം മരണപ്പെട്ട മൃഗത്തിന്റെ മാംസം കഴിക്കൽ അനുവദനീയമാണ്.

○ ശരി ○ തെറ്റ്



# പാഠം 3

# സാമ്പത്തിക ഇടപാടുകൾ

## ആമുഖം

മനുഷ്യജീവിതത്തിന്റെ എല്ലാ വശങ്ങളെയും ഉൾക്കൊള്ളുന്നു എന്നതാണ് ഇസ്‌ലാമിന്റെ മഹത്വങ്ങളിലൊന്ന്. ആളുകൾക്കിടയിലുള്ള പരസ്പര ഇടപാടുകൾ വ്യവസ്ഥാപിതമാക്കുന്നതിനും അവരുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനും അവരിൽ ആർക്കെങ്കിലും അനീതി സംഭവിക്കുന്നത് തടയുന്നതിനുമുള്ള ഇസ്‌ലാമിന്റെ പരിഗണനയും ഇതിൽ പെടുന്നു. ഈ പരിഗണനയുടെ അനിവാര്യതകളിൽ പെട്ടതാണ്: ആളുകൾക്കിടയിലുള്ള സാമ്പത്തിക ഇടപാടുകളിലെ വിധികൾ വ്യക്തമാക്കുന്ന നിയമങ്ങളും വ്യവസ്ഥകളും കൊണ്ടുവരിക എന്നത്. സാമ്പത്തിക വിധികളെ കുറിച്ചും അവയിൽ ചിലത് നിഷിദ്ധമാകാനുള്ള കാരണങ്ങളെ കുറിച്ചും ഈ പാഠഭാഗത്തിൽ നമുക്ക് മനസിലാക്കാം.

## എന്താണ് സാമ്പത്തിക ഇടപാടുകൾ ?

സാമ്പത്തിക ഇടപാടുകൾ: സമ്പത്ത് ക്രയവിക്രയം ചെയ്യുന്ന എല്ലാ ഇടപാടുകളും ഇതിൽ ഉൾപ്പെടുന്നു. കച്ചവടം പോലെ ഒരു സ്വത്തിന് മറ്റൊരു സ്വത്ത് പകരമായി നൽകുന്നതും വാടക പോലെ ഒരു സ്വത്തിന് വേറൊരു സ്വത്തിന്റെ ഉപകാരം പകരമായി നൽകുന്നതും സമ്മാനം പോലെ ഒന്നും പകരമായി നൽകാത്തതുമെല്ലാം ഇതിന്റെ പരിധിയിൽ വരുന്നു.

## സാമ്പത്തിക ഇടപാടുകളുടെ അടിസ്ഥാന വിധി:

സാമ്പത്തിക ഇടപാടുകളുടെ അടിസ്ഥാന വിധി അനുവദനീയം എന്നതാണ്. വിശുദ്ധ ഖുർആനിലോ തിരുസുന്നത്തിലോ നിഷിദ്ധമായി പഠിപ്പിക്കപ്പെട്ടതല്ലാതെ നിഷിദ്ധമാകുന്നില്ല.

ദൈനം ദിന ജീവിത ഇടപെടലുകളിലെ മൊത്തത്തിലുള്ള അടിസ്ഥാന വിധി എല്ലാം അനുവദനീയമെന്നാണ്. അതിൽ പെട്ടതാണ് സാമ്പത്തിക ഇടപാടുകളും. അതിൽ പ്രമാണത്തിൽ പ്രത്യേകം നിഷിദ്ധമായി പഠിപ്പിച്ചത് മാത്രമാണ് നിഷിദ്ധമാവുക. എന്നാൽ ആരാധകൾ നേരെ തിരിച്ചാണ്. ആരാധകളുടെ അടിസ്ഥാന നിയമം അത് ഇല്ല എന്നതാണ്. പ്രമാണത്തിൽ പ്രത്യേകം പഠിപ്പിച്ചത് മാത്രമാണ് നിർവഹിക്കേണ്ടത്.

## നിഷിദ്ധമായ സാമ്പത്തിക ഇടപാടുകൾ:

**ചില സാമ്പത്തിക ഇടപാടുകൾ അല്ലാഹു നിഷിദ്ധമാക്കിയിട്ടുണ്ട്. അവയിൽ പെട്ടതാണ്;**

- ജനങ്ങളുടെ പണം നിയമവിരുദ്ധമായി കൈക്കലാക്കുക, ചതിയിലൂടെയോ ബലപ്രയോഗത്തിലൂടെയോ എടുക്കുന്നത് പോലെ.
- രണ്ട് ഇടപാടുകാരിലൊരാൾക്ക് തൃപ്തിയില്ലാത്ത ഇടപാടിലേക്ക് അയാളെ നിർബന്ധിക്കുക.
- മദ്യവും മയക്കുമരുന്നും പോലെ മനുഷ്യന്റെ ആരോഗ്യത്തിന് ഹാനികരമായ വസ്തുക്കളുടെ കച്ചവടം.
- പലിശ, ഇടപാട് നടത്തിയ പണത്തിന്റെ നിശ്ചിത ശതമാനം വർധിപ്പിക്കുക എന്ന വ്യവസ്ഥയിൽ പണം കടം കൊടുക്കുക, ഉദാഹരണത്തിന്, 5% വർധനവ്.
- എന്താണെന്ന് അറിയാത്ത സാധനം വിൽക്കുക, ഉള്ളിൽ എന്താണെന്ന് അറിയാതെ പെട്ടി വിൽക്കുന്ന പോലെ.
- വിജയിക്കുന്നവൻ അന്യായമായി തോറ്റയാളുടെ പണം കൈക്കലാക്കുന്ന ചൂതാട്ടവും വാതുവെപ്പും പോലെയുള്ളവ.

## സാമ്പത്തിക ഇടപാടുകൾ നിഷിദ്ധമാക്കാനുണ്ടായ കാരണങ്ങൾ:

**സാമ്പത്തിക ഇടപാടുകൾ നിഷിദ്ധമാക്കുന്നതിലേക്ക് നയിച്ച പ്രധാനപ്പെട്ട കാരണങ്ങൾ ഇവയാണ്;**




### ചർച്ച ചെയ്യുക

ഒരു മുസ്‌ലിം തന്റെ ജീവിതത്തിൽ ഇടപെടുന്ന വലിയ സാമ്പത്തിക ഇടപാടുകളുടെ വെളിച്ചത്തിൽ, അതിലെ അനുവദനീയവും നിഷിദ്ധവും ഏതാണെന്ന് അയാൾക്ക് എങ്ങനെ ശ്രദ്ധിക്കാനാകും?

..........................................................................................

..........................................................................................

..........................................................................................

..........................................................................................

..........................................................................................

..........................................................................................

..........................................................................................

## അഭ്യാസം

**താഴെ കൊടുത്തിരിക്കുന്ന കാര്യങ്ങളെ അവയുടെ അനുയോജ്യമായ ഇടത്ത് പുനഃക്രമീകരിക്കുക:**

- മദ്യ കച്ചവടം
- കൈക്കൂലി
- ഓൺലൈനിൽ വസ്ത്രങ്ങൾ വാങ്ങൽ
- ഹാനികരമായ വസ്തുക്കളുടെ കച്ചവടം
- 10% അധികമായി തിരിച്ച് നൽകണമെന്ന വ്യവസ്ഥയിൽ ഒരാൾക്ക് പണം കടം കൊടുക്കുക
- കുടി വെള്ളം വിൽക്കുക
- പങ്കെടുക്കുന്നവർ പണമടക്കുകയും വിജയിക്കുന്നവൻ ആ പണമെല്ലാം കരസ്ഥമാക്കുകയും ചെയ്യുന്ന നിലക്കുള്ള മത്സരങ്ങൾ

അനുവദനീയമായ ഇടപാടുകൾ :

നിഷിദ്ധമായ ഇടപാടുകൾ:



**ഇസ്‌ലാം ഏറ്റവും കഠിനമായി വിരോധിച്ച സാമ്പത്തിക ഇടപാടുകളിലൊന്നാണ് പലിശ. അത് വലിയ പാപമായി എണ്ണപ്പെടുകയും അതിന്റെ ഇടപാടുകാർക്ക് അല്ലാഹു കഠിനമായ ശിക്ഷ വാഗ്ദാനം ചെയ്യുകയും ചെയ്യുന്നു.**

**1** നിഷിദ്ധമായ സാമ്പത്തിക ഇടപാടുകളെ കുറിച്ച് ആലോചിച്ച് അത് നിഷിദ്ധമാക്കിയതിന് പിന്നിലെ യുക്തിയെ കുറിച്ച് വിശകലനം ചെയ്യുക.

..............................................................................................................................

..............................................................................................................................

..............................................................................................................................

..............................................................................................................................

..............................................................................................................................

..............................................................................................................................

..............................................................................................................................

**2** ഇരു കക്ഷികളും തൃപ്തരാണെങ്കിൽ ചൂതാട്ടം അനുവദനീയമാണ്.

◯ ശരി ◯ തെറ്റ്

ആവശ്യക്കാരനാണെങ്കിൽ പലിശക്ക് കടം വാങ്ങുന്നത് മുസ്‌ലിമിന് അനുവദനീയമാണ്.

◯ ശരി ◯ തെറ്റ്



# പാഠം 4

# സൽസ്വഭാവം

## ആമുഖം

നല്ല സ്വഭാവം കാത്ത്സൂക്ഷിക്കാൻ ഇസ്‌ലാം പ്രേരിപ്പിക്കുന്നു. ധാരാളം ഹദീസുകളിലൂടെ നബി(സ) സൽ സ്വഭാവത്തിന്റെ പ്രാധാന്യത്തിലേക്ക് വഴികാണിച്ചിട്ടുണ്ട്. ഒരു മുസ്‌ലിം നിർവഹിക്കുന്ന ധാരാളം ആരാധനകളെയും സൽ സ്വഭാവത്തെയും തമ്മിൽ അവിടുന്ന് താരതമ്യപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. നല്ല സ്വഭാവമുള്ള മുസ്‌ലിമിന് ഇഹലോകത്തും പരലോകത്തും മഹത്തായ പ്രതിഫലം വാഗ്ദാനം ചെയ്യപ്പെട്ടിട്ടുണ്ട്. ഇസ്‌ലാമിൽ സൽസ്വഭാവത്തിന്റെ പ്രാധാന്യവും അതിന്റെ ചില ശ്രേഷ്ഠതകളും ഈ പാഠത്തിൽ നമുക്ക് മനസിലാക്കാം.

## സൽസ്വഭാവം ഇസ്‌ലാമിൽ:

- സൽസ്വഭാവത്തിന് ഇസ്‌ലാമിൽ വളരെ മഹത്തായ സ്ഥാനമാണ് ഉള്ളത്.
- അത് ഇസ്‌ലാമിക മത നിയമം മുന്നോട്ട് വെക്കുന്ന ശരീഅത്തിന്റെ താത്പര്യങ്ങളി (മഖാസിദുശ്ശരീഅ)ൽ പെട്ടതും നബി(സ)യുടെ നിയോഗ ലക്ഷ്യങ്ങളിൽ ഉൾപെട്ടതുമാണ്. സൽസ്വഭാവം വിശ്വാസവുമായി ശക്തമായി ബന്ധപ്പെട്ടിരിക്കുന്നു, വിശ്വാസികളിൽ ഏറ്റവും നല്ല സ്വഭാവത്തിനുടമയാണ് വിശ്വാസം ഏറ്റവും പൂർണമായവൻ.
- ഒരു ദാസന് തന്റെ നമസ്കാരത്തിനും നോമ്പിനും പ്രതിഫലം നൽകപ്പെടുന്നത് പോലെ തന്റെ സൽസ്വഭാവത്തിനും പ്രതിഫലം നൽകപ്പെടും.

## ചർച്ച ചെയ്യുക

ഒരു മുസ്‌ലിമിന്റെ മറ്റുള്ളവരോടുള്ള പെരുമാറ്റം എങ്ങനെയായിരിക്കണം?
ഈ സ്വഭാവഗുണത്തിന് ഇസ്‌ലാമിനെക്കുറിച്ചുള്ള അവരുടെ ധാരണയിൽ സ്വാധീനമുണ്ടാക്കാനാകുമോ?

.......................................................................................

.......................................................................................

.......................................................................................

## സൽസ്വഭാവത്തിന്റെ ശ്രേഷ്ഠത:

- ആളുകളെ സ്വർഗത്തിൽ പ്രവേശിപ്പിക്കപ്പെടുന്ന ഏറ്റവും പ്രധാനപ്പെട്ട കാര്യങ്ങൾ തഖ്‌വയും (ദൈവഭയം) സൽസ്വഭാവവുമാണെന്ന് നബി(സ) നമുക്ക് അറിയിച്ച് തന്നിട്ടുണ്ട്.
- അന്ത്യനാളിൽ ഒരാളുടെ തുലാസിൽ ഏറ്റവും കനം തൂങ്ങുന്ന സൽകർമം സൽസ്വഭാവമാണെന്ന് നബി(സ) നമ്മെ പഠിപ്പിച്ചു.
- വിശ്വാസികളിൽ ഏറ്റവും നല്ല സ്വഭാവത്തിനുടമകൾക്കാണ് അന്ത്യനാളിൽ നബി(സ) യോട് ഏറ്റവും അടുത്ത സ്ഥാനം ലഭിക്കുകയെന്ന് നബി(സ) അറിയിച്ച് തന്നു.

തുലാസ് (മീസാൻ): അന്ത്യ നാളിലാണ് ഇത് സംഭവിക്കുക, ഒരു വ്യക്തിയുടെ സൽകർമ്മങ്ങളും തിന്മകളും ഒരു പ്രത്യേക തുലാസിൽ തൂക്കിനോക്കും, അതിന്റെ ആകൃതിയും വലുപ്പവും ആർക്കും അറിയുകയില്ല, ആരുടെ നല്ല പ്രവൃത്തികൾ കനം കൂടിയോ അവൻ സ്വർഗത്തിൽ പ്രവേശിക്കും, ആരുടെ തിന്മകൾ കനം കൂടിയോ അവൻ നരകത്തിൽ പ്രവേശിക്കും.

### അഭ്യാസം

**താഴെ കൊടുത്തിരിക്കുന്ന വാചകങ്ങൾ അവയുടെ അനുയോജ്യമായ സ്ഥാനത്ത് പുനഃക്രമീകരിക്കുക:**

- ഖുഷൂഅ് (ഭയഭക്തി).
- ഒരു മുസ്‌ലിമിന്റെ മുഖത്ത് വിരിയുന്ന പുഞ്ചിരി.
- വഴിയിലെ തടസങ്ങൾ നീക്കൽ.
- സത്യസന്ധത.
- റജാഅ് (പ്രതീക്ഷ).
- മറ്റുള്ളവരെ സഹായിക്കൽ.
- നന്മയിലുള്ള പരസ്പര സഹകരണം.

സൽസ്വഭാവത്തിൽ പെട്ടത്:

ആന്തരിക (ഹൃദയത്തിന്റെ) ആരാധനകളിൽ പെട്ടത്:

## ഇസ്‌ലാമിൽ നൈതികത സാധ്യമാകേണ്ട മേഖലകൾ:

ഇസ്‌ലാമിൽ നൈതികത സാധ്യമാക്കേണ്ടത് ഏതെങ്കിലുമൊരു മേഖലയിൽ മാത്രമല്ല, മറിച്ച് ഒരുപാട് മേഖലകളിൽ അത് നാം പാലിക്കേണ്ടതുണ്ട്. അവ;

- അല്ലാഹുവിനോടുള്ള നൈതികത; അവനോടുള്ള ഭയഭക്തിയും നിഷ്കളങ്കതയും.
- നബി(സ)യോടുള്ള നൈതികത; അവിടുത്തോടുള്ള സ്നേഹം, ആദരവ്, ശരീരം കൊണ്ടും സമ്പത്ത് കൊണ്ടുമുള്ള സഹായം തുടങ്ങിയവ.
- ഇസ്‌ലാമിക മതനിയമങ്ങളോടുള്ള നൈതികത; മത നിയമനങ്ങൾക്ക് കീഴ്പ്പെടുകയും അവയെ ആദരിക്കുകയും ചെയ്ത് കൊണ്ട്.
- സ്വന്തത്തോടുള്ള നൈതികത; ക്ഷമയും സഹനവും കൈകൊള്ളുക.
- മറ്റുള്ളവരോടുള്ള നൈതികത; സത്യസന്ധതയും വിശ്വസ്തതയും പാലിക്കുക.
- ജീവജാലങ്ങളോടുള്ള നൈതികത; അവയെ പരിപാലിക്കുക, ഉപദ്രവിക്കാതിരിക്കുക.
- പ്രകൃതിയോടുള്ള നൈതികത; അതിനെ സംരക്ഷിക്കുക, മരങ്ങളും ചെടികളും നട്ടുപിടിപ്പിക്കുക, അതിന്റെ വിഭവങ്ങൾ ഉപയോഗിക്കുമ്പോൾ ദുർവ്യയം നടത്തി പാഴാക്കാതിരിക്കുക എന്നിങ്ങനെ.

**വിശദമായ പഠനത്തിന്**

**ഇസ്‌ലാമിലെ സൽസ്വഭാവത്തെ കുറിച്ചും അതിന്റെ ശ്രേഷ്ഠതകളെ കുറിച്ചും മനുഷ്യർക്കിടയിൽ അതിന്റെ സ്ഥാനത്തെ കുറിച്ചും കൂടുതൽ മനസ്സിലാക്കാൻ ഉസൂൽ സ്റ്റോറിൽ വിവിധ ലോക ഭാഷകളിൽ ലഭ്യമായ "ഇസ്‌ലാം സമാധാനത്തിന്റെ മതം" എന്ന പുസ്തകം വായിക്കുക.**

പുസ്തകം ഡൗൺലോഡ് ചെയ്യാൻ QR കോഡ് സ്കാൻ ചെയ്യുക.



ഇസ്‌ലാമിലെ നൈതികത മനുഷ്യരുമായുള്ള ഇടപെടലിൽ മാത്രം പരിമിതമല്ല, മൃഗങ്ങളോടും പരിസ്ഥിതിയോടുമുള്ള ഇടപെടലുകളിലും അത് വ്യാപിച്ച് കിടക്കുന്നു.

# മൂല്യ നിർണയ ചോദ്യങ്ങൾ

**1** The beauties of Islam എന്ന വീഡിയോ കണ്ട ശേഷം മനുഷ്യന്റെ ആത്മീയവും ധാർമ്മികവുമായ ആവശ്യങ്ങൾ ഇസ്‌ലാം എത്രത്തോളം നിറവേറ്റുന്നു എന്ന് വിവരിക്കുക.

വീഡിയോ കാണാൻ ഈ QR കോഡ് സ്കാൻ ചെയ്യുക

..........................................................................................

..........................................................................................

..........................................................................................

..........................................................................................

..........................................................................................

**2** സൽ സ്വഭാവത്തിന്റെ ശ്രേഷ്ഠത തെളിയിക്കുന്ന ഒരു ഹദീസ് എഴുതുക.

..........................................................................................

..........................................................................................

..........................................................................................

..........................................................................................

..........................................................................................

**3** ഇസ്‌ലാമിലെ നൈതികത മനുഷ്യരുമായുള്ള ഇടപെടലിൽ മാത്രം പരിമിതമല്ല, മൃഗങ്ങളോടും പരിസ്ഥിതിയോടുമുള്ള ഇടപെടലുകളിലും അത് വ്യാപിച്ച് കിടക്കുന്നു.

○ ശരി　　○ തെറ്റ്

# സ്വയ മൂല്യനിർണയം

| | പഠന ലക്ഷ്യം | മൂല്യനിർണ്ണയ ഘട്ടം | | | |
|---|---|---|---|---|---|
| | | ഇല്ല | ദുർബലം | നല്ലത് | വളരെ മികച്ചത് |
| 1 | വസ്ത്രത്തിന്റെ അടിസ്ഥാന വിധി വിശദീകരിക്കാമോ? | | | | |
| 2 | നിഷിദ്ധമാക്കപ്പെട്ട വസ്ത്രങ്ങളെ കുറിച്ച് നിങ്ങൾക്ക് അറിയാമോ? | | | | |
| 3 | ഭക്ഷണപാനീയങ്ങളുടെ അടിസ്ഥാന വിധി എന്താണെന്ന് നിങ്ങൾക്കറിയാമോ? | | | | |
| 4 | നിഷിദ്ധമായ ഭക്ഷണങ്ങളെക്കുറിച്ച് നിങ്ങൾക്ക് അറിയാമോ? | | | | |
| 5 | നിഷിദ്ധമായ പാനീയങ്ങളെക്കുറിച്ച് നിങ്ങൾക്ക് അറിയാമോ? | | | | |
| 6 | സാമ്പത്തിക ഇടപാടുകളുടെ അടിസ്ഥാന വിധി എന്താണെന്ന് നിങ്ങൾ പഠിച്ചിട്ടുണ്ടോ? | | | | |
| 7 | നിഷിദ്ധമായ സാമ്പത്തിക ഇടപാടുകളെക്കുറിച്ച് നിങ്ങൾക്ക് അറിയാമോ? | | | | |
| 8 | ഇസ്ലാം മതത്തിന്റെ എളുപ്പവും സഹിഷ്ണുതയും നിങ്ങൾക്ക് അനുഭവപ്പെടുന്നുണ്ടോ? | | | | |

# ഉപസംഹാരം

**ഉപസംഹാരമായി, പുതു മുസ്‌ലിംകളോട് താഴെ പറയുന്ന കാര്യങ്ങൾ ഞങ്ങൾ ശുപാർശ ചെയ്യുന്നു:**

- തനിക്ക് ആവശ്യമുള്ള മതകാര്യങ്ങൾ പഠിക്കാൻ അതിയായ താത്പര്യം കാണിക്കണം. പണ്ഡിതന്മാർ, പ്രബോധകർ, പുസ്തകങ്ങൾ, മറ്റ് അവലംബങ്ങൾ, ഓഡിയോ വീഡിയോ ഫയലുകൾ എന്നിങ്ങനെ വിശ്വസനീയമായ സ്രോതസിൽ നിന്ന് തന്നെ അവ നേടാൻ പരിശ്രമിക്കണം.
- പഠിച്ചതനുസരിച്ച് പ്രവർത്തിക്കുക. താൻ കരസ്ഥമാക്കിയ ഉപകാര പ്രദമായ അറിവ് അനുസരിച്ച് പ്രവർത്തിക്കൽ ഓരോ മുസ്‌ലിമിനും നിർബന്ധമാണ്.
- അറിവിലും പ്രവർത്തനത്തിലും ക്രമാനുഗതമായി ഉയർച്ച നേടുക. അറിവ് നേടൽ, സൽസ്വഭാവം പാലിക്കൽ, ആരാധനാ കർമങ്ങൾ നിർവഹിക്കൽ എന്നീ കാര്യങ്ങളൊന്നും ഒരു മനുഷ്യന് ഒറ്റയടിക്ക് നേടിയെടുക്കാൻ സാധിക്കില്ല. മറിച്ച് ഘട്ടം ഘട്ടമായി മാത്രമേ അവ നേടിയെടുക്കാനാവൂ.
- ഇച്ഛകളും സംശയങ്ങളും തുടങ്ങി വിശ്വാസത്തെ ദോഷകരമായി ബാധിക്കുന്ന എല്ലാ കാര്യങ്ങളെ തൊട്ടും അകന്ന് നിൽക്കുക.
- സത്യമാർഗത്തിലേക്ക് വഴി നടത്താനും സത്യവും അസത്യവും വേർതിരിച്ച് കാണിക്കാനും നിരന്തരമായി അല്ലാഹുവോട് തേടുക.
- ഇസ്‌ലാമിക വിധി വിലക്കുകൾ ഒരാളുടെ കഴിവുമായി ബന്ധപ്പെട്ടിരിക്കുന്നു. അത് കൊണ്ട് തനിക്ക് സാധിക്കുന്നത് ചെയ്യുക, കഴിയാത്ത കാര്യത്തിന് ശരീരത്തെ നിർബന്ധിക്കേണ്ടതില്ല.
- തനിക്ക് വിശ്വാസവും നന്മയും വർധിക്കാൻ ഇടയാക്കുന്ന നല്ലവരായ മുസ്‌ലിംകളുമായി സഹവസിക്കാൻ ഉത്സാഹിക്കുക. അതല്ലാത്ത ഇച്ഛയുടെയും സംശയത്തിന്റെയും ആളുകളുമായുള്ള കൂട്ടുകെട്ട് ഒഴിവാക്കുകയും ചെയ്യുക.

# ഫൈനൽ പരീക്ഷ

പേര്

ആകെ മാർക്ക്: /40 മാർക്ക്

**a. ശരിയായ ഉത്തരം തിരഞ്ഞെടുക്കുക:** 15 മാർക്ക്

**1** മനുഷ്യനിൽ അല്ലാഹു സാദൃശ്യമുണ്ടാക്കിയത് ആരോടാണ്?

- ○ മലക്കുകൾ
- ○ പിശാചുക്കൾ
- ○ മൃഗങ്ങൾ
- ○ മേൽ പറഞ്ഞവയെല്ലാം

**2** മനുഷ്യ സൃഷ്ടിപ്പ് ആരംഭിച്ചത് എന്തിൽ നിന്ന്?

- ○ വെള്ളം
- ○ കളിമണ്ണ്
- ○ തീ
- ○ കല്ല്

**3** മനുഷ്യ കുലം അതിന്റെ പിതാവിന്റെ വംശപരമ്പരയിൽ നിന്നാണ് ഉണ്ടായതെന്ന് ഇസ്ലാം പറയുന്നു. ഏതാണാ പിതാവ് ?

- ○ ഇബ്റാഹീം (അ)
- ○ ഈസ(അ)
- ○ ആദം(അ)
- ○ മുഹമ്മദ് (സ)

**4** ഒരു മനുഷ്യൻ മരണപ്പെട്ട് കഴിഞ്ഞാൽ അവന് ആരംഭിക്കുന്ന ഘട്ടം ?

- ○ പ്രവർത്തനങ്ങളും പരീക്ഷണങ്ങളും
- ○ പ്രതിഫലവും വിചാരണയും
- ○ ഇല്ലായ്മയും നാശവും
- ○ മേൽ പറഞ്ഞവയെല്ലാം

**5** മുഹമ്മദ് നബി(സ) യുടെ നിയോഗത്തിന് ശേഷം അല്ലാഹു ഒരു മതമല്ലാതെ മനുഷ്യരിൽ നിന്നും സ്വീകരിക്കുകയില്ല. എന്താണത് ?

- ○ ജൂതമതം
- ○ കൃസ്തുമതം
- ○ ഇസ്ലാം മതം
- ○ ഹിന്ദുമതം

**6** ഇസ്ലാം കാര്യങ്ങൾ എത്ര?

- ○ 3
- ○ 4
- ○ 5
- ○ 6

**7** ഒന്നൊഴികെ എല്ലാ പാപങ്ങളും അല്ലാഹു ഉദ്ദേശിച്ചാൽ പൊറുത്തു കൊടുക്കുമെന്ന് ഖുർആനിലൂടെ അല്ലാഹു പറഞ്ഞു തന്നു. ഏതാണ് അല്ലാഹു പൊറുക്കാത്ത ആ ഒരു പാപം ?

- ◯ കൊലപാതകം
- ◯ മോഷണം
- ◯ അല്ലാഹുവിൽ പങ്ക് ചേർക്കൽ
- ◯ കളവ്

**8** അല്ലാഹുവിന്റെ ഗ്രന്ഥത്തിൽ നിന്നും പാരായണം ചെയ്യുന്ന ഓരോ അക്ഷരത്തിനും ഒരു മുസ്‌ലിമിന് ലഭിക്കുന്നത്?

- ◯ ഒരു നന്മ
- ◯ രണ്ട് നന്മകൾ
- ◯ ഏഴ് നന്മകൾ
- ◯ പത്ത് നന്മകൾ

**9** ഖുർആനിന്റെ പേരുകളിൽ പെട്ടത്:

- ◯ ദിക്ർ
- ◯ അൽ ഫുർഖാൻ
- ◯ അൽ കിതാബ്
- ◯ മേൽ പറഞ്ഞവയെല്ലാം

**10** 'അവന്ന് തുല്യനായി ആരും ഇല്ലതാനും' എന്ന ആയത്തിൽ 'തുല്യൻ' എന്നതിന്റെ ആശയം:

- ◯ പൂർണമായവൻ
- ◯ ആരാധ്യൻ
- ◯ അവനെ പോലെയുള്ളവൻ
- ◯ ഏകൻ

**11** സൂറത്തുൽ ഫലഖിന്റെ ആദ്യ ആയത്തിലെ ഫലഖ് എന്ന പദത്തിന്റെ അർത്ഥമെന്താണ്?

- ◯ രാത്രി ഇരുട്ട് മൂടുക
- ◯ ചന്ദ്രൻ ഉദിക്കുക
- ◯ പ്രഭാതം പൊട്ടി വിടരുക
- ◯ സൂര്യൻ നീങ്ങുക

**12** സൂറത്തുന്നാസിന്റെ ആദ്യ ആയത്തിലെ (ഞാൻ രക്ഷ തേടുന്നു) എന്ന വാക്കിന്റെ ആശയമെന്താണ്?

- ◯ അഭയം തേടുകയും അവനെ മുറുകെ പിടിക്കുകയും ചെയ്യുന്നു
- ◯ ആരാധിക്കുകയും സാമിപ്യം തേടുകയും ചെയ്യുന്നു
- ◯ മഹത്വപ്പെടുത്തുകയും സ്മരിക്കുകയും ചെയ്യുന്നു
- ◯ കീഴൊതുങ്ങുകയും സമർപ്പിക്കുകയും ചെയ്യുന്നു.

**13** 'ദുർബോധനം നടത്തുന്നവരുടെ തിന്മയിൽ നിന്നും' എന്ന ആയത്തിൽ 'ദുർബോധനം നടത്തുന്നവർ' എന്ന് ഉദ്ദേശിക്കുന്നത് ആരെ കുറിച്ചാണ്?

- ◯ മാരണക്കാരൻ
- ◯ അസൂയാലു
- ◯ പിശാച്
- ◯ സത്യനിഷേധി

**14** 'തീർച്ചയായും നിന്നോട് വിദ്വേഷം വെച്ച് പുലർത്തുന്നവൻ തന്നെയാകുന്നു വാലറ്റവൻ' എന്ന ആയത്തിലെ 'വിദ്വേഷം വെച്ച് പുലർത്തുന്നവൻ' എന്ന വാക്കിന്റെ ആശയമെന്താണ്?

- ◯ വെറുക്കുന്നവൻ
- ◯ ഇഷ്ടപ്പെടുന്നവൻ
- ◯ വിശ്വസിക്കുന്നവൻ
- ◯ എതിർക്കുന്നവൻ

**15** ശരീരത്തിന്റെ (ബാഹ്യമായ) ആരാധനയിൽ പെട്ടതാണ്?

- ◯ സ്നേഹം
- ◯ പ്രതീക്ഷ
- ◯ നമസ്കാരം
- ◯ മേൽ പറഞ്ഞവയെല്ലാം

**b. താഴെ കൊടുത്തിരിക്കുന്ന കാര്യങ്ങളെ അവക്ക് യോജിച്ച കോളത്തിൽ ക്രമീകരിക്കുക:** **8 മാർക്ക്**

- ത്വവാഫ്
- നമസ്കാരം
- ഭക്ഷണം കഴിക്കൽ
- ഖിബ്‌ലക്ക് മുന്നിടൽ
- മൂത്രമൊഴിക്കുക
- ഔറത്ത് മറക്കുക
- വെള്ളം കുടിക്കുക
- ഉറക്കം

**വുദു നിർബന്ധമായ കാര്യങ്ങൾ:**

**നമസ്കാരത്തിന്റെ നിബന്ധനകൾ:**

**ശുദ്ധി മുറിയുന്ന കാര്യങ്ങൾ:**

**നോമ്പ് മുറിയുന്ന കാര്യങ്ങൾ:**

**c.** താഴെ കൊടുത്തിരിക്കുന്ന വുദുവിന്റെ കർമങ്ങൾ അവയുടെ ക്രമം അനുസരിച്ച് ക്രമീകരിക്കുക:

6 മാർക്ക്

| | | | | | |
|---|---|---|---|---|---|
| തല തടവുക | ഇരു കൈകളും കഴുകുക | മുഖം കഴുകുക | ഇരു കാൽപാദങ്ങളും കഴുകുക | ചെവികൾ തടവുക | വായ കൊപ്ലിക്കലും മൂക്കിൽ വെള്ളം കയറ്റി ചീറ്റലും |

1
2
3
4
5
6

**d.** താഴെ കൊടുത്തിരിക്കുന്ന നമസ്കാരത്തിന്റെ കർമങ്ങൾ അവയുടെ ക്രമം അനുസരിച്ച് ക്രമീകരിക്കുക:

6 മാർക്ക്

| | | | | | |
|---|---|---|---|---|---|
| ഫാത്തിഹ പാരായണം ചെയ്യുക | റുകൂഅ് | തക്ബീറത്തുൽ ഇഹ്റാം | സലാം വീട്ടുക | അത്തഹിയ്യാത്ത് ചൊല്ലുക | സുജൂദ് |

1
2
3
4
5
6

**e.** താഴെ കൊടുത്തിരിക്കുന്നതിൽ ശരിയായ വാക്യങ്ങൾക്ക് നേരെ (ശരി) അടയാളവും തെറ്റായ വാക്യങ്ങൾക്ക് നേരെ (തെറ്റ്) അടയാളവും രേഖപ്പെടുത്തുക:

5 മാർക്ക്

1. റമദാൻ മാസത്തിൽ മുസ്‌ലിംകൾ ഹജ്ജ് നിർവഹിക്കുന്നു.
2. മുസ്‌ലിം പുരുഷന്മാർക്ക് സ്വർണം ധരിക്കൽ നിഷിദ്ധമാണ്.
3. പന്നി മാംസം കഴിക്കൽ മുസ്ലിംകൾക്ക് അനുവദനീയമാണ്.
4. സാമ്പത്തിക ഇടപാടുകളിലെ അടിസ്ഥാന വിധി അത് അനുവദനീയമാണ് എന്നാണ്.
5. അന്ത്യനാളിൽ നബി(സ) യുമായി ഏറ്റവും സാമിപ്യം സിദ്ധിക്കുന്നത് വിശ്വാസികളിൽ ഏറ്റവും നല്ല സ്വഭാത്തിനുടമകളാണ്.

مركز أصول
OsoulCenter
www.osoulcenter.com

Malayalam - المليبارية

## ഈ പാഠ്യപദ്ധതി നിങ്ങൾക്കായി നൽകുന്നത് ;

1. ഇസ്ലാം മതത്തെക്കുറിച്ചും അതിന്റെ ഏറ്റവും പ്രധാനപ്പെട്ട വിഷയങ്ങളെക്കുറിച്ചും ഹൃസ്വ വിശദീകരണം.

2. വിശുദ്ധ ഖുർആനിനെ കുറിച്ച് പൊതുവായ ഒരു കാഴ്ചപ്പാട് നൽകുന്നതോടൊപ്പം ചില ചെറിയ സൂറത്തുകളുടെ അർത്ഥം വിശദീകരിക്കുകയും ചെയ്യുന്നു.

3. നിർബന്ധമായ ആരാധനകളുടെ വിധി വിലക്കുകളെ കുറിച്ചുള്ള ലഘു വിശദീകരണം.

4. ഇസ്‌ലാമിലെ ഇടപാടുകൾ, ആചാരങ്ങൾ, പെരുമാറ്റ രീതികൾ എന്നിവയുമായി ബന്ധപ്പെട്ടുള്ള ഏറ്റവും പ്രധാനപ്പെട്ട വിധികളുടെ ഹൃസ്വ വിശദീകരണം.

ഓരോ യുണിറ്റിനും ആറ് ദിവസങ്ങൾ ലഭിക്കുന്ന രൂപത്തിലുള്ള ഒരു പാഠ്യ പദ്ധതി പ്രകാരമാണ് ഇതിലെ യൂണിറ്റുകൾ വിഭജിക്കപ്പെട്ടിട്ടുള്ളത്, അതോടൊപ്പം ഓരോ പാഠത്തിന്റെയും ദൈർഘ്യവും നിശ്ചയിക്കപ്പെട്ടിട്ടുണ്ട്. ഓരോ യൂണിറ്റിന്റെയും അവസാനത്തെ മൂല്യനിർണ്ണയ ചോദ്യങ്ങൾക്ക് പുറമേ, പഠിതാവിന് വിവരങ്ങൾ മനഃപാഠമാക്കാനും മനസ്സിലാക്കാനും സഹായിക്കുന്ന നിരവധി പ്രവർത്തനങ്ങളും അഭ്യാസങ്ങളും ഉൾപ്പെടുന്ന ഒരു പഠന രീതിയിലാണ് കോഴ്സ് സംവിധാനിച്ചിട്ടുള്ളത്.


International Organization for Standardization ISO 9001

osoulcenter

www.osoulcontent.org.sa

ഉസൂൽ സ്റ്റോറിൽ നിന്നും ഈ പുസ്തകമോ മറ്റ് പുസ്തകങ്ങളോ ഡൗൺലോഡ് ചെയ്യാൻ:

OSOUL STORE

osoulstore.com